# പതിനഞ്ചാം കേരള നിയമസഭ

# എട്ടാം സമ്മേളനം

2023 മാർച്ച് 21, ചൊവ്വ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--307]**

| **മറുപടി നൽകുന്ന മന്ത്രിമാർ** | **ചോദ്യ നമ്പർ** |
|---|---|
| പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി | : 6582 മുതൽ 6706 വരെ |
| പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി | : 6707 മുതൽ 6796 വരെ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി | : 6797 മുതൽ 6883 വരെ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പ് മന്ത്രി | : 6884 മുതൽ 6888 വരെ |

**ജല ജീവൻ മിഷന്റെ പ്രവൃത്തി**

6582 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിൽ ചെർപ്പുളശ്ശേരി നഗരസഭയിലെ പന്നിയംകുറിശ്ശി-ഉൗതറോഡ് ബി.എം&ബി.സി. ചെയ്ത് അഭിവൃദ്ധിപ്പെടുത്തുന്നതിന്റെ പുരോഗതി അറിയിക്കാമോ;

(ബി) ഈ റോഡിൽ ജലജീവൻ മിഷന്റെ പ്രവൃത്തി ഇപ്പോൾ നടന്നുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

**ഭരണാനുമതി നൽകിയ നിർമ്മാണ പ്രവർത്തനങ്ങളുടെ വിവരങ്ങൾ**

6583 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പൊതുമരാമത്ത് വകുപ്പ് കിഫ്ബി ഉൾപ്പെടെയുള്ള ഫണ്ട് ഉപയോഗപ്പെടുത്തി ഇതേവരെ ഭരണാനുമതി നൽകിയിട്ടുള്ള പാലം, റോഡ്, കെട്ടിടം എന്നീ നിർമ്മാണ പ്രവർത്തനങ്ങളുടെ എണ്ണവും തുകയും വർഷം തിരിച്ച് ലഭ്യമാക്കാമോ;

(ബി) ബജറ്റിൽ അനുവദിച്ചതിനേക്കാൾ കൂടുതൽ തുകയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) ഇങ്ങനെ ഭരണാനുമതി നൽകിയവയിൽ എത്ര എണ്ണത്തിന്റെ നിർമ്മാണം ആരംഭിച്ചുവെന്നും എത്ര പദ്ധതികൾ പൂർത്തീകരിച്ചുവെന്നും ഇനിയും നിർമ്മാണം ആരംഭിക്കാത്തവ എത്രയെന്നും വെളിപ്പെടുത്താമോ;

(ഡി) ഭരണാനുമതി നൽകി മാസങ്ങൾ കഴിഞ്ഞാലും സാങ്കേതികാനുമതി ലഭിക്കാത്തതുമൂലം പ്രവൃത്തികൾ ആരംഭിക്കുവാൻ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഇതൊഴിവാക്കുന്നതിന് ഭരണാനുമതി ലഭിക്കുന്ന പ്രവൃത്തിയ്ക്ക് ഒരു പ്രത്യേക സമയപരിധി നിശ്ചയിച്ച് സാങ്കേതികാനുമതി നൽകുവാൻ നടപടി സ്വീകരിക്കുമോ; സാങ്കേതികാനുമതി നൽകിയാൽ ടെൻഡർ ചെയ്യുന്നതിനും സമയപരിധി നിശ്ചയിച്ച് നൽകുമോ; വ്യക്തമാക്കാമോ?

## തീരദേശ ഹൈവേ

6584 **ശ്രീമതി കെ.കെ.രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ ഹൈവേ പദ്ധതി പ്രകാരമുള്ള ഹൈവേ നിർമ്മാണം ആരംഭിച്ചത് എന്നാണ്; പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങളും പ്രഖ്യാപിത ലക്ഷ്യങ്ങളും എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) ആകെ എത്ര കിലോമീറ്റർ ദൈർഘ്യത്തിലാണ് പദ്ധതി പ്രകാരം ഹൈവേ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്നും ഇതിൽ എത്ര ദൂരമാണ് ഇതിനോടകം പൂർത്തിയാക്കിയിട്ടുള്ളതെന്നും വിശദമാക്കുമോ;

(സി) നിർദിഷ്ട ഹൈവേയിൽ ഓരോ 25-30 കിലോമീറ്റർ ഇടവേളകളിലും വേ-സൈഡ് അമിനിറ്റീസ് നിർമ്മിക്കുന്നതിന് പദ്ധതി വിഭാവനം ചെയ്തിരുന്നോ; എങ്കിൽ ഇത്തരത്തിലുള്ള എത്ര കേന്ദ്രങ്ങളാണ് ഇതിനോടകം നിർമ്മിച്ചിട്ടുള്ളത്; ഈ കേന്ദ്രങ്ങൾക്കായിട്ടുള്ള സ്ഥലമേറ്റെടുപ്പ് പൂർത്തിയായിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും പദ്ധതിയ്ക്കായുള്ള ഫണ്ടിംഗ് നടത്തുന്നത് ഏതൊക്കെ വകുപ്പുകളാണെന്നും തുകകളുടെ വിശദാംശം സഹിതം അറിയിക്കുമോ;

(ഇ) എത്ര റീച്ചുകളിലായാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നതെന്നും പദ്ധതിയുടെ എത്ര ശതമാനമാണ് ഇതിനോടകം പൂർത്തിയാക്കിയിട്ടുള്ളതെന്നും അറിയിക്കുമോ;

(എഫ്) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിൽ തടസ്സങ്ങളെന്തെങ്കിലും നിലവിലുണ്ടോയെന്നും ഇത് എന്നത്തേക്ക് നടപ്പാക്കാൻ കഴിയുമെന്നാണ് കരുതുന്നതെന്നും വിശദമാക്കുമോ?

## പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കുന്ന വികസന പദ്ധതികൾക്ക് ഭരണാനുമതി

6585 **ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. എൻ. കെ. അക്ബർ**
**ശ്രീ. ആന്റണി ജോൺ**
**ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കുന്ന വികസന പദ്ധതികൾക്ക് ആകെ എത്ര തുകയ്ക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ സംസ്ഥാനത്തെ റോഡുകൾ ബി.എം. & ബി.സി. നിലവാരത്തിലാക്കുന്നത് സംബന്ധിച്ച പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് റോഡ് നിർമ്മാണത്തിൽ വൈറ്റ് ടോപ്പിംഗ് സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നുണ്ടോ; വിശദമാക്കുമോ?

## പൈതൃക കെട്ടിടങ്ങൾ പുതുക്കി സംരക്ഷിച്ചുകൊണ്ടുള്ള നിർമ്മാണ രീതി

6586 **ശ്രീ .പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൈതൃക കെട്ടിടങ്ങളും തെരുവുകളും മറ്റും പൗരാണികത നില നിർത്തി കാലാനുസൃതമായി പുതുക്കുന്ന വിധത്തിലുള്ള നിർമ്മാണ രീതി വ്യാപകമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്തുമോ ?

## കിഫ്ബിയിൽ എസ്റ്റിമേറ്റ് സമർപ്പിക്കാത്ത പൊതുമരാമത്ത് പ്രവൃത്തികൾ

6587 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റിൽ ഫണ്ട് അനുവദിച്ചിട്ടും ധനകാര്യ അനുമതിയ്ക്കായി കിഫ്ബിയിൽ എസ്റ്റിമേറ്റ് സമർപ്പിക്കാത്ത എത്ര പൊതുമരാമത്ത് പ്രവൃത്തികളാണ് കോഴിക്കോട് ജില്ലയിൽ നിലവിലുള്ളത്;

(ബി) ആയതിന് കാലതാമസം നേരിട്ടതിന്റെ കാരണം വിശദമാക്കാമോ; പ്രസ്തുത പദ്ധതികളുടെ തുടർനടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

## സമയബന്ധിതമായി പണി പൂർത്തിയാക്കാത്ത കരാറുകാർ

6588 **ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ വിവിധ പ്രവൃത്തികൾക്കായി കരാറിൽ ഏർപ്പെട്ടശേഷം സമയബന്ധിതമായി ജോലി പൂർത്തീകരിക്കാത്ത കരാറുകാരുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇതുമൂലം സർക്കാരിനുണ്ടാകുന്ന നഷ്ടം ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കാൻ നിയമമുണ്ടോ; വ്യക്തമാക്കുമോ?

## കുന്ദമംഗലം റസ്റ്റ് ഹൗസ് നവീകരണം

6589 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 31.03.2022-ലെ ജി.ഒ. (ആർ.റ്റി.) നം.404/2022/പി.ഡബ്ല്യൂ.ഡി. സർക്കാർ ഉത്തരവ് പ്രകാരം കുന്ദമംഗലം റസ്റ്റ് ഹൗസ് നവീകരണത്തിന് എത്ര രൂപയുടെ

ഭരണാനുമതിയാണ് ലഭ്യമാക്കിയതെന്ന് വ്യക്തമാക്കാമോ;

(ബി) ഭരണാനുമതി ലഭ്യമാക്കി മാസങ്ങൾ കഴിഞ്ഞിട്ടും പ്രസ്തുത തുക ഉപയോഗപ്പെടുത്തി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## വടക്കഞ്ചേരി പി.ഡബ്ല്യൂ.ഡി. കെട്ടിട നിർമ്മാണ പുരോഗതി

6590 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ നിയോജക മണ്ഡലത്തിലെ വടക്കഞ്ചേരി പി.ഡബ്ല്യൂ.ഡി. റെസ്റ്റ് ഹൗസ് കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിന് അധിക തുക ആവശ്യമായി വന്നിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) അധിക തുക ആവശ്യപ്പെട്ടുകൊണ്ട് ബന്ധപ്പെട്ട വകുപ്പ് നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

## പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാര പരിശോധനകൾക്ക് ആധുനിക സംവിധാനം

6591 **ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡുകളും പാലങ്ങളും കെട്ടിടങ്ങളും ഉൾപ്പെടെ പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് വേണ്ടി നിലവിലുള്ള സംവിധാനങ്ങൾക്ക് പുറമേ ആധുനിക പരിശോധനാ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) കൃത്യമായ ഗുണമേന്മയോടെ കരാറുകാർ പ്രവൃത്തി ചെയ്യുന്നുവെന്നുറപ്പുവരുത്താൻ ഓട്ടോമേറ്റഡ് മൊബൈൽ ക്വാളിറ്റി കൺട്രോൾ ടെസ്റ്റിംഗ് ലാബുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) അത്യാധുനിക നോൺ ഡിസ്ട്രക്റ്റീവ് ടെസ്റ്റിംഗ് ഉപകരണങ്ങളുടെ സഹായത്തോടെ നടത്തുന്ന പരിശോധനകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാര പരിശോധനകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും അഴിമതി രഹിതമാക്കുന്നതിനും മൊബൈൽ ടെസ്റ്റിംഗ് ലാബുകളും കൂടുതൽ നൂതന സാങ്കേതികവിദ്യാ സൗകര്യങ്ങളും ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

## തിരൂർ നിയോജക മണ്ഡലത്തിലെ റോഡുകളും പാലങ്ങളും

6592 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-

വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുർ നിയോജക നിയോജകമണ്ഡലത്തിലെ തകർന്ന റോഡുകൾ ഗതാഗത യോഗ്യമാക്കുന്നതിന്റെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രവൃത്തികൾ നടന്നു വരുന്ന റോഡുകളുടെയും പാലങ്ങളുടെയും പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്നും, ഓരോ പ്രവൃത്തിയും എപ്പോൾ പൂർത്തിയാക്കാനാകുമെന്നും വിശദ വിവരം ലഭ്യമാക്കുമോ;

(സി) കിഫ്ബി അംഗീകാരം നൽകിയ ഓരോ പ്രവൃത്തികളും നിലവിൽ ഏത് സ്ഥിതിയിലാണെന്നും ഓരോ പ്രവൃത്തികളും എപ്പോൾ പൂർത്തിയാക്കാനാകുമെന്നും വ്യക്തമാക്കുമോ?

## <u>വടക്കഞ്ചേരി ടോൾ പ്ലാസയിലെ ടോൾ നിരക്ക്</u>

6593 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കഞ്ചേരി ടോൾ പ്ലാസയിലെ ഇരുപത് കിലോ മീറ്റർ പരിധിയിലുള്ള പ്രദേശവാസികൾക്ക് ടോൾ കടന്നുപോകാൻ സൗജന്യ യാത്രയോ സൗജന്യ നിരക്കിലുള്ള യാത്രയോ അനുവദിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;വ്യക്തമാക്കുമോ;

(ബി) നിലവിൽ എത്ര രൂപയാണ് ഒരു മാസം നാലു ചക്രവാഹനങ്ങൾക്ക് യാത്രാ നിരക്ക് തീരുമാനിച്ചിരിക്കുന്നത്;വ്യക്തമാക്കുമോ;

(സി) ടോൾ പ്ലാസയുമായി ബന്ധപ്പെട്ട കരാർ കമ്പനി അനുബന്ധ പ്രവൃത്തികൾ ആയ സർവീസ് റോഡുകൾ, ഡ്രെയിനേജ്,ലൈറ്റുകൾ എന്നിവ സമയബന്ധിതമായി പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ന് പൂർത്തീകരിക്കും; വ്യക്തമാക്കുമോ;

(ഡി) ശരാശരി ഒരു ദിവസം വാഹനങ്ങൾ കടന്ന് പോകുമ്പോൾ എത്ര രൂപയാണ് ലഭിക്കുന്നത്;വിശദമാക്കുമോ?

## <u>മണ്ണിൽകടവ്-അഴിവാരം റീച്ചിലെ പ്രവൃത്തി</u>

6594 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 766-ൽ മണ്ണിൽകടവ്-അഴിവാരം റീച്ചിലെ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരനെ ടെർമിനേറ്റ് ചെയ്യുന്ന നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പ്രവൃത്തിയിൽ എത്ര ശതമാനം പൂർത്തീകരിച്ചെന്നും അവശേഷിക്കുന്ന പ്രവൃത്തികൾ എന്താണെന്നും വിശദമാക്കുമോ;

(സി) പ്രവൃത്തി എപ്പോൾ പുനരാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

## <u>അങ്കമാലി നിയോജകമണ്ഡലത്തിലെ റോഡ് നിർമ്മാണ പ്രവൃത്തി</u>

6595 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിൽ റീ-ബിൽഡ് കേരളയുടെ ഭാഗമായി മൂക്കന്നൂർ-ഏഴാറ്റുമുഖം-ബ്ലാച്ചിപ്പാറ-പാലിശ്ശേരി റോഡിന്റെ നിർമ്മാണം ഏത് ഘട്ടം വരെയായിയെന്നും പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തിയാകുമെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള പരാതി ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നല്കുമോ ;

(സി) പ്രസ്തുത റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഏതെങ്കിലും രാഷ്ട്രീയ പാർട്ടികൾ പരാതി നൽകുകയോ സമരം സംഘടിപ്പിക്കുകയോ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത റോഡ് നിർമ്മാണം വേഗത്തിലാക്കാനും സൗജന്യമായി ഭൂമി വിട്ട് നൽകിയവരുടെ ആവശ്യങ്ങൾക്കും പ്രദേശവാസികളുടെ പരാതികൾക്കും അടിയന്തര പരിഹാരം കാണുന്നതിനായും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം വിളിക്കുന്നതിന് സർക്കാർ തയ്യാറാകുമോ; വിശദാംശം ലഭ്യമാക്കുമോ?

## കാസർഗോഡ് ഓൾഡ് സ്റ്റേറ്റ് ഹൈവേ റോഡ്

6596 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് നിയോജകമണ്ഡലത്തിലെ കാസർഗോഡ് ഓൾഡ് സ്റ്റേറ്റ് ഹൈവേ റോഡ് നവീകരിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ഭരണാനുമതി തുകയും ഭരണാനുമതി നൽകിയ തീയതിയും ഭരണാനുമതിയുടെ കാലാവധി എത്രയാണെന്നും അറിയിക്കുമോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ തുക എത്രയാണെന്നും സാങ്കേതികാനുമതി ലഭ്യമാക്കിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തി യാഥാർത്ഥ്യമാകാതെ അനന്തമായി നീണ്ടുപോകുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തി എപ്പോൾ ടെൻഡർ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## പുത്തൂർ പോസ്റ്റോഫീസ് - കൈവേലിക്കൽ -ചേരിക്കൽ-നിള്ളങ്ങൽ റോഡ്പ്രവൃത്തിപൂർത്തീകരിക്കുന്നതിനുള്ള നടപടി

6597 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുത്തുപറമ്പ് മണ്ഡലത്തിലെ പുത്തൂർ പോസ്റ്റോഫീസ് - കൈവേലിക്കൽ - ചേരിക്കൽ - നിള്ളങ്ങൽ റോഡ് പ്രവൃത്തിയുടെ നിലവിലുള്ള സ്ഥിതി വിശദമാക്കുമോ;

(ബി) പ്രസ്തുത റോഡ് പ്രവൃത്തിയുമായി ബന്ധപ്പെട്ട് തടസ്സങ്ങൾ നിലവിലുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത റോഡ് പ്രവൃത്തിക്ക് അധിക ഫണ്ട് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് വകുപ്പ് തലത്തിൽ സ്വീകരിച്ച നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ;

(ഡി) അധിക ഫണ്ട് അനുവദിച്ച് റോഡ് പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

**ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പ്രവൃത്തികൾ**

6598 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് റോഡ്സ് വിഭാഗം നടപ്പിലാക്കി വരുന്ന പ്രവൃത്തികളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ?

**വൈപ്പിൻ-മുനമ്പം റോഡ് വികസന പദ്ധതി**

6599 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗതാഗത പദ്ധതിയിൽ ഉൾപ്പെടുത്തി മുപ്പത്താറ് കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുള്ള വൈപ്പിൻ-മുനമ്പം റോഡ് വികസന പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം പൂർത്തിയാക്കിയതും പൂർത്തികരിക്കേണ്ടതുമായ പ്രവൃത്തികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തികരിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

**കൊല്ലം നിയോജക മണ്ഡലത്തിലെ നിരത്തുകൾ**

6600 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കൊല്ലം നിയോജകമണ്ഡല പരിധിയിൽ പൊതുമരാമത്ത് വകുപ്പ് നിരത്തുവിഭാഗം മുഖേന നടപ്പിലാക്കുന്നതിനായി ഭരണാനുമതി ലഭിച്ചതും പൂർത്തീകരിച്ചതും നിർവഹണം പുരോഗമിക്കുന്നതുമായ വിവിധ പ്രവർത്തികൾ ഏതെല്ലാമാണ്; അവയുടെ ഇപ്പോഴത്തെ സ്ഥിതി സഹിതം വിശദ വിവരം ലഭ്യമാക്കുമോ?

**കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി റോഡ് നിർമ്മാണം**

6601 **ശ്രീ ഐ ബി സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി നടപ്പിലാക്കുന്ന ചൊവ്വള്ളൂർ-മൈലാടി റോഡ്, നെടുങ്കുഴി-പരുത്തംപാറ മൈലാടി റോഡ്, സി.എ.റ്റി. കോളേജ് റോഡ് എന്നിവയുടെ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡ് നിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കലിനു വേണ്ടി പുതുക്കിയ അലൈൻമെന്റ് സ്കെച്ച് റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ തുടർനടപടിയുടെ വിശദാംശം ലഭ്യമാക്കാമോ?

## മികച്ച റോഡുകളുടെ നിർമ്മാണത്തിന് നൂതന സംവിധാനങ്ങൾ

6602 **ശ്രീ. കെ.കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മികച്ച റോഡുകളുടെ നിർമ്മാണത്തിനായി വകുപ്പ് എന്തെല്ലാം നൂതന സംവിധാനങ്ങളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നതെന്ന് അറിയിക്കാമോ?

## തിരുവനന്തപുരം ജില്ലയിലെ റോഡുകളുടെ അറ്റകുറ്റപ്പണി

6603 **ശ്രീ എം വിൻസെൻറ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ റോഡുകളുടെ അറ്റകുറ്റപ്പണികളുടെ ഭാഗമായി 2022 വർഷം എത്ര തുക വകയിരുത്തിയെന്നും പ്രസ്തുത തുകയിൽ എത്ര രൂപ ചെലവഴിച്ചുവെന്നും റോഡ് അടിസ്ഥാനത്തിൽ വിവരം നൽകാമോ?

## എസ്.പി.പുരം-കാന്തല്ലൂർ റോഡ് നിർമ്മാണം

6604 **ശ്രീ. എ. രാജ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ എസ്.പി.പുരം-കാന്തല്ലൂർ റോഡ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണത്തിന് വനം വകുപ്പിൽ നിന്നും എൻ.ഒ.സി. ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) എൻ.ഒ.സി. ലഭ്യമാകുന്നതിനായി വകുപ്പ് സ്വീകരിച്ച നടപടിയും ആയതിന് വനം വകുപ്പിന്റെ മറുപടിയും വിശദമാക്കാമോ?

## വക്കം-നിലയ്ക്കാമുക്ക്-പണയിൽകടവ്-കായിക്കരക്കടവ് റോഡ് നവീകരണം

6605 **ശ്രീമതി ഒ എസ് അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വക്കം-നിലയ്ക്കാമുക്ക്-പണയിൽകടവ്-കായിക്കരക്കടവ് റോഡ് നവീകരണത്തിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

## മലയോര ഹൈവേ

6606 **ശ്രീ. കെ. എം. സച്ചിൻദേവ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മലയോര ഹൈവേയുടെ എത്ര റീച്ചുകൾ ഇതുവരെ പൂർത്തിയാക്കിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദാംശം അറിയിക്കാമോ;

(ബി) ബാലുശ്ശേരി നിയോജക മണ്ഡലത്തിലെ ഇരുപത്തിയെട്ടാം മൈൽ മുതൽ പടിക്കൽവയൽ വരുന്ന (6.5 കി.മീ.) റീച്ച് ടെണ്ടർ നടപടി പൂർത്തിയാകുന്നതിൽ കാലതാമസം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ ലഭിച്ചത് ആർക്കാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

**കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് നിർമ്മാണം**

6607 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് റോഡിന്റെ നിർമ്മാണ പ്രവൃത്തിയുടെ നിലവിലത്തെ പുരോഗതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; നിലവിലുള്ള ബൈപ്പാസ് റോഡിന്റെ നിർമ്മാണ പ്രവൃത്തിയുടെ പുതുക്കിയ എസ്റ്റിമേറ്റിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത ബൈപ്പാസ് റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ റോഡിലെ യൂട്ടിലിറ്റി ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; പ്രസ്തുത പ്രവൃത്തിയ്ക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) 2013 ൽ ആരംഭിച്ച പ്രവൃത്തി ഇനിയും പൂർത്തിയായിട്ടില്ലാത്തതിനാൽ പത്ത് വർഷമായി പ്രദേശവാസികളും യാത്രികരും നേരിടുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് റോഡ് അടിയന്തരമായി പൂർത്തികരിച്ച് ഗതാഗത യോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**കെ.എസ്.റ്റി.പി. യുടെ നാല്, അഞ്ച് പാക്കേജുകളിലെ റോഡ് പ്രവൃത്തികൾ**

6608 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.റ്റി.പി. യുടെ പാക്കേജ് IV, V ൽ ഏതൊക്കെ റോഡ് പ്രവൃത്തികളാണുള്ളത്; വിശദാംശം അറിയിക്കാമോ;

(ബി) പ്രസ്തുത പ്രൊജക്ടുകളുടെ ടെണ്ടർ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

**തീരദേശ ഹൈവേ**

6609 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരദേശ ഹൈവേയുടെ ഭാഗമായി എത്ര കിലോമീറ്റർ റോഡാണ് നാളിതുവരെയായി പൂർത്തീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയിലെ തീരദേശ മേഖലയിൽ എത്ര കിലോമീറ്റർ റോഡിന്റെ പ്രവൃത്തിയാണ് ആരംഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

**നോർത്ത് കാരശ്ശേരി-കക്കാടംപൊയിൽ റോഡ് നിർമ്മാണം**

6610 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സെൻട്രൽ റോഡ് ഫണ്ടിൽ ഉൾപ്പെടുത്തി ആരംഭിച്ച നോർത്ത് കാരശ്ശേരി-കക്കാടംപൊയിൽ റോഡ് പ്രവൃത്തിയുടെ നിലവിലുള്ള സ്ഥിതി വിശദമാക്കുമോ;

(ബി) റീ ടെൻഡർ നടത്തിയ പ്രസ്തുത പദ്ധതിയ്ക്ക് അനുമതി നൽകുന്നതിനുമേലുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയ്ക്ക് അനുമതി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

## വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിംഗ് റോഡ് നിർമ്മാണം

6611 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിംഗ് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) എത്ര മീറ്റർ വീതിയിലാണ് പ്രസ്തുത റോഡ് വിഭാവനം ചെയ്തിരിക്കുന്നതെന്നും ഇരു വശങ്ങളിലും എത്ര മീറ്റർ വീതിയിലാണ് സർവീസ് റോഡുകൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത റോഡ് നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള തുക ഏത് പദ്ധതിയിൽ നിന്നാണ് കണ്ടെത്തുന്നതെന്ന് വിശദമാക്കുമോ?

## വാമനപുരം മണ്ഡലത്തിൽ ബി.എം&ബി.സി നിലവാരത്തിലുള്ള റോഡുകൾ

6612 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ ബി.എം&ബി.സി. നിലവാരത്തിൽ നിർമ്മാണം പൂർത്തിയായ റോഡുകൾ ഏതൊക്കെയാണെന്നും അവയുടെ ദൈർഘ്യം എത്രയാണെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ബി.എം&ബി.സി. നിലവാരത്തിലുള്ള നിർമ്മാണത്തിന് അനുമതി ലഭിച്ച് നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്ന റോഡുകളുടെ വിശദ വിവരം ലഭ്യമാക്കുമോ?

## റോഡുകളിലെ ടോൾ പിരിവ്

6613 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെങ്കിലും റോഡുകളിൽ ടോൾ പിരിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം റോഡുകളിലാണ് ടോൾ പിരിക്കുന്നതെന്നും പ്രസ്തുത റോഡുകൾ ആരുടെ അധീനതയിലാണ് വരുന്നതെന്നും വിശദമാക്കാമോ;

(സി) ടോൾ പിരിവ് സംബന്ധിച്ച് സർക്കാരിന്റെ നയമെന്താണെന്ന് വിശദമാക്കാമോ?

## ദേശീയപാതകളുടെ വികസനത്തിനായി ഭൂമി ഏറ്റെടുക്കൽ

6614 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ദേശീയപാതകളുടെ വികസനത്തിന്റെ ഭാഗമായി സ്ഥലം ഏറ്റെടുക്കേണ്ട സ്ഥിതിയിൽ ഭൂവിലയുടെ 25% തുക കേരളം നൽകണമെന്ന വ്യവസ്ഥ എൻ.എച്ച്. എ.ഐ. നൽകിയിട്ടുണ്ടോ; ഏതൊക്കെ റോഡുകളുടെ വികസനവുമായി ബന്ധപ്പെട്ടാണ് ഇത്തരമൊരു നിർദ്ദേശം നൽകിയിട്ടുള്ളത്;

(ബി) എൻ.എച്ച്. 66 ന്റെ വികസനത്തിനായി എത്ര ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടി വന്നത്; ഇത്രയും വസ്തുവിന് വില നൽകുന്നതിനായി കേരളം എത്ര രൂപയാണ് എൻ.എച്ച്. എ.ഐ. യ്ക്ക് കൈമാറിയത്;

(സി) ദേശീയപാത വികസനത്തിനായി ഭൂമി ഏറ്റെടുക്കുമ്പോൾ ഭൂവില സർക്കാർ നൽകണമെന്ന നിർദ്ദേശം ഒഴിവാക്കുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നോ; ഇതിന് എന്ത് മറുപടിയാണ് കേന്ദ്ര സർക്കാർ നൽകിയതെന്ന് വ്യക്തമാക്കുമോ; കേരളം നൽകിയിട്ടുള്ള തുക തിരികെ നൽകാൻ കേന്ദ്ര സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## <u>കൊല്ലം - ചെങ്കോട്ട റോഡിന്റെ വികസനം</u>

6615 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച കൊല്ലം - ചെങ്കോട്ട റോഡിന്റെ വികസനത്തിനായുള്ള ഇൻവെസ്റ്റിഗേഷനും വിശദപദ്ധതി രേഖ തയ്യാറാക്കുന്നതിനുമുള്ള നടപടികളും എപ്രകാരമാണ് പുരോഗമിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

## <u>നിർമ്മാണ പ്രവർത്തനങ്ങളിൽ ആധുനിക സാങ്കേതികവിദ്യ</u>

6616 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഗുണനിലവാരം ഉറപ്പിക്കാനായി ആരംഭിക്കുന്ന മൊബൈൽ ലാബിന്റെ പ്രവർത്തനങ്ങൾ എന്തൊക്കയാണെന്ന് വിശദമാക്കാമോ;

(ബി) കാലാവസ്ഥാ വ്യതിയാനം നിർമ്മാണ പ്രവർത്തനങ്ങളെ ബാധിക്കുന്നത് തടയാൻ ആധുനിക രീതിയിലുള്ള സാങ്കേതികവിദ്യ അനുസരിച്ച് എന്തെല്ലാം സംവിധാനങ്ങളാണ് നിർമ്മാണ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

## <u>തിരുവമ്പാടി നിയോജക മണ്ഡലത്തിലെ മാമ്പറ്റ-വട്ടോളിപ്പറമ്പ് റോഡ് പ്രവൃത്തി</u>

6617 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി നിയോജക മണ്ഡലത്തിലെ മാമ്പറ്റ-വട്ടോളിപ്പറമ്പ് റോഡ് പ്രവൃത്തിയുടെ കരാറുകാരൻ പ്രവൃത്തി പൂർത്തിയാക്കാതെ അനന്തമായി

നീട്ടിക്കൊണ്ടു പോകുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കാത്തപക്ഷം കരാറുക്കാരനെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## ഗ്രാമീണ റോഡുകൾ ഏറ്റെടുക്കൽ

6618 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് പുതിയ ഗ്രാമീണ റോഡുകൾ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;വ്യക്തമാക്കുമോ; ഇക്കാര്യത്തിലുള്ള സർക്കാർ നയം വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മലപ്പുറം ജില്ലയിൽ പൊതുമരാമത്ത് വകുപ്പ് റോഡുകൾ ഏറ്റെടുത്തിട്ടുണ്ടോ;വിശദാംശം നൽകുമോ;

(സി) മലപ്പുറം നിയോജക മണ്ഡലത്തിലെ എട്ട് മീറ്ററിലധികം വീതിയുള്ള റോഡുകൾ വകുപ്പ് ഏറ്റെടുക്കുമോ; വ്യക്തമാക്കുമോ;

(ഡി) മലപ്പുറം നിയോജക മണ്ഡലത്തിലെ മോങ്ങം-അരിമ്പ്ര റോഡ്,ചെമ്മങ്കടവ്-ഒറ്റത്തറ-പൊന്മള റോഡ്, ഉമ്മത്തൂർ-ആനക്കടവ്-മുണ്ടക്കോട്-ചാഞ്ഞാൽ റോഡ് എന്നിവ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുമോ;വ്യക്തമാക്കുമോ?

## തീരദേശ ഹൈവേ

6619 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ തീരദേശ ഹൈവേയുടെ പദ്ധതി രൂപീകരണം എപ്രകാരമാണ് പുരോഗമിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) തീരദേശ ഹൈവേയുടെ കൊല്ലം മണ്ഡലത്തിൽ ഉൾപ്പെട്ട് വരുന്ന അലൈൻമെന്റിൽ തിരുമുല്ലവാരം ഭാഗത്ത് ജനകീയ പ്രതിഷേധം ഉണ്ടായിട്ടുള്ള സാഹചര്യത്തിൽ താരതമ്യേന ജനവാസം കുറഞ്ഞ മേഖലയിലൂടെ അലൈൻമെന്റ് പുനർനിശ്ചയിക്കുന്നതിന് സാധിക്കുന്ന സാഹചര്യമുള്ളതിനാൽ ഇക്കാര്യത്തിൽ അനുകൂല തുടർനടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

## കൊടുവള്ളി നിയോജക മണ്ഡലത്തിലെ നരിക്കുനി ബൈപ്പാസ്

6620 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നിയോജക മണ്ഡലത്തിലെ നരിക്കുനി ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഇപ്പോഴത്തെ സ്ഥിതി എന്തെന്ന് വിശദീകരിക്കുമോ;

(ബി) ഇത് സംബന്ധിച്ചുള്ള ഫയൽ ഇപ്പോൾ ഏത് ഓഫീസിലാണ് ലഭ്യമായിട്ടുള്ളത് എന്ന് അറിയിക്കുമോ;

(സി) നരിക്കുനി ബൈപ്പാസിന്റെ നിർമ്മാണത്തിനുള്ള ഭരണാനുമതി നൽകുന്നതിന്

നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**പിലാത്തറ - പാപ്പിനിശ്ശേരി റോഡ് നിർമ്മാണം**

6621 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഔട്ട്പുട്ട് ആന്റ് പെർഫോമൻസ് ബെയ്സിഡ് റോഡ് കോൺട്രാക്ട്സ് (ഒ.പി.ബി.ആർ.സി.) ൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിന് ഭരണാനുമതി ലഭിച്ച പിലാത്തറ - പാപ്പിനിശ്ശേരി റോഡ് നിർമ്മാണത്തിന്റെ ടെണ്ടർ നടപടി പൂർത്തിയായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**അരുവിക്കര മണ്ഡലത്തിലെ ബി.എം.&ബി.സി. റോഡുകൾ**

6622 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജക മണ്ഡലത്തിലെ നിലവിലുള്ള ബി.എം.&ബി.സി. നിലവാരത്തിലുള്ള റോഡുകളുടെ സ്ഥിതിയും അവയുടെ നീളവും തരംതിരിച്ച് ലഭ്യമാക്കാമോ?

**നോൺ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ബി.എം. ആന്റ് ബി.സി. ചെയ്ത റോഡുകൾ**

6623 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നോൺ പ്ലാൻ ഫണ്ട് ഉപയോഗിച്ച് സംസ്ഥാനത്ത് 2021 മുതൽ നാളിതുവരെ ഏതെങ്കിലും റോഡുകൾ ബി.എം. ആന്റ് ബി.സി. യിൽ ചെയ്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റോഡുകളുടെ ജില്ല, നിയോജക മണ്ഡലം, അനുവദിച്ച തുക എന്നിവ തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) നോൺ പ്ലാൻ ഫണ്ടിൽ ഈ വർഷം എത്ര തുക ബാക്കിയുണ്ട്; പ്രസ്തുത തുക പൊതുമരാമത്ത് റോഡുകളിലെ തകർന്ന കലുങ്കുകൾ, സംരക്ഷണ ഭിത്തി, അഴുക്കുചാലുകൾ എന്നിവ പുനർനിർമിക്കുന്നതിന് ഉപയോഗിക്കുമോയെന്ന് വ്യക്തമാക്കുമോ?

**വൈപ്പിൻ-പള്ളിപ്പുറം പാരലൽ റോഡിന്റെ പ്രവൃത്തി**

6624 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ-പള്ളിപ്പുറം പാരലൽ റോഡിന്റെ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ; പ്രവൃത്തികൾ പൂർത്തിയാക്കി തീരദേശ മണ്ഡലത്തിലെ ജനങ്ങൾ അനുഭവിക്കുന്ന യാത്രക്ലേശത്തിന് എന്നത്തേയ്ക്ക് പരിഹാരം കാണാൻ സാധിക്കുമെന്ന് വെളിപ്പെടുത്താമോ;

(സി) വരുന്ന വർഷക്കാലത്തിന് മുൻപ് പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കാൻ നടപടി

സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## ഉഴവൂർ ബൈപ്പാസ് റോഡ് നിർമ്മാണം

6625 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉഴവൂർ ബൈപ്പാസ് റോഡ് നിർമ്മാണത്തിനായി കിഫ്ബിയിൽ നിന്നും ആവശ്യപ്പെട്ടതനുസരിച്ച് വീണ്ടും ട്രാഫിക്ക് സർവ്വേ നടത്തി 09.11.2022-ൽ റിപ്പോർട്ട് സമർപ്പിച്ചതിന്മേൽ സ്വീകരിച്ച തുടർ നടപടികൾ അറിയിക്കാമോ; പ്രസ്തുത റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കാമോ;

(ബി) വിശദമായ പദ്ധതി രേഖ തയ്യാറാക്കിയ ഏജൻസിയെക്കൊണ്ട് തുടർ പഠനം നടത്തിക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യം എന്തെന്ന് വിശദമാക്കാമോ; പുതിയൊരു ഏജൻസിയെക്കൊണ്ട് പഠനം നടത്താൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## പൊതുമരാമത്ത് റോഡുകളിലെ ലാറ്ററൽ ക്ലിയറൻസ്

6626 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് റോഡുകളിലെ ക്യാരിയേജ് വേ ഭാഗം കഴിഞ്ഞ് എത്ര അകലത്തിലാണ് കാഴ്ച മറയ്ക്കുന്നതോ വാഹനങ്ങൾ തട്ടുന്ന തരത്തിലോ ഉള്ള മരം, ഇലക്ട്രിക് പോസ്റ്റ്, ട്രാൻസ്ഫോർമറുകൾ, ബോർഡുകൾ തുടങ്ങിയ പ്രൊജക്ഷൻസ് ഉണ്ടാവാൻ പാടുള്ളൂ എന്ന വ്യവസ്ഥയുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഗതാഗത സുരക്ഷയ്ക്ക് അത്യന്താപേക്ഷിതവും വിദേശ രാജ്യങ്ങളിലും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലും നിർബന്ധമായ ലാറ്ററൽ ക്ലിയറൻസ് നമ്മുടെ സംസ്ഥാനത്തും ഉറപ്പാക്കുന്നതിന് നിയമഭേദഗതി പ്രാബല്യത്തിൽ കൊണ്ടുവരാമോ;

(സി) ലാറ്ററൽ ക്ലിയറൻസ് ഹൈവേകളിലൊഴികെ ഒരിടത്തും പാലിക്കുന്നില്ലായെന്ന വസ്തുത കണക്കിലെടുത്ത് റോഡുകളുടെ സുരക്ഷായോഗ്യത സംബന്ധിച്ച ഒരു ഓഡിറ്റിങ് നടത്തി അപകടസാധ്യത മറികടക്കാൻ നടപടികൾ ത്വരിതപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ?

## റോഡിന്റെ സംരക്ഷണ ഭിത്തി നിർമ്മിക്കുന്ന പ്രവൃത്തി

6627 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര മണ്ഡലത്തിൽ നെടുമങ്ങാട്-ഷൊർളക്കോട് റോഡിൽ കള്ളിക്കാടിന് സമീപം തേവർകോട് എന്ന സ്ഥലത്ത് റോഡിന്റെ സംരക്ഷണ ഭിത്തി നിർമ്മിക്കുന്ന പ്രവൃത്തിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

## മലയോര ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട് വനഭൂമി ലഭ്യമാക്കുന്നതിന് നടപടി

6628 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-

വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര ഹൈവേ നിർമ്മാണത്തിനായി വനഭൂമി ഉൾപ്പെടെയുള്ള പ്രദേശങ്ങൾ അളന്ന് തിരിച്ച് കല്ലിടുന്നതിന് വനം വകുപ്പിന്റെ എതിർപ്പുമൂലം കഴിയാതെ വരുന്നതും തന്മൂലം ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിന് തടസ്സങ്ങൾ നേരിടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നല്കാമോ ;

(ബി) മലയോര ഹൈവേ നിർമ്മാണം തടസ്സങ്ങൾ നീക്കി ആരംഭിക്കുന്നതിനും നിർമ്മാണം യാഥാർത്ഥ്യമാക്കുന്നതിനും ആവശ്യമായ ഇടപെടലുകൾ നടത്തുകയും നടപടികൾ സ്വീകരിക്കുകയും ചെയ്യുമോയെന്ന് വ്യക്തമാക്കുമോ?

## പണ്ടാരപ്പറമ്പ്-ഉണ്ടോടിക്കടവ് ബൈപ്പാസ്

6629 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ച പണ്ടാരപ്പറമ്പ്-ഉണ്ടോടിക്കടവ് ബൈപ്പാസിന്റെ (കുന്ദമംഗലം ബൈപ്പാസ്) പ്രവൃത്തി നാളിതുവരെ ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എൻ.എച്ച്. 766-ലെ മുഖ്യ ജംങ്ഷനായ കുന്ദമംഗലത്തെ ഗതാഗത കുരുക്ക് പരിഹരിക്കാൻ പ്രസ്തുത പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## സെൻട്രൽ റോഡ് ഫണ്ടിനായി സമർപ്പിച്ച പ്രൊപ്പോസലുകൾ

6630 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സെൻട്രൽ റോഡ് ഫണ്ട് ഉപയോഗിച്ച് ഭരണാനുമതി ലഭിച്ച പദ്ധതികളുടെയും ഭരണാനുമതി ലഭിക്കുന്നതിനായി സമർപ്പിച്ച പദ്ധതികളുടെയും വിശദാംശം ലഭ്യമാക്കാമോ;

(ബി) 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ സെൻട്രൽ റോഡ് ഫണ്ടിനായി സമർപ്പിച്ച പ്രൊപ്പോസലുകളുടെ വിശദാംശം ലോക് സഭാ മണ്ഡലം, എം.പി.യുടെ പേര്, പദ്ധതിയുടെ പേര്, തുക എന്നിവ തരം തിരിച്ച് നൽകാമോ?

## ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ റോഡ് മെയിന്റനൻസിന് അനുവദിച്ച തുക

6631 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെയായി ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ മെയിന്റനൻസിനായി എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയ്ക്കും അനുവദിച്ച തുകയും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ; വിശദവിവരം ലഭ്യമാക്കുമോ?

## കുറ്റ്യാടി നിയോജകകമണ്ഡലത്തിലെ റോഡ് പ്രവൃത്തികൾ

6632 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിൽ 2023 മെയ് മാസത്തോടെ പൂർത്തീകരിക്കുന്ന റോഡ് പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) കരാർ വച്ച റോഡ് പ്രവൃത്തികൾ 2023 മാർച്ച് മാസത്തിന് മുൻപ് പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ?

**<u>മൊകേരി കോളേജ് റോഡ് നിർമ്മാണം</u>**

6633 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൊകേരി കോളേജിലെ റോഡ് നിർമ്മാണ പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചത് എന്നാണെന്നും പ്രവൃത്തി മഴക്കാലത്തിനു മുൻപ് പൂർത്തിയാക്കാൻ സാധിക്കുമോയെന്നും അറിയിക്കാമോ?

**<u>അടക്കാ പുത്തൂർ-കരണണ്ടാട്ടിൽ ലിങ്ക് റോഡ്</u>**

6634 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ നിയോജക മണ്ഡലത്തിലെ വെള്ളിനേഴി ഗ്രാമപഞ്ചായത്തിലെ അടക്കാ പുത്തൂർ-കരണണ്ടാട്ടിൽ ലിങ്ക് റോഡിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

**<u>കുളപ്പുള്ളി ആലിൻ ചുവട്-കണയം റോഡ് നവീകരണം</u>**

6635 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ നിയോജക മണ്ഡലത്തിലെ കുളപ്പുള്ളി ആലിൻ ചുവട്-കണയം റോഡ് നവീകരണത്തിന്റെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

**<u>റോഡ് നിർമ്മാണത്തിൽ പൊതു ഡിസൈൻ സംവിധാനം</u>**

6636 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൺസൂൺകാലത്ത് റോഡരികിലും ചില റോഡുകളിലും വെള്ളം കെട്ടിനിൽക്കുകയും അത് റോഡിന്റെ തകർച്ചയ്ക്ക് കാരണമാകുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റോഡിൽ വെള്ളം കെട്ടി നിൽക്കുന്നത് ഒഴിവാക്കാനും റോഡ് ഗതാഗതം സുഗമമാക്കുന്നതിനുമായി റോഡു നിർമ്മാണത്തിൽ പൊതു ഡിസൈൻ സംവിധാനം നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

**<u>പൂഞ്ഞാർ നിയോജക മണ്ഡലത്തിലൂടെ ഗ്രീൻഫീൽഡ് പാത കടന്നു പോകുന്ന പ്രദേശങ്ങൾ</u>**

6637 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-

വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.സി.റോഡിനു സമാന്തരമായി ദേശീയപാതാ അതോറിറ്റി നിർമ്മിക്കുന്ന നാലുവരി ഗ്രീൻഫീൽഡ് പാത കോട്ടയം ജില്ലയിലെ ഏതെല്ലാം ഭാഗങ്ങളിലൂടെയാണ് കടന്നുപോകുന്നത് എന്നതിന്റെ രൂപരേഖ തയ്യാറായിട്ടുണ്ടോ; എങ്കിൽ കോട്ടയം ജില്ലയിൽ പ്രസ്തുത പദ്ധതി പ്രകാരമുള്ള റോഡിന്റെ സ്കെച്ച് ലഭ്യമാക്കാമോ;

(ബി) പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ ഏതെല്ലാം വില്ലേജുകളിലെ ഏതൊക്കെ പ്രദേശങ്ങളിലൂടെയാണ് പ്രസ്തുത ഹൈവേ കടന്നു പോകുന്നതെന്ന് വ്യക്തമാക്കാമോ?

**ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ബി.എം.&ബി.സി./എം.എസ്.എസ്. നിലവാരത്തിലുള്ള റോഡുകൾ**

6638 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ ആകെ എത്ര കിലോമീറ്റർ റോഡാണ് ഉള്ളതെന്നും അതിൽ എത്ര കിലോമീറ്റർ ദൂരമാണ് ബി.എം.&ബി.സി./എം.എസ്.എസ്. നിലവാരത്തിലേക്ക് ഉയർത്തിയിട്ടുള്ളതെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ബി.എം.&ബി.സി./എം.എസ്.എസ്. നിലവാരത്തിലേക്ക് ഉയർത്താത്തതും നിലവിൽ അതിനായി തുക വകയിരുത്താത്തതുമായ റോഡുകളുടെ പേര് വ്യക്തമാക്കാമോ?

**ചാത്തന്നൂർ സിവിൽ സ്റ്റേഷൻ രണ്ടാം നില നിർമ്മാണം**

6639 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട ചാത്തന്നൂർ സിവിൽ സ്റ്റേഷന്റെ രണ്ടാം നില നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളിൽ കാലതാമസം ഉണ്ടാകുന്നതിനുള്ള കാരണം വ്യക്തമാക്കാമോ;

(ബി) ചാത്തന്നൂർ സിവിൽ സ്റ്റേഷന്റെ രണ്ടാം നില നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളിലെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

**ആലത്തൂർ മണ്ഡലത്തിലെ കെട്ടിടവിഭാഗം പ്രവൃത്തികൾ**

6640 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് ആലത്തൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം നിർവ്വഹണ ഏജൻസിയായിട്ടുള്ള എത്ര പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ടെണ്ടർ നടപടികൾ പൂർത്തിയാക്കിയവ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) ഓരോ പ്രവൃത്തിയുടേയും നിർമ്മാണ പുരോഗതി വിശദമാക്കാമോ?

## ഗസറ്റഡ് ഉദ്യോഗസ്ഥർക്കുള്ള താമസ സൗകര്യം

6641 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗസറ്റഡ് ഉദ്യോഗസ്ഥർക്കായി എത്ര ക്വാർട്ടേഴ്സുകൾ ഉണ്ടെന്നുള്ളതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) തിരുവനന്തപുരം ജവഹർ നഗറിൽ ഉള്ള ഗസറ്റഡ് ഓഫീസേഴ്സ് ക്വാർട്ടേഴ്സിൽ ആരൊക്കെയാണ് താമസിക്കുന്നത്; പ്രസ്തുത ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത ക്വാർട്ടേഴ്സിൽ ഗസറ്റഡ് അല്ലാത്ത ഉദ്യോഗസ്ഥർ താമസിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഗസറ്റഡ് ഉദ്യോഗസ്ഥരുടെ ക്വാർട്ടേഴ്സ് ലഭിക്കുവാൻ വേണ്ട നടപടിക്രമങ്ങൾ വിശദമാക്കാമോ;

(ഇ) നിലവിൽ തിരുവനന്തപുരം ജവഹർ നഗർ ഗസറ്റഡ് ഓഫീസേഴ്സ് ക്വാർട്ടേഴ്സ് ലഭിക്കുവാൻ വേണ്ടി ക്യൂവിൽ ഉള്ള ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ ലഭ്യമാക്കാമോ;

(എഫ്) ഗസറ്റഡ് ഓഫീസേഴ്സ് ക്വാർട്ടേഴ്സ് ഇല്ലാത്ത ജില്ലകളിൽ പുതിയത് നിർമ്മിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## കാട്ടാക്കടയിൽ പൊന്നറ ശ്രീധരന്റെ നാമധേയത്തിൽ ടൗൺ ഹാൾ നിർമ്മിക്കുന്നതിന് അനുമതി

6642 **ശ്രീ ഐ ബി സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കടയിൽ പൊന്നറ ശ്രീധരന്റെ നാമധേയത്തിൽ ടൗൺ ഹാൾ നിർമ്മിക്കുന്നതിന് വാങ്ങിയ സ്ഥലത്ത് ടൗൺ ഹാൾ നിർമ്മിക്കുന്നതിനുള്ള നിർദേശം സ്പെഷ്യൽ ബിൽഡിംഗ്സ് വിഭാഗം യഥാവിധം സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ; 2019-20 വർഷത്തെ ബജറ്റിൽ ഇരുപത് ശതമാനം തുക വകയിരുത്തിയ പ്രസ്തുത പ്രവൃത്തിയുടെ ഡിസൈൻ ജോലികൾ പൂർത്തിയാക്കുന്നതിൽ എന്തെങ്കിലും തടസ്സമുണ്ടോ; അഞ്ച് വർഷത്തിലധികം പഴക്കമുള്ള പ്രസ്തുത പ്രോജക്ട് അടിയന്തരമായി ഭരണാനുമതിയ്ക്കായി സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

## തിരുവള്ളൂർ ഗവൺമെന്റ് എം.യു.പി.സ്കൂൾ നിർമ്മാണം

6643 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവള്ളൂർ ഗവൺമെന്റ് എം.യു.പി. സ്കൂൾ നിർമ്മാണം ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഭാഗമായി നിലവിലെ കെട്ടിടം പൊളിക്കുന്നതിനുള്ള

നടപടികൾ പൂർത്തിയായതിനാൽ പുതിയ കെട്ടിട നിർമ്മാണത്തിന് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നുണ്ടോ; വിശദാംശം നല്കുമോ ;

(സി) പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിക്കുന്ന നടപടിക്രമങ്ങൾ വിശദമാക്കാമോ?

**<u>മൊകേരിയിലെ എ.ഇ.ഒ.ഓഫീസ് കെട്ടിട നിർമ്മാണം</u>**

6644 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൊകേരിയിലെ എ.ഇ.ഒ. ഓഫീസ് കെട്ടിട നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണത്തിന് അധിക തുക ആവശ്യമുണ്ടോ; വിശദമാക്കാമോ?

**<u>കുളിമാട് പാലം തകർന്നു വീണത് സംബന്ധിച്ച അന്വേഷണത്തിലെ കണ്ടെത്തലുകൾ</u>**

6645 **ശ്രീ . ഐ .സി .ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുളിമാട് പാലം തകർന്നു വീണത് സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് നടത്തിയ അന്വേഷണത്തിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണ്; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇതിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കുമോ?

**<u>കുളിമാട് പാലം തകർന്നത് മൂലം ഉണ്ടായ സാമ്പത്തിക നഷ്ടം നികത്താൻ നടപടി</u>**

6646 **ശ്രീ . ഐ .സി .ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുളിമാട് പാലം പ്രവൃത്തി നടന്നുകൊണ്ടിരിക്കുമ്പോൾ തകർന്ന സംഭവത്തെക്കുറിച്ച് ഏതൊക്കെ രീതിയിലുള്ള അന്വേഷണമാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പാലം തകർന്നത് സംബന്ധിച്ച് കുറ്റക്കാർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ;

(സി) പ്രസ്തുത പാലം തകർന്ന സംഭവത്തിൽ ഉണ്ടായ സാമ്പത്തിക നഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നഷ്ടം എങ്ങനെയാണ് ഈടാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രവൃത്തികൾ പുരോഗമിക്കുന്നതിനിടയിൽ റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ തുടങ്ങിയവ തകരുന്നത് ഒഴിവാക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

**<u>പറക്കുന്നം പാലം നിർമ്മാണം</u>**

6647 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ പറക്കുന്നം പാലം നിർമ്മാണ പ്രവർത്തനങ്ങൾ വൈകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**അരൂർ-കെൽട്രോൺ പാലം നിർമ്മാണം**

6648 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ-കെൽട്രോൺ പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് നിർമ്മാണ ചുമതലയുള്ള നിർവ്വഹണ ഉദ്യോഗസ്ഥൻ ആരാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പാലത്തിന്റെ സ്ഥലമെടുപ്പ് നടപടികളുമായി ബന്ധപ്പെട്ട് നളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**കുരുത്തിക്കോട് പാലം നിർമ്മാണം**

6649 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ നിയോജക മണ്ഡലത്തിലെ കുരുത്തിക്കോട് പാലം നിർമ്മാണ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാലത്തിന്റെ ടെണ്ടർ നടപടികൾ എന്ന് തുടങ്ങാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

**പാലങ്ങളുടെ നിർമ്മാണം സംബന്ധിച്ച വിശദാംശം**

6650 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ടൗണിലെ ജില്ലാ കോടതി പാലം, മത്സ്യഗന്ധി വാടയ്ക്കൽ പൊഴിപാലം, പള്ളാത്തുരുത്തി പാലം എന്നിവയുടെ നിർമ്മാണം സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് എത്ര രൂപ വീതമാണ് അനുവദിച്ചിട്ടുള്ളത്; ആയതിലേയ്ക്കായി സ്ഥലമേറ്റെടുക്കേണ്ടതായിട്ടുണ്ടോ; ഓരോന്നിനും എത്ര വീതം സ്ഥലമാണ് ഏറ്റെടുക്കേണ്ടത്; ഇതിനായി എത്ര വീതം തുകയാണ് ഓരോന്നിനും വേണ്ടത്; ആയതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ?

**കുളിമാട് പാലത്തിന്റെ ബലക്ഷയം പരിശോധിക്കാൻ നടപടി**

6651 **ശ്രീ . ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുളിമാട് പാലത്തിന്റെ സ്ലാബുകൾ തകർന്നതുമായി ബന്ധപ്പെട്ട് ഏതെല്ലാം അന്വേഷണങ്ങളാണ് നടന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ഇവയുടെ അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) പാലത്തിന് മറ്റ് ബലക്ഷയമുണ്ടോ എന്നും സംസ്ഥാനത്തിന്റെ പുറത്ത് നിന്നുള്ള സാങ്കേതിക വിദഗ്ദ്ധരെ കൊണ്ട് പരിശോധന നടത്തുമോ എന്നും വ്യക്തമാക്കുമോ?

## <u>മുനമ്പത്ത്കടവ് പാലം</u>

6652 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് - ബേപ്പൂർ നിയോജക മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന പുല്ലിപ്പുഴയ്ക്ക് കുറുകെയുള്ള മുനമ്പത്ത്കടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) മുനമ്പത്ത്കടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട് ഇൻവെസ്റ്റിഗേഷൻ പൂർത്തികരിച്ചിട്ടുണ്ടോ; ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കിയതിന് ശേഷം ഡി.പി.ആർ. അടക്കമുള്ള തുടർ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ?

## <u>കുടുവിട്ടിക്കടവ് പാലം നിർമ്മാണം</u>

6653 **ശ്രീ ഐ ബി സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി അനുമതി ലഭ്യമായ കുടുവിട്ടിക്കടവ് പാലത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; തുടർനടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) കാട്ടാക്കട-വട്ടിയൂർക്കാവ് മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന മേലെക്കടവ് പാലത്തിന്റെ നിർമ്മാണം സംബന്ധിച്ച നിലവിലെ സ്ഥിതി അറിയിക്കാമോ; ഭരണാനുമതി ലഭിച്ച പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ച തുടർ നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ?

## <u>കാട്ടാക്കട നിയോജക മണ്ഡലത്തിലെ പാലങ്ങളുടെ പുനർനിർമ്മാണം</u>

6654 **ശ്രീ ഐ ബി സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജക മണ്ഡലത്തിലെ അന്തിയൂർക്കോണം കല്ലുവരമ്പ് പാലം, അന്നപ്പാട് പാലം, കല്ലുപാലം എന്നിവ പുനർനിർമ്മിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പാലങ്ങൾ ഈ വർഷത്തെ നബാർഡ് ഫണ്ടിൽ ഉൾപ്പെടുത്തി പുനർനിർമ്മിക്കുന്നതിനായി നൽകിയ അപേക്ഷയിന്മേൽ (ഇ 6918471) സ്വീകരിച്ച നടപടികൾ അറിയിക്കുമോ; നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## <u>തുരുത്തിമുക്ക് പാലത്തിന് അധിക ഫണ്ട് അനുവദിക്കാനുള്ള നടപടി.</u>

6655 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ തുരുത്തിമുക്ക് പാലം നിർമ്മാണത്തിൽ കരാറുകാരായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റിവ് സൊസൈറ്റി അധിക നിരക്ക് ആവശ്യപ്പെട്ടതനുസരിച്ച് അധികനിരക്ക് ശിപാർശ ചെയ്തുകൊണ്ട് കിഫ്ബിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് കേരള റോഡ് ഫണ്ട് ബോർഡ് നൽകിയ കത്തിൽ സ്വീകരിച്ച നടപടികളുടെ വിശാദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) അധികനിരക്ക് അനുവദിക്കാതെ പ്രവൃത്തി തുടരാൻ സാധിക്കില്ല എന്ന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റിവ് സൊസൈറ്റി നിലപാടെടുത്ത സാഹചര്യത്തിൽ പാലം പണി പൂർത്തിയാക്കുന്നതിന് മറ്റ് സാധ്യതകൾ തേടുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ?

**<u>ഫോർട്ട് കൊച്ചി - വൈപ്പിൻ ഭൂഗർഭ പാത/എലിവേറ്റഡ് ഹൈവേ നിർമ്മണം</u>**

6656 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ ഹൈവേയിൽ ഫോർട്ട് കൊച്ചിയെയും വൈപ്പിനേയും നേരിട്ട് ബന്ധിപ്പിക്കുന്നതിന്റെ ആവശ്യകത കണക്കിലെടുത്ത് ഭൂഗർഭ ടണൽ അല്ലെങ്കിൽ എലിവേറ്റഡ് ഹൈവേ നിർമ്മിക്കുന്നതിന്റെ സാധ്യത പഠനത്തിന് വേണ്ടി വരുന്ന തുകയും പ്രസ്തുത നിർമ്മാണത്തിലൂടെ വരുന്ന അധിക ബാധ്യതയും എത്രയാണെന്ന് കണക്ക് കൂടി അറിയിക്കുവാൻ ഡി.പി.ആർ. കൺസൾട്ടന്റിന് നൽകിയ നിർദേശത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

**<u>തിരൂർ നിയോജക മണ്ഡലത്തിൽ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയ പദ്ധതികൾ</u>**

6657 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ നിയോജകമണ്ഡലത്തിൽ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി നടന്നുവരുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) 2022-23 വർഷത്തിൽ തിരൂർ നിയോജകമണ്ഡലത്തിൽ നബാർഡിൽ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശിച്ച പദ്ധതിയുടെ വിവരം ലഭ്യമാക്കുമോ; പ്രസ്തുത പദ്ധതിയിന്മേൽ സ്വീകരിച്ച തുടർ നടപടികൾ വ്യക്തമാക്കുമോ?

**<u>പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ നബാർഡ് പദ്ധതികൾ</u>**

6658 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ നിലവിൽ നടപ്പാക്കിവരുന്ന നബാർഡ് പദ്ധതികൾ ഏതൊക്കെയെന്നും പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശവും വ്യക്തമാക്കുമോ?

**<u>നബാർഡ് ഫണ്ടിൽ ഉൾപ്പെടുത്തിയ പൊതുമരാമത്ത് പ്രവൃത്തികൾ</u>**

6659 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-

വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ നബാർഡ് ഫണ്ടിൽ ഉൾപ്പെടുത്തി കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പൊതുമരാമത്ത് പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ;

(സി) നബാർഡ് ഫണ്ടിൽ മണ്ഡലത്തിലെ ഏതെങ്കിലും പദ്ധതി പുതുതായി ഉൾപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

## ഓട്ടമേറ്റഡ് മൊബൈൽ ക്വാളിറ്റി ടെസ്റ്റിംഗ് ലാബുകൾ

6660 **ശ്രീമതി കെ.കെ.രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി മൊബൈൽ ക്വാളിറ്റി ടെസ്റ്റിംഗ് ലാബുകൾ സജ്ജമാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഇപ്രകാരമുള്ള എത്ര ലാബുകളാണ് സംസ്ഥാനത്തുടനീളമുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ പരിശോധനയ്ക്കായി സജ്ജമാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും പരിശോധിയ്ക്കുന്നതിനുമായി സംസ്ഥാനത്ത് നിലവിൽ ഉണ്ടായിരുന്ന സംവിധാനങ്ങൾ എന്തൊക്കെയാണ്; ഇതിനായി സംസ്ഥാനത്ത് എത്ര ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ടെന്നും ഇതിൽ എത്ര ജീവനക്കാരുണ്ടെന്നും ജില്ല, പരിശോധനാ മേഖല എന്നിവ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) നിലവിൽ സജ്ജീകരിച്ചിട്ടുള്ള മൊബൈൽ ടെസ്റ്റിംഗ് ലാബിൽ എന്തൊക്കെ ഉപകരണങ്ങളും സജ്ജീകരണങ്ങളുമാണ് ഉള്ളതെന്ന് വിശദമാക്കുമോ; ഇതിനായി ആകെ എത്ര വാഹനങ്ങൾ വാങ്ങിയിട്ടുള്ളതെന്ന വിശദാംശം ലഭ്യമാക്കുമോ;

(ഡി) ക്വാളിറ്റി ടെസ്റ്റിംഗ് ലാബുകൾ സജ്ജമാക്കുന്നതിനായി ആകെ എത്ര രൂപയാണ് ചെലവായിട്ടുള്ളതെന്ന് ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത ലാബുകൾ പ്രവർത്തിപ്പിക്കുന്നതിനായി ആകെ എത്ര ജീവനക്കാരാണ് ആവശ്യമുള്ളതെന്ന് തസ്തിക തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; ഇതിലേക്കായി പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോയെന്നുള്ള വിശദാംശം ലഭ്യമാക്കുമോ;

(എഫ്) പൊതുമരാമത്ത് വകുപ്പിന് പുറമെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള നിർമ്മാണങ്ങളും ആവശ്യാനുസരണം പരിശോധിക്കുന്നതിന് പ്രസ്തുത ലാബുകൾ ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുമോ?

## കന്യാകുമാരി-പനവേൽ ദേശീയ പാത 66-ലെ പ്രവൃത്തിയുടെ പുരോഗതി

6661 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കന്യാകുമാരി-പനവേൽ ദേശീയ പാത 66-ൽ സംസ്ഥാനത്തിന്റെ ഭാഗത്തുള്ള

സ്ഥലങ്ങളിൽ നടത്തുന്ന പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ദേശീയ പാതയുടെ നിർമ്മാണത്തിന്റെ മൊത്തം ചെലവ് എത്രയാണെന്നും ഇവയുടെ സ്ഥലം ഏറ്റെടുക്കൽ, പാത നവീകരിക്കൽ എന്നിവയ്ക്ക് നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഈ പാതയുടെ നിർമ്മാണത്തിന്ന് കിഫ്ബി ഫണ്ട് ആവശ്യമില്ലെന്നും മുഴുവൻ തുകയും ദേശീയപാത അതോറിട്ടി വഹിക്കാമെന്നും അറിയിച്ചിട്ടുണ്ടോ: എങ്കിൽ വിശദംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) പാതയുടെ നിർമ്മാണ ഘട്ടത്തിൽ കരാർ കമ്പനി ആവശ്യമായ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്താത്ത കാരണം അപകടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(എഫ്) ഈ റോഡിൽ മലപ്പുറം ജില്ലയിൽ രാമനാട്ടുകരകടുത്ത പാറമ്മൽ -പുതുക്കോട് ജങ്ഷനിൽ ഒരു അണ്ടർ പാസോ/മേൽപ്പാലമോ വേണമെന്ന ആവശ്യത്തിൻമേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

## എൻഎച്ച് 66 സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട് ലഭിച്ച പരാതികൾ

6662 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ എൻഎച്ച് 66 സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട് എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്നും പ്രസ്തുത പരാതികളിന്മേൽ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത പരാതികളിൽ തീർപ്പ് കൽപ്പിച്ചുകൊണ്ട് അർഹതപ്പെട്ട നഷ്ടപരിഹാരം അടിയന്തരമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## പുതുവേലി സർക്കാർ ഹയർസെക്കന്ററി സ്കൂളിലെ പ്രവൃത്തികൾ

6663 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ പുതുവേലി സർക്കാർ ഹയർസെക്കന്ററി സ്കൂളിൽ ചെങ്ങന്നൂർ-ഏറ്റുമാനൂർ-മൂവാറ്റുപുഴ റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി പൊളിച്ചു മാറ്റിയ ഗേറ്റും മതിലും കെട്ടിടഭാഗങ്ങളും ഉൾപ്പെടെയുള്ള ഭാഗങ്ങൾ പുനർനിർമ്മിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോയെന്നും തുടർ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്നും വിശദമാക്കാമോ; പ്രസ്തുത ഭാഗത്തെ റോഡ് നിർമ്മാണ പ്രവൃത്തിയുടെ കോൺട്രാക്ടർ ക്ലോഷർ എഗ്രിമെന്റ് വച്ച് പ്രവൃത്തിയിൽ നിന്നും പൂർണ്ണമായി ഒഴിഞ്ഞിട്ടുണ്ടോ;

(സി) പൊതുമരാമത്ത് കെട്ടിട വിഭാഗം ഈ പദ്ധതിക്ക് അംഗീകാരം തേടിയിട്ടുണ്ടോയെന്നും കെട്ടിട വിഭാഗത്തിൽ നിന്നും കെ.എസ്.ടി.പി.യ്ക്ക് സമർപ്പിച്ച എസ്റ്റിമേറ്റിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ?

**ഷൊർണ്ണൂർ നിയോജക മണ്ഡലത്തിലെ ചെർപ്പുളശ്ശേരി നഗര വികസന പദ്ധതിയുടെ പ്രവർത്തന പുരോഗതി**

6664 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ നിയോജക മണ്ഡലത്തിലെ ചെർപ്പുളശ്ശേരി നഗര വികസന പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ; ഈ പദ്ധതി എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

**പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകിയ നബാർഡ് പ്രവൃത്തികൾ.**

6665 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നബാർഡ് ധനസഹായത്തോടെ പൊതുമരാമത്ത് വകുപ്പിൽ എത്ര കോടി രൂപയുടെ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ഭരണാനുമതി നൽകിയ പദ്ധതികൾ ഓരോന്നും ഏതൊക്കെയാണെന്ന വിവരം നിയോജകമണ്ഡലം തിരിച്ച് തുക സഹിതം വിശദമാക്കാമോ?

**തദ്ദേശ സ്ഥാപനങ്ങളുടെ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിന് നടപടി**

6666 **ഡോ. എൻ. ജയരാജ്**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ശ്രീ. ജോബ് മൈക്കിൾ**
**ശ്രീ പ്രമോദ് നാരായൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശ സ്ഥാപനങ്ങളുടെ ആസ്തിയിൽപ്പെട്ട റോഡുകൾ പൊതുമരാമത്ത് വകുപ്പ് അവസാനമായി ഏറ്റെടുത്തത് എന്നാണെന്ന് അറിയിക്കാമോ;

(ബി) അങ്ങനെ ഏറ്റെടുത്തതിനുള്ള മാനദണ്ഡം എന്തായിരുന്നു എന്ന് അറിയിക്കാമോ;

(സി) ഒന്നോ അതിലധികം പഞ്ചായത്തുകളിൽക്കൂടി കടന്നുപോകുന്നതും 8 മീറ്റർ വീതിയുള്ളതുമായ ദൈർഘ്യമേറിയ റോഡുകൾ സ്പെഷ്യൽ ഡ്രൈവിലൂടെ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കാമോയെന്ന് വ്യക്തമാക്കുമോ?

**വെമ്പായം ചിറമുക്ക് മുഹിയുദ്ദീൻ മസ്ജിദ്**

6667 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട വിഴിഞ്ഞം നാവായിക്കുളം ഔട്ടർ റിംഗ് റോഡ് പദ്ധതിയുടെ അലൈൻമെന്റിൽ നിന്നും വെമ്പായം ഗ്രാമ പഞ്ചായത്തിലെ ചിറമുക്ക് മുഹിയുദ്ദീൻ മസ്ജിദിനെ ഒഴിവാക്കി സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>പി.ഡബ്ല്യു.ഡി. പുറമ്പോക്ക് സ്ഥലങ്ങളിലെ നിവാസികൾക്ക് പട്ടയം</u>**

6668 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥയിലുള്ള പുറമ്പോക്ക് സ്ഥലങ്ങളിൽ കാലങ്ങളായി താമസിക്കുന്നവർക്ക് പട്ടയം ലഭിക്കുന്നതിനായി വകുപ്പ് എഞ്ചിനീയർമാരുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എൻ.ഒ.സി. നൽകുവാൻ നടപടി സ്വീകരിക്കുമോ;

(ബി) നിലവിൽ പൊതുമരാമത്ത് വകുപ്പ് എഞ്ചിനീയർമാർക്ക് ഇതിനുള്ള അധികാരം ഒഴിവാക്കിക്കൊണ്ട് സർക്കുലർ ഇറക്കിയിട്ടുള്ളതിനാൽ പുറമ്പോക്ക് നിവാസികളുടെ പട്ടയവകാശ അപേക്ഷകളിന്മേൽ എൻ.ഒ.സി. ലഭിയ്ക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പുറമ്പോക്ക് സ്ഥലങ്ങളിലെ നിവാസികൾക്ക് എൻ.ഒ.സി. നൽകുവാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

**<u>അരുവിക്കര നിയോജക മണ്ഡലത്തിലെ ഓടകൾ വൃത്തിയാക്കുന്നതിനായി ചെലവഴിച്ച തുക</u>**

6669 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 കാലയളവിൽ അരുവിക്കര നിയോജക മണ്ഡലത്തിലെ ഓടകൾ വൃത്തിയാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് ചെലവഴിച്ച തുകയും ഓടകളുടെ നീളവും അറിയിക്കാമോ?

**<u>കെട്ടിട നിർമ്മാണത്തിൽ പരിസ്ഥിതി സൗഹൃദ രീതികൾ</u>**

6670 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെട്ടിട നിർമ്മാണത്തിൽ പരിസ്ഥിതി സൗഹൃദ രീതികൾ അവലംബിക്കണമെന്ന് സർക്കാർ തലത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇതിനായി ഹരിതനിർമ്മാണ നയം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) ഇതിനായി പൊതുമരാമത്ത് ആർക്കിടെക്ച്ചറൽ വിഭാഗത്തെ നവീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) നിലവിൽ ഹരിത സാങ്കേതിക വിദ്യയിൽ പരിശീലനം ലഭിച്ച തെരഞ്ഞെടുക്കപ്പെട്ട ജീവനക്കാരുടെ സേവനം സംസ്ഥാനത്ത് ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

## മാവേലിക്കര നിയോജക മണ്ഡലത്തിലെ നബാർഡ് പ്രവൃത്തികൾ

6671 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ മാവേലിക്കര നിയോജക മണ്ഡലത്തിൽ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികളുടെ വിശദാംശം ഉത്തരവിന്റെ പകർപ്പുകൾ ഉൾപ്പെടെ ലഭ്യമാക്കുമോ;

(ബി) മാവേലിക്കര റയിൽവേ സ്റ്റേഷൻ-പൊന്നേഴ-വാണിക്കുളം-കോയിക്കൽ മാർക്കറ്റ് റോഡ് നിർമ്മാണം എന്ന പദ്ധതി നബാർഡിന്റെ ഏത് പരിപാടിയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും എത്ര തുക അനുവദിച്ചുവെന്നും എന്നാണ് അനുവദിച്ചതെന്നും വിശദമാക്കുമോ; ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

## ഉത്തരവാദിത്ത ടൂറിസം

6672 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിനോദസഞ്ചാര രംഗത്ത് ഉത്തരവാദിത്ത ടൂറിസം മുഖേന നൂതന സംരംഭങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഉത്തരവാദിത്ത ടൂറിസം മുഖേന സംസ്ഥാനത്തിന്റെ ആതിഥേയ മര്യാദകളും തനത് സംസ്കാരങ്ങളും രുചികളും വിദേശ സഞ്ചാരികൾക്ക് ലഭ്യമാക്കാനും അതിനാവശ്യമായ നൈപുണ്യ വികസത്തിന് ആളുകളെ പ്രാപ്തരാക്കുന്നതിനും സർക്കാർ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ;

(സി) കിറ്റ്സ് മുഖേന ഈ മേഖലയിലെ ഇടപെടലുകൾ ശക്തമാക്കാൻ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

## ബയോഡൈവേഴ്സിറ്റി ടൂറിസം സർക്യൂട്ട് പദ്ധതി

6673 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ വിവിധ ടൂറിസം ഡെസ്റ്റിനേഷനുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ബയോഡൈവേഴ്സിറ്റി ടൂറിസം സർക്യൂട്ട് പദ്ധതിയുടെ വിശദ പദ്ധതിരേഖ തയ്യാറാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ ത്വരിതപ്പെടുത്തുമോ; വിശദാംശം ലഭ്യമാക്കുമോ?

## ഇന്ദ്രാഞ്ചിറ ടൂറിസം പദ്ധതി പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി

6674 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-

വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ ടൂറിസം വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ ഇന്ദ്രാഞ്ചിറ ടൂറിസം പദ്ധതി നവീകരിച്ച് പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## പൈതൃക ടൂറിസം പദ്ധതികൾ

6675 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ വി ജോയി**
**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ**
**ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാംസ്കാരിക പൈതൃകം വിദേശ, ആഭ്യന്തര വിനോദസഞ്ചാരികൾക്കായി പ്രദർശിപ്പിക്കുന്നതിനുള്ള സ്പൈസസ് റൂട്ട് പദ്ധതി ഉൾപ്പെടെയുള്ള പൈതൃക ടൂറിസം പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ;

(ബി) മലബാർ മേഖലയുടെ ചരിത്രം, കല, സംസ്കാരം എന്നിവ അനുഭവവേദ്യമാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള തലശ്ശേരി ഹെറിറ്റേജ് പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(സി) തെക്കൻ കേരളത്തിലെ പൈതൃക കെട്ടിടങ്ങളും പുരാണ ക്ഷേത്രങ്ങളും പരസ്പരം ബന്ധിപ്പിച്ചുകൊണ്ടുള്ള തിരുവിതാംകൂർ പൈതൃക പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

## മുസിരിസ് പൈതൃക പദ്ധതി

6676 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുസിരിസ് പൈതൃക പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതിക്കായി എത്ര തുകയാണ് വേണ്ടി വരികയെന്നും നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്നും ഇനിയും എന്തൊക്കെ പ്രവൃത്തികളാണ് ഇതിൽ നടപ്പാക്കാനായി അവശേഷിക്കുന്നതെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ആവശ്യമായ തുക ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്ന ആലപ്പുഴ പൈതൃക പദ്ധതിയിൽ ഇതുവരെ എന്തൊക്കെ നിർമ്മാണങ്ങളാണ് പൂർത്തിയാക്കിയിട്ടുള്ളതെന്നും എത്ര രൂപ ഇതിനായി ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ; ഇനിയും നിർമ്മാണം ആരംഭിക്കാനുള്ളവ ഏതൊക്കെയെന്നും ഇവയുടെ നിർമ്മാണം ആരംഭിക്കാൻ വൈകുന്നത് എന്തുകൊണ്ടാണെന്നും അറിയിക്കാമോ;

(ഡി) നിർമ്മാണം പൂർത്തിയാക്കിയവ പൊതുജനങ്ങൾക്കായി തുറന്ന് കൊടുത്തിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

## ടൂറിസം കേന്ദ്രങ്ങൾ ജനസൗഹൃദമാക്കാൻ നടപടി

6677 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസ്റ്റുകൾ ധാരാളമായി എത്തുന്ന നിലവിലുള്ള ടൂറിസം കേന്ദ്രങ്ങൾ ജനസൗഹൃദമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;

(ബി) ധാരളം വിനോദസഞ്ചാരികൾ എത്തുന്ന ടൂറിസ്റ്റ് കേന്ദ്രങ്ങളിലെല്ലാം ടോയ്‌ലറ്റ്, റിഫ്രഷ്മെന്റ് സൗകര്യങ്ങൾ എന്നിവ ഉറപ്പാക്കാൻ പ്രത്യേക കർമ്മപദ്ധതിക്ക് രൂപം നൽകാമോ;

(സി) സംസ്ഥാനത്ത് ഉടനീളമുള്ള റോഡുകളിൽ ദിശാ ബോർഡുകൾ സ്ഥാപിക്കുമ്പോൾ സമീപത്തെ ടൂറിസം കേന്ദ്രങ്ങളുടെ പേരുകൾ കൂടി അതിൽ ചേർക്കുന്നതിന് നടപടി സ്വീകരിക്കാമോ; വ്യക്തമാക്കുമോ?

## തീർത്ഥാടന ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രവൃത്തികൾ

6678 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീർത്ഥാടന ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) മലബാറിലെ ഏറ്റവും പ്രശസ്തമായ പയ്യന്നൂർ സുബ്രഹ്മണ്യ സ്വാമി ക്ഷേത്രം കേന്ദ്രീകരിച്ച് തീർത്ഥാടന ടൂറിസം പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ അതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

## വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് ക്യാമ്പയിനുകൾ

6679 **ശ്രീമതി യു പ്രതിഭ**
**ശ്രീ ഐ ബി സതീഷ്**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**
**ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയുടെ സാധ്യതകൾ പരിചയപ്പെടുത്തുന്നതിനും വിനോദസഞ്ചാരികളെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിനും ലക്ഷ്യമിട്ട് സംസ്ഥാനത്തും രാജ്യത്തിനകത്തും അന്തർദേശീയ തലത്തിലും വിപണന ക്യാമ്പയിനുകൾ സംഘടിപ്പിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) നൂതന സാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി ആഭ്യന്തര, അന്തർദേശീയ വിനോദസഞ്ചാരികൾക്ക് പ്രയോജനകരമാകും വിധം ട്രാവൽ ഗൈഡുകൾ പുറത്തിറക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ടൂറിസം രംഗത്ത് സർക്കാർ നടത്തുന്ന ക്യാമ്പയിൻ പ്രവർത്തനങ്ങൾ ഈ മേഖലയ്ക്ക് സംഭാവന ചെയ്തിട്ടുള്ള നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

## വിനോദസഞ്ചാര മേഖലയിലെ നൂതന പദ്ധതികൾ

6680 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലക്ക് ഉണർവ് നൽകുന്നതിന് സ്വീകരിച്ച നൂതനമായ പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) വിനോദസഞ്ചാര മേഖലയിൽ കോവിഡിന് ശേഷമുണ്ടായ പ്രതിസന്ധി പരിഹരിക്കുന്നതിനും കൂടുതൽ ടൂറിസം ഡെസ്റ്റിനേഷനുകൾ കണ്ടെത്തുന്നതിനും അവ വിപുലീകരിക്കുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) സംസ്ഥാന സമ്പദ് വ്യവസ്ഥയ്ക്ക് ടൂറിസം മേഖലയിൽ നിന്നും ലഭിക്കുന്ന വരുമാനം സംബന്ധിച്ച കണക്കുകൾ ലഭ്യമാണോ; കഴിഞ്ഞ പത്ത് വർഷത്തെ കണക്കുകൾ വർഷം തിരിച്ച് ലഭ്യമാക്കാമോ?

**<u>മിയാവാക്കി വനം നട്ടുപിടിപ്പിച്ചതിലെ അഴിമതി ആരോപണം</u>**

6681 **ശ്രീമതി കെ.കെ.രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിന്റെ കീഴിൽ മിയാവാക്കി വനവൽക്കരണ പദ്ധതി നടപ്പാക്കിയതിൽ അഴിമതിയുണ്ടെന്ന പരാതിയെ തുടർന്ന് ലോകായുക്ത കേസെടുക്കുകയും പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ ഹാജരാക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് എവിടെയൊക്കെ എത്ര വിസ്തൃതിയിലാണ് മിയാവാക്കി വനം വച്ചുപിടിപ്പിക്കുന്നതിന് ടൂറിസം വകുപ്പ് പദ്ധതി ഇട്ടതെന്ന് വിശദമാക്കുമോ;

(സി) ഇതിനുള്ള ടെൻഡർ നടപടികൾ ആരംഭിച്ചത് എന്നാണെന്നും എത്ര സ്ഥാപനങ്ങളാണ് ടെൻഡറിൽ പങ്കെടുത്തതെന്നും അതിൽ ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത ആദ്യ മൂന്ന് സ്ഥാപനങ്ങളുടെ പേരുവിവരവും അവർ ക്വാട്ട് ചെയ്തിട്ടുള്ള തുകയും സംബന്ധിച്ച വിശദാംശം അറിയിക്കുമോ;

(ഡി) പദ്ധതി നടപ്പാക്കുന്നതിനായി ടെൻഡർ നേടിയത് ഏത് സ്ഥാപനമാണെന്നും പ്രസ്തുത സ്ഥാപനത്തിന് ഈ മേഖലയിലുള്ള മുൻപരിചയം സംബന്ധിച്ച് ലഭ്യമാക്കിയ വിവരങ്ങൾ എന്തൊക്കെയെന്നും വ്യക്തമാക്കാമോ;

(ഇ) മിയാവാക്കി വനവൽക്കരണം സംബന്ധിച്ച മേഖലയിൽ മുൻ പരിചയമുള്ളതും കുറഞ്ഞ തുക ക്വോട്ട് ചെയ്തിരുന്നതുമായ സ്റ്റേറ്റ് അഗ്രി ഹോർട്ടികൾച്ചർ സൊസൈറ്റിയെ മറികടന്നാണോ നിലവിലെ സ്ഥാപനത്തിന് കരാർ നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ; എങ്കിൽ ഇപ്രകാരം കരാർ നൽകുന്നതിനിടയാക്കിയ സാഹചര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(എഫ്) എത്ര വിസ്തൃതിയുള്ള ഭൂമിയിലാണ് വനവൽക്കരണം നടത്തുന്നതിന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതെന്നും ഇതിനായി കരാറിൽ നിശ്ചയിച്ചിരുന്നത് എത്ര തുകയാണെന്നും പദ്ധതി പൂർത്തീകരിക്കപ്പെട്ടതിന് ശേഷം ആകെ എത്ര തുകയാണ് ഈ സ്ഥാപനത്തിന് കൈമാറിയതെന്നും സംബന്ധിച്ച ഇനം തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(ജി) പദ്ധതി നടത്തിപ്പിന്റെ ഭാഗമായി ഈ സ്ഥാപനത്തിന് അധിക തുക അനുവദിക്കേണ്ടതായി വന്നിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം അധിക തുക അനുവദിക്കേണ്ടി വന്നതിനുള്ള സാഹചര്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

## ചിമ്മിനി ഡാം മേഖലയിൽ ഇക്കോ ടൂറിസം പദ്ധതി

6682 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട ചിമ്മിനി ഡാം മേഖലകളിൽ വനം വകുപ്പുമായി സഹകരിച്ച് ടൂറിസ്റ്റുകൾക്ക് പ്രവേശനവും സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനായി ടൂറിസം വകുപ്പ് നടപടി സ്വീകരിക്കുമോ;

(ബി) ചിമ്മിനി ഡാം മേഖലയിൽ ഇക്കോ ടൂറിസം പദ്ധതി നടപ്പാക്കുന്നതിനായി വനം വകുപ്പ് മുഖേന സമർപ്പിച്ചിട്ടുള്ള അഞ്ച് കോടി രൂപയുടെ പ്രൊപ്പോസലിന് അനുമതിയും ഫണ്ടും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## ടൂറിസം കേന്ദ്രങ്ങളിലെ ശുചിത്വം

6683 **ഡോ. കെ. ടി. ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളിൽ ശുചിത്വം ഉറപ്പ് വരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വ്യക്തമാക്കുമോ;

(ബി) ഹൗസ് ബോട്ട് മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; വ്യക്തമാക്കാമോ?

## ആലപ്പുഴ ടൂറിസം പ്രൊമോഷൻ കൗൺസിലിന് കീഴിലുള്ള വിനോദസഞ്ചാര കേന്ദ്രങ്ങൾ

6684 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന് കീഴിലുള്ള വിനോദസഞ്ചാര കേന്ദ്രങ്ങൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത വിനോദസഞ്ചാര കേന്ദ്രങ്ങളുടെ നടത്തിപ്പിനായി താല്പര്യപത്രം ക്ഷണിച്ചുകൊണ്ട് നൽകിയ പത്രപരസ്യത്തിൽ ഏതെല്ലാം സ്ഥാപനങ്ങളെ ഉൾപ്പെടുത്തിയെന്ന് വിശദമാക്കാമോ;

(സി) പത്രപരസ്യത്തിൽ നൽകിയിരുന്ന അതേ തീയതിയിൽ താല്പര്യപത്രം വാങ്ങുന്നതിനും അനന്തര നടപടികൾ സ്വീകരിക്കുന്നതിനും കഴിഞ്ഞിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ഡി) ഏതെങ്കിലും സ്ഥാപനങ്ങളുടെ താല്പര്യപത്രം സമർപ്പിക്കുന്നതിനുള്ള തീയതിയിൽ മാറ്റം വരുത്തിയിരുന്നോയെന്നും അപ്രകാരം മാറ്റം വരുത്തിയ വിവരം പത്രപരസ്യത്തിലൂടെ സംരംഭകരെ അറിയിച്ചിരുന്നോയെന്നും വ്യക്തമാക്കുമോ;

(ഇ) ഓരോ സ്ഥാപനത്തിനുമായി എത്ര അപേക്ഷകൾ സംരംഭകർ വാങ്ങി; അതിൽ എത്ര അപേക്ഷകൾ തിരികെ നൽകി; വിശദമാക്കാമോ;

(എഫ്) പരസ്യത്തിൽ ഉൾപ്പെട്ടതും എന്നാൽ താല്പര്യപത്രം നൽകാതിരുന്നതുമായ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ജി) താല്പര്യപത്ര സമർപ്പണത്തിന് പങ്കെടുത്ത സ്ഥാപനങ്ങൾ, വ്യക്തികൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവ ഏതെല്ലാമായിരുന്നു എന്ന് വിശദമാക്കാമോ; ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾ പ്രസ്തുത താല്പര്യപത്ര സമർപ്പണത്തിൽ പങ്കെടുത്തിട്ടുണ്ടോ; എങ്കിൽ സഹകരണ സംഘം എന്ന നിലയിൽ എന്തെല്ലാം പരിഗണന പ്രസ്തുത സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട് എന്ന് വിശദമാക്കാമോ?

## സ്വദേശി ദർശൻ പദ്ധതി

6685 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന സ്വദേശി ദർശൻ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെ ആണെന്ന് അറിയിക്കാമോ;

(ബി) വിനോദസഞ്ചാര വികസനത്തിലൂടെ ഗ്രാമീണ ജനതയ്ക്ക് വരുമാനദായകമായ ഉപജീവനം ഉറപ്പാക്കുന്നതിന് സ്വദേശി ദർശൻ പദ്ധതി എത്രത്തോളം സഹായകമാകുമെന്ന് വിശദമാക്കാമോ?

## വർക്കല മണ്ഡലത്തിലെ ടൂറിസം അമിനിറ്റീസ് സെന്റർ

6686 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല ഗസ്റ്റ് ഹൗസിനോട് ചേർന്നുള്ള ടൂറിസം അമിനിറ്റീസ് സെന്ററും അനുബന്ധ അടിസ്ഥാന സൗകര്യങ്ങളുള്ള കെട്ടിടവും നവീകരിച്ച് പ്രവർത്തന സജ്ജമാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

## കെ.ടി.ഡി.സി. ജീവനക്കാരുടെ ശമ്പള പരിഷ്കരണം

6687 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ടി.ഡി.സി. ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കെ.ടി.ഡി.സി. യൂണിറ്റുകളിൽ പരിജ്ഞാനമുള്ള ജീവനക്കാരുടെ കുറവുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കെ.ടി.ഡി.സി. യിൽ സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ച് ജീവനക്കാരെ നിയമിക്കുന്നതിനും ട്രാൻസ്ഫർ പോളിസി നടപ്പിലാക്കുന്നതിനും എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## വിനോദസഞ്ചാര വകുപ്പിലെ ജീവനക്കാർ

6688 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര വകുപ്പിൽ സ്ഥിരം ജീവക്കാരുടെയും താല്ക്കാലികാടിസ്ഥാനത്തിലും കരാർ/ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും ജോലി ചെയ്യുന്ന ജീവനക്കാരുടെയും കണക്ക് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വകുപ്പിലെ ഹെഡ് ക്വാർട്ടേഴ്സിൽ വനിത ജീവനക്കാരുടെ ക്ഷേമത്തിനായി വനിതാ കമ്മിറ്റി രൂപകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) വകുപ്പിലെ എസ്.സി., എസ്.ടി. ജീവനക്കാരുടെ പരാതികൾ പരിഹരിക്കുന്നതിനായി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ഡി) എസ്.സി., എസ്.ടി. വിഭാഗത്തിൽപ്പെട്ട സീനിയർ ക്ലാർക്ക്, ജൂനിയർ സൂപ്രണ്ട് എന്നീ തസ്തികകളിലുള്ള എത്ര ജീവനക്കാരെ 2015 ന് ശേഷം അച്ചടക്കനടപടിയുടെ ഭാഗമായി തരംതാഴ്ത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ആയതിന്റെ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(ഇ) ഇങ്ങനെ തരംതാഴ്ത്തപ്പെട്ട ജീവനക്കാരുടെ പരാതികൾ പുന:പരിശോധിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

## <u>വിനോദസഞ്ചാര മേഖലകളുടെ വികസനം</u>

6689 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലോകോത്തര നിലവാരത്തിൽ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്ന വിനോദസഞ്ചാര മേഖലകൾ/സ്ഥലങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥലങ്ങളിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

## <u>ആലപ്പുഴ ടൂറിസം മെഗാ സർക്യൂട്ട് പദ്ധതി ടെർമിനലുകൾ</u>

6690 **ശ്രീ സി ആർ മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ടൂറിസം മെഗാ സർക്യൂട്ട് പദ്ധതിയുടെ ഭാഗമായി പണി കഴിപ്പിച്ച പത്തോളം ടെർമിനലുകൾ ഉപയോഗശൂന്യമായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ടെർമിനലുകളുടെ അറ്റകുറ്റപ്പണികൾക്കായി എത്ര തുക ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;?

## <u>വിലയപറമ്പ് ദ്വീപ് മേഖലയിൽ ടൂറിസം പദ്ധതികൾ</u>

6691 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരവധി ഹോംസ്റ്റേകളും ഹൗസ്ബോട്ട് സർവീസുകളുമുള്ള കവ്വായി കായൽ ഉൾപ്പെടെയുള്ള വലിയപറമ്പ് ദ്വീപ് മേഖലയിൽ ടൂറിസം പശ്ചാത്തല സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടി ഉണ്ടാകുമോ; വ്യക്തമാക്കുമോ?

## <u>ഏറനാട് മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ</u>

6692 **ശ്രീ .പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്തെ ടൂറിസം മേഖലയിൽ നടപ്പിലാക്കിയതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പുതിയ പദ്ധതികൾ ഏതെല്ലാമാണ്; വിശദവിവരം ലഭ്യമാക്കാമോ;

(ബി) ഏറനാട് നിയോജക മണ്ഡലത്തിൽ നിലവിലുള്ള ടൂറിസം പദ്ധതികൾ ഏതെല്ലാമാണെന്നും പുതുതായി ആരംഭിക്കാൻ തീരുമാനിച്ച ടൂറിസം പ്രവൃത്തികൾ ഏതെല്ലാമാണെന്നും അതിനായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും അറിയിക്കുമോ?

## പിറവം മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

6693 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം മണ്ഡലത്തിലെ വിവിധ ടൂറിസം പദ്ധതികൾ ആരംഭിക്കുന്നതിനായി സർക്കാരിലേക്ക് സമർപ്പിച്ച അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ജില്ലാ ടൂറിസം ഓഫീസിൽ നിന്നും റിപ്പോർട്ട് സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) എങ്കിൽ പ്രസ്തുത മണ്ഡലത്തിലെ കാക്കൂർ, കളമ്പൂർ, പാഴൂർ തുടങ്ങിയ സ്ഥലങ്ങൾ ഉൾപ്പെടുത്തി ടൂറിസം സർക്യൂട്ട് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## വടക്കാഞ്ചേരി മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

6694 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വടക്കാഞ്ചേരി മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പിന് കീഴിൽ നടപ്പിലാക്കിയതും നടപ്പിലാക്കി വരുന്നതുമായ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പുഴയ്ക്കൽ കോൾ ലാൻഡ് ടൂറിസം പദ്ധതി, ഉത്തരവാദിത്ത ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി ഉത്തരവാദിത്ത ടൂറിസം മിഷൻ ഡയറക്ടറുടെ നേതൃത്വത്തിൽ പഠനം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

## വിനോദസഞ്ചാര മേഖലയിലെ സ്ത്രീസാന്നിദ്ധ്യം

6695 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര മേഖലയിൽ സർക്കാർ നിക്ഷേപം വർദ്ധിപ്പിച്ച് കൊണ്ട് ടൂറിസം കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പ്രത്യേക പദ്ധതികൾ തയ്യാറാക്കുമോ; വിശദമാക്കാമോ;

(ബി) വിനോദസഞ്ചാര മേഖലയിൽ സ്ത്രീ സാന്നിധ്യം ഉയർത്തുന്നതിന് വേണ്ടി പ്രത്യേക പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

## പരവൂർ കായലിനെയും കടൽത്തീരങ്ങളെയും പ്രയോജനപ്പെടുത്തി വിനോദസഞ്ചാര വികസനം

6696 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇത്തിക്കരയാറ് പരവൂർ കായലുമായി ചേരുന്ന ഭാഗത്ത് കണ്ടൽ കാടുകൾ സ്വാഭാവികമായൊരുക്കിയ കോട്ടയും സമാനമായ പ്രദേശങ്ങളും വിശാലമായ കടൽത്തീരവും പ്രയോജനപ്പെടുത്തി വിനോദസഞ്ചാര വികസനത്തിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് എം.എൽ.എ. നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പരവൂർ കായലിനെയും കടൽത്തീരങ്ങളെയും പ്രയോജനപ്പെടുത്തി വിനോദസഞ്ചാര വികസനത്തിന് ഇതിനകം സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം അറിയിക്കാമോ?

## പൂഞ്ഞാർ മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

6697 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൂഞ്ഞാർ മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പിന് കീഴിൽ നടപ്പിലാക്കിയതും നടപ്പിലാക്കി വരുന്നതുമായ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ?

## ആലപ്പുഴ ടൂറിസം മെഗാ സർക്യൂട്ട് പദ്ധതി

6698 **ശ്രീ സി ആർ മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ടൂറിസം മെഗാ സർക്യൂട്ട് പദ്ധതിക്കായി എത്ര കോടി രൂപ നാളിതുവരെ ചെലവഴിച്ചു എന്നും ഏതൊക്കെ സ്ഥാപനങ്ങൾക്ക് എത്ര രൂപ വിതം നൽകി എന്നും വിശദമാക്കാമോ?

## ആലപ്പുഴ ടൂറിസം മെഗാ സർക്യൂട്ട് ടെർമിനൽ

6699 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ടൂറിസം മെഗാ സർക്യൂട്ട് പദ്ധതിയുടെ ഭാഗമായുള്ള ടെർമിനൽ നിർമ്മാണത്തിനായി സർക്കാർ ഉണ്ടാക്കിയ കരാറുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

## ആലപ്പുഴ ടൂറിസം മെഗാ സർക്യൂട്ട് പദ്ധതി

6700 **ശ്രീ സി ആർ മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ടൂറിസം മെഗാ സർക്യൂട്ട് പദ്ധതിയുടെ പ്രവൃത്തി എന്നാണ് ആരംഭിച്ചത്

എന്നും പദ്ധതി എന്നാണ് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്നും വിശദമാക്കാമോ?

## കണ്ണൂർ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

6701 **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനത്തിനും നടത്തിപ്പിനുമായി ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖേന 2021 മുതൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഏതൊക്കെ പൂർത്തിയായി എന്നും പൂർത്തീകരിക്കാനുള്ളവയുടെ നിലവിലെ പുരോഗതിയും വിശദമാക്കാമോ?

## വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഗ്രീൻ പ്രോട്ടോക്കോൾ

6702 **ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ .പി. കെ. ബഷീർ**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ ഏർപ്പെടുത്തിയിട്ടുണ്ടോ; പ്രസ്തുത കേന്ദ്രങ്ങളിലെ പ്ലാസ്റ്റിക് മാലിന്യം ഒഴിവാക്കുന്നതിന് ഗ്രീൻ പ്രോട്ടോക്കോൾ ഏർപ്പെടുത്തുന്നത് അത്യന്താപേക്ഷിത മാണെന്നത് ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഗ്രീൻ പ്രോട്ടോക്കോൾ ഏർപ്പെടുത്തിയിട്ടില്ലാത്ത വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഇത് അടിയന്തരമായി നടപ്പിലാക്കുമോ; വ്യക്തമാക്കുമോ;

(സി) വിനോദസഞ്ചാര മേഖലയിലെ മാലിന്യ നിക്ഷേപവും പ്ലാസ്റ്റിക്കിന്റെ ഉപയോഗവും തടയുന്നതിന് സ്ഥിരം നിരീക്ഷണ സംവിധാനങ്ങൾ ഏർപ്പെടുത്തുമോ; വിശദമാക്കാമോ?

## .ടൂറിസം മേഖലയിലെ പ്രവർത്തനങ്ങൾ

6703 **ശ്രീ ജി എസ് ജയലാൽ**
**ശ്രീ പി എസ് സുപാൽ**
**ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടൂറിസം മേഖലയെ മികച്ച വരുമാനദായക തൊഴിലാക്കി മാറ്റേണ്ടതിന്റെ ആവശ്യകത പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഫാം ടൂറിസം, കാരവൻ ടൂറിസം, കായൽ ടൂറിസം തുടങ്ങിയ മേഖലകളിൽ യുവ സംരംഭകരെ ആകർഷിക്കുന്നതിനുവേണ്ടി നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ

എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) വിദേശ, ആഭ്യന്തര വിനോദസഞ്ചാരികളുടെ സംസ്ഥാനത്തേക്കുള്ള വരവ് ഒരേ രീതിയിൽ നിലനിർത്തുന്നതിനും ടൂറിസം മേഖലയിൽ തൊഴിലെടുക്കുന്നവർക്ക് സ്ഥിര വരുമാനം ഉറപ്പാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) വനിതകൾ വിനോദസഞ്ചാര മേഖലയിൽ സംരംഭകരായി എത്തുന്നതിനുവേണ്ടി കൂടുതൽ ഇളവുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## വിദേശ സഞ്ചാരികളെ ആകർഷിക്കാൻ പദ്ധതികൾ

6704 **ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയിൽ ആഭ്യന്തര, വിദേശ സഞ്ചാരികളെ ആകർഷിക്കുന്നതിനായി പുതിയ പദ്ധതികൾ ആസൂത്രണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) വിനോദസഞ്ചാരികളെ കേരള കാഴ്ചകൾ പരിചയപ്പെടുത്തുന്നതിനായി പ്രചാരണ പരിപാടികൾക്ക് രൂപം നൽകിയിട്ടുണ്ടോ;

(സി) വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനായി ദേശീയതലത്തിലും രാജ്യാന്തരതലത്തിലും എന്തെല്ലാം പ്രചാരണ പരിപാടികളാണ് വിഭാവനം ചെയ്യുന്നത്; വിശദമാക്കുമോ?

## ടൂറിസത്തിനായുള്ള മൊബൈൽ ആപ്പ്

6705 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടൂറിസം മേഖലകൾ ഉൾപ്പെടുത്തി കൊണ്ടുള്ള മൊബൈൽ ആപ്പ് ടൂറിസം വകുപ്പ് തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ആയത് തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## വിനോദസഞ്ചാര വികസനത്തിൽ സ്വകാര്യ മേഖലയുടെ പങ്കാളിത്തം

6706 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര വികസനത്തിൽ സ്വകാര്യ മേഖലയുടെ പങ്കാളിത്തം മെച്ചപ്പെടുത്തുന്നതിന് വേണ്ടി ഈ സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) വിനോദസഞ്ചാര മേഖലയിൽ ടൂറിസം കോഴ്സ് പഠിച്ചവരെയും ടൂറിസം രംഗത്ത് പരിശീലനം ലഭിച്ചവരെയും ഉപയോഗപ്പെടുത്തി ടൂറിസം വികസനം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കാമോ?

**മലപ്പുറം മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞ പദ്ധതി**

6707 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞ പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണത്തിനായി മൂന്ന് കോടി രൂപ, ഒരു കോടി രൂപ എന്നിവ വീതം ഫണ്ട് അനുവദിച്ച മലപ്പുറം മണ്ഡലത്തിലെ വിദ്യാലയങ്ങളുടെ നിർമ്മാണം മന്ദഗതിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിദ്യാലയങ്ങളുടെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത വിദ്യാലയങ്ങളുടെ നിർമ്മാണത്തിന് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ; എന്തെങ്കിലും സാങ്കേതിക പ്രശ്നങ്ങൾ നിലവിലുണ്ടോ; പ്രസ്തുത പദ്ധതി പ്രകാരം നിർമ്മിക്കുന്ന കെട്ടിടങ്ങൾ അടിയന്തരമായി പൂർത്തീകരിക്കുവാൻ നിർദേശം നൽകുമോ?

**ആലത്തൂർ മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി**

6708 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി ഏതെല്ലാം സ്കൂളുകൾക്ക് എത്ര തുകയ്ക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ പൂർത്തീകരിച്ചവ ഏതൊക്കെയെന്നും പൂർത്തീകരിക്കാത്തവ ഏതൊക്കെയെന്നും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

**കുട്ടികളുടെ പഠന നിലവാരം നിരീക്ഷിക്കുന്ന പദ്ധതി**

6709 **ശ്രീമതി.ഉമ തോമസ്**
**ശ്രീ സി ആർ മഹേഷ്**
**ശ്രീ. ടി.സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാലയങ്ങളിലെ കുട്ടികളുടെ പഠന നിലവാരം നിരീക്ഷിക്കുന്ന പദ്ധതിയുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ വകുപ്പ് എന്തെങ്കിലും തരത്തിലുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രാഥമിക വിദ്യാഭ്യാസത്തെക്കുറിച്ച് വാർഷിക റിപ്പോർട്ടുകൾ പ്രസിദ്ധപ്പെടുത്താറുണ്ടോ; പ്രസ്തുത റിപ്പോർട്ട് ഏറ്റവുമൊടുവിൽ പ്രസിദ്ധീകരിച്ചത് എന്നാണെന്ന് അറിയിക്കുമോ;

(ഡി) കുട്ടികളുടെ പഠന നിലവാരം നിരീക്ഷിക്കുന്നതിനായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**വനമേഖലയിലെ സ്കൂളുകളെ പശ്ചിമഘട്ട താഴ്‌വരയിലെ സ്കൂളുകളുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നടപടി**

6710 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ മണ്ഡലത്തിൽ മലയോര വനമേഖലയിലെ ഗവൺമെൻറ് വി.എച്ച്.എസ്.എസ്. അച്ചൻകോവിൽ, ഗവൺമെൻറ് ടി.സി.എൻ.എം. എച്ച്.എസ്.എസ്. നെടുമ്പാറ, ഗവൺമെൻറ് എച്ച്.എസ്. വലിയകാവ് എന്നീ സ്കൂളുകളെ 2005-ൽ നോട്ടിഫൈ ചെയ്ത പശ്ചിമഘട്ട താഴ്‌വരയിലെ സ്കൂളുകളുടെ പട്ടികയിൽ ഉൾപ്പെടുത്താൻ വിട്ടുപോയതിനാൽ പ്രസ്തുത സ്കൂളുകൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ ലഭ്യമാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൂർണമായും വനത്താൽ ചുറ്റപ്പെട്ട, ഒന്നുമുതൽ 12 വരെ ക്ലാസുകളിലായി ആദിവാസി, തോട്ടം മേഖലയിലെ തൊഴിലാളി കുടുംബങ്ങളിൽ നിന്നുള്ള മുന്നൂറിലധികം കുട്ടികൾ പഠിക്കുന്ന, പശ്ചിമ ഘട്ടത്തിന് താഴെ, തമിഴ്നാട് അതിർത്തിയോട് ചേർന്ന് കിടക്കുന്ന പ്രസ്തുത സ്കൂളുകളെ പശ്ചിമഘട്ട താഴ്‌വരയിലെ സ്കൂളുകളുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) സർക്കാർ സ്കൂളുകളെ പശ്ചിമഘട്ട താഴ്‌വരയിലെ സ്കൂളുകളുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; പ്രസ്തുത ആവശ്യം ഉന്നയിച്ച് മണ്ഡലത്തിൽ നിന്നും നല്കിയിട്ടുള്ള നിവേദനത്തിൻമേൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

## വിദ്യാഭ്യാസ സമ്പ്രദായം പുന:സംഘടിപ്പിക്കുന്നതിന് നടപടി

6711 **ശ്രീ. സജീവ് ജോസഫ്**
**ശ്രീ. ടി.സിദ്ദിഖ്**
**ശ്രീ. എ . പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആധുനിക വിദ്യാഭ്യാസ കാഴ്ചപ്പാടിന് അനുസൃതമായി സ്കൂൾ വിദ്യാഭ്യാസ സമ്പ്രദായം പുന:സംഘടിപ്പിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) ഇതിലൂടെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരത്തിലും ഗ്രഹണപാടവത്തിലും ഉയർച്ചയുണ്ടായതായി വിലയിരുത്തുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) വിദ്യാർത്ഥികൾക്ക് ഉണ്ടാകുന്ന മാനസിക സംഘർഷം ലഘൂകരിക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പ് എന്ത് ഇടപെടലാണ് ഇതിനകം നടത്തിയതെന്ന് വ്യക്തമാക്കാമോ?

## വിദ്യാലയങ്ങളെ ഹൈടെക്ക് ആക്കി മാറ്റുന്ന നടപടി

6712 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളുടെ പഠന നിലവാരം ഉയർത്തുന്നതിന് വേണ്ടി ഏതൊക്കെ വിദ്യാലയങ്ങളെയാണ് ഹൈടെക്ക് ആക്കി മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത വിദ്യാലയങ്ങളെ ഹബ്ബുകൾ ആക്കിമാറ്റുന്നതിനും ഇവയെ കേന്ദ്രീകരിച്ച് മറ്റ് വിദ്യാലയങ്ങളെ സ്പോക്കുകൾ ആക്കി മാറ്റുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പൊതുവിദ്യാലയങ്ങളിൽ ഐ.സി.ടി. ഉപയോഗിച്ചുള്ള പഠന, ബോധന പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ടോ; എങ്കിൽ അവയുടെ വിശദവിവരവും നിലവിലെ സ്ഥിതിയും സംബന്ധിച്ച വിവരം ലഭ്യമാക്കുമോ?

**<u>മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് അപേക്ഷയിൽ പ്രത്യേക അനുമതി</u>**

6713 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി1/240/2019/G.Edn കത്ത് പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പ് പ്രത്യേകാനുമതി നൽകിയ, കിഴിശ്ശേരി ഗണപത് എ.യു.പി. സ്കൂളിലെ അദ്ധ്യാപകനായ ശ്രീ.എൻ. ഹരിഭാസന്റെ മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് അപേക്ഷ ബി3/607/2022/G.Edn. കത്ത് പ്രകാരം നിരസിച്ചതിന്റെ കാരണം വിശദമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷ പുനഃപരിഗണിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

**<u>ഓൺലൈൻ ഡാറ്റാബേസ്</u>**

6714 **ശ്രീ . ഐ .സി .ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൽ സ്കൂൾ വിദ്യാർത്ഥികളുടെയും അദ്ധ്യാപകർ ഉൾപ്പെടെയുള്ള ജീവനക്കാരുടെയും വിവരങ്ങളടങ്ങിയ ഓൺലൈൻ ഡാറ്റാബേസ് ഏതാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഓൺലൈൻ ഡാറ്റാബേസ് അനുബന്ധ സോഫ്റ്റ് വെയർ ഏത് കമ്പനിയാണ് നിർമ്മിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഓൺലൈൻ ഡാറ്റാബേസ് അനുബന്ധ സോഫ്റ്റ് വെയർ സുരക്ഷാമാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

**<u>കക്കയം ഗവ. എൽ.പി. സ്കൂളിന്റെ കെട്ടിട നിർമ്മാണം</u>**

6715 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂരാച്ചുണ്ട് പഞ്ചായത്തിലെ കക്കയം ഗവ. എൽ.പി. സ്കൂളിന്റെ പഴകിയ കെട്ടിടം കെ.എസ്.ഇ.ബി. യുടെ ഉടമസ്ഥതയിലുള്ള ഭൂമിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സ്കൂളിന് കെട്ടിടം പണിയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) കക്കയം ഗവ. എൽ.പി. സ്കൂളിന് കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്ത് വാങ്ങിയ സ്ഥലം ഗതാഗതയോഗ്യമല്ലാത്ത കുന്നിൻ മുകളിലായിട്ടും ആവശ്യമായ പരിശോധന നടത്താതെ കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; ഏത് ഫണ്ടാണ് പ്രസ്തുത സ്ഥലം വാങ്ങിക്കുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനും അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി എല്ലാ സർക്കാർ സ്കൂളുകളും മെച്ചപ്പെട്ട ഭൗതിക സൗകര്യം ഉറപ്പുവരുത്തുമ്പോൾ കക്കയം ഗവ. എൽ.പി. സ്കൂളിന്റെ പഴയ കെട്ടിടം ഉപയോഗിക്കാൻ പറ്റാത്ത സാഹചര്യം സൃഷ്ടിച്ചതിനെക്കുറിച്ച് സർക്കാർ പരിശോധന നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ വകുപ്പ് പ്രസ്തുത വിഷയത്തിൽ അന്വേഷണം നടത്തുമോയെന്ന് അറിയിക്കാമോ;

(ഡി) കക്കയം ഗവ. എൽ.പി. സ്കൂളിന് ഭൂമി വാങ്ങിയത് സംബന്ധിച്ച് വിജിലൻസ് കേസ് നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത കേസ് ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കാമോ?

## കാഞ്ഞിരപ്പള്ളി ഐ.എച്ച്.ആർ.ഡി. ക്ക് സ്ഥലം അനുവദിക്കുന്നതിന് നടപടി

6716 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി പേട്ട ഗവൺമെന്റ് ഹൈസ്കൂൾ ഉടമസ്ഥതയിലുള്ള സ്ഥലം കാഞ്ഞിരപ്പള്ളി ഐ.എച്ച്.ആർ.ഡി.ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി വിട്ടുനൽകുന്ന നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെയും പൊതുവിദ്യാഭ്യാസ വകുപ്പിന്റെയും സംയുക്ത യോഗത്തിലെടുത്ത തീരുമാനം എന്നത്തേക്ക് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(സി) സ്ഥലമില്ലാത്ത കാരണത്താൽ മാത്രം, ഐ.എച്ച്.ആർ.ഡി.ക്ക് മഹാത്മാഗാന്ധി സർവകലാശാല നൽകിയിരിക്കുന്ന അഫിലിയേഷൻ ഈ അദ്ധ്യയന വർഷം കഴിയുന്നതോടെ നഷ്ടപ്പെടുമെന്ന സാഹചര്യം കണക്കിലെടുത്ത് സ്ഥലം അനുവദിക്കുന്ന നടപടികൾ ത്വരിതപ്പെടുത്താമോ?

## പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലെ ആശ്രിത നിയമനം

6717 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ അദ്ധ്യാപക തസ്തികയിൽ ആശ്രിത നിയമനം ലഭിച്ചവരുടെ എണ്ണം എൽ.പി.എസ്.എ., യു.പി.എസ്.എ., എച്ച്.എസ്.എ. എന്നിങ്ങനെ തരംതിരിച്ച് ജില്ലാടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) പൊതുവിദ്യാഭ്യാസ കാര്യാലയത്തിൽ നിന്നും ആശ്രിത നിയമനത്തിനായി എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്നും ആയതിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശവും ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(സി) 2016 ജനവരി മുതൽ പൊതുവിദ്യാഭ്യാസ വകുപ്പിലേക്ക് ക്ലാർക്ക് തസ്തികയിൽ അന്തർ വകുപ്പ് സ്ഥലംമാറ്റം ലഭിക്കുന്നതിനായി എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്നും അവയിൽ തീർപ്പുകല്പിച്ചിട്ടുള്ളതെത്രയെന്നും ജില്ലാടിസ്ഥാനത്തിൽ കണക്കുകൾ ലഭ്യമാക്കുമോ;

(ഡി) അന്തർ വകുപ്പ് സ്ഥലംമാറ്റത്തിനുള്ള അപേക്ഷകളിൽ തക്കതായ കാരണങ്ങളില്ലാതെ അപേക്ഷ നിരസിക്കുകയും പ്രോസസ്സ് ചെയ്യാതിരിക്കുകയും ചെയ്യുന്നത് ഒഴിവാക്കാൻ

സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**<u>സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ യൂണിഫോം നൽകുന്നതിന് നടപടി</u>**

6718 **ഡോ. കെ. ടി. ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അദ്ധ്യയന വർഷം സർക്കാർ സ്കൂളുകളിൽ ഒന്ന് മുതൽ ഏഴുവരെയും എയ്ഡഡ് സ്കൂളിൽ ഒന്ന് മുതൽ നാലുവരെയുമുള്ള ക്ലാസുകളിൽ നിലവിൽ എത്ര കുട്ടികളുണ്ട്; അവർക്ക് ആവശ്യമായ യൂണിഫോം തുണിയുടെ അളവ് എത്രയാണ്; വ്യക്തമാക്കാമോ;

(ബി) സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ഒന്ന് മുതൽ എട്ടുവരെ ക്ലാസുകളിലെ മുഴുവൻ കുട്ടികൾക്കും യൂണിഫോം നൽകുന്ന പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

**<u>സോഫ്റ്റ്‌വെയറിലെ സെക്യൂരിറ്റി ഫീച്ചറുകൾ</u>**

6719 **ശ്രീ . ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസ വകുപ്പിൽ സ്കൂൾ വിദ്യാർത്ഥികളുടെയും അദ്ധ്യാപകർ ഉൾപ്പെടെയുള്ള ജീവനക്കാരുടെയും വിവരങ്ങൾ ചോരാതിരിക്കാൻ സോഫ്‌റ്റ്‌വെയറിൽ എന്തൊക്കെ സെക്യൂരിറ്റി ഫീച്ചറുകളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ?

**<u>പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം</u>**

6720 **ശ്രീ. റോജി എം. ജോൺ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ എം വിൻസെന്റ്**
**ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ ഉയർത്തുന്നതിന് നടപ്പിലാക്കിയ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പുരോഗതി വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങളാക്കുവാൻ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) സ്കൂളുകളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് കിഫ്ബി ധനസഹായത്തോടെയുള്ള പദ്ധതി പ്രകാരമുള്ള നിർമ്മാണ പ്രവർത്തനത്തിൽ ക്രമക്കേട് കണ്ടെത്തിയിരുന്നോ; ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിരുന്നോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ?

**<u>കേന്ദ്ര സർക്കാരിന്റെ പരാഖ് പദ്ധതി</u>**

6721 **ഡോ. കെ. ടി. ജലീൽ**

**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. പി.പി. സുമോദ്**
**ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രാഥമിക, ദ്വിതീയ തലങ്ങളിലെ വിദ്യാഭ്യാസം ലോകോത്തരമാക്കുന്നതിന് ശ്രമം നടത്തുന്ന സാഹചര്യത്തിൽ പരീക്ഷാ രീതികൾ ദേശീയ തലത്തിൽ ഏകീകരിക്കാൻ കേന്ദ്ര സർക്കാർ പരാഖ് എന്ന പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത് സംസ്ഥാനത്തെ വിദ്യാഭ്യാസ പുരോഗതിക്ക് അനുഗുണമാകില്ലെന്ന് കരുതുന്നുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി കേരളത്തിൽ നടപ്പിലാക്കരുതെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടുമോ; വ്യക്തമാക്കുമോ;

(ബി) പദ്ധതി പ്രകാരം കേന്ദ്ര സർക്കാർ സിലബസ് പരിഷ്കരണം തുടരുമ്പോൾ ഇത്തരത്തിലുള്ള ഒരു പദ്ധതി നിക്ഷിപ്ത താത്പര്യത്തോടെയാണെന്ന് കരുതുന്നുണ്ടോ; വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് വിദ്യാഭ്യാസ വിദഗ്ധരോടൊപ്പം ജനപ്രതിനിധികളെയും അദ്ധ്യാപക, രക്ഷകർത്തൃ പ്രതിനിധികളെയും ഉൾപ്പെടുത്തി പൊതുവിദ്യാഭ്യാസ രംഗത്ത് കുട്ടികളുടെ സവിശേഷ ശേഷി വികസിപ്പിക്കാനുതകുന്ന തരത്തിൽ വിദ്യാഭ്യാസ സമ്പ്രദായം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

**<u>എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ് തിരുത്തലുകൾക്കുള്ള നടപടിക്രമങ്ങൾ</u>**

6722 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സെക്കണ്ടറി സ്കൂൾ ലീവിങ് സർട്ടിഫിക്കറ്റിലെ (എസ്.എസ്.എൽ.സി.) തെറ്റുകൾ തിരുത്തി കിട്ടുന്നതിനായി നിശ്ചിത അപേക്ഷ ഫോം പൂരിപ്പിച്ച് അതോടൊപ്പം എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിന്റെ അസ്സലും അപേക്ഷകന്റെ ജനന സർട്ടിഫിക്കറ്റ്, ആധാർ കാർഡ് തുടങ്ങിയ രേഖകളുടെ അസ്സലും മൂന്നുവീതം പകർപ്പുകളും സഹിതം ബന്ധപ്പെട്ട സ്കൂളുകളിൽ സമർപ്പിക്കണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) സ്കൂൾ അധികാരികൾ ആവശ്യമായ പരിശോധന നടത്തി പരീക്ഷ ഭവനിലേക്കയക്കുകയും ജനന സർട്ടിഫിക്കറ്റിലെ വിവരങ്ങളുടെ കൃത്യത പരിശോധിച്ച് ഉറപ്പിക്കുന്നതിനായി ജനന സർട്ടിഫിക്കറ്റ് പരീക്ഷ ഭവനിൽ നിന്നും ബന്ധപ്പെട്ട പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവയുടെ ഓഫീസിലേക്ക് അയക്കുന്നതുമാണോ നിലവിലെ സമ്പ്രദായം എന്ന് വ്യക്തമാക്കുമോ;

(സി) തിരുത്ത് ആവശ്യമായ എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിന്റെ ഉടമയുടെ തിരിച്ചറിയലിന് ആധാരമായ രേഖകളുടെ അസ്സൽ ഓഫീസുകളിൽ നിന്നും ഓഫീസുകളിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നതിനിടയിൽ അവ നഷ്ടപ്പെടാനുള്ള സാധ്യതയുള്ളതിനാൽ അസ്സൽ രേഖകളുടെ നോട്ടറി സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സമർപ്പിച്ചാൽ മതിയാകുമെന്ന തീരുമാനം ഉണ്ടാകുന്നതിനായി നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## <u>ഡിപ്ലോമ ഇൻ എലമെന്ററി എഡ്യൂക്കേഷൻ കോഴ്സ്</u>

6723 **ശ്രീ. പി.വി. ശ്രീനിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി ഡിപ്ലോമ ഇൻ എലമെന്ററി എഡ്യൂക്കേഷൻ (ഡി.എൽ.എഡ്) കോഴ്സ് പരിഷ്കരിക്കാനോ പ്രസ്തുത കോഴ്സ് അവസാനിപ്പിക്കാനോ ഉദ്ദേശ്യമുണ്ടോ; വിശദമാക്കാമോ?

## <u>വിദ്യാർത്ഥികളുടെ സർഗ്ഗവാസന പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി</u>

6724 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ വി കെ പ്രശാന്ത്**
**ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീമതി കാനത്തിൽ ജമീല** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാർത്ഥികളുടെ സർഗ്ഗവാസനകൾ കണ്ടെത്തി അവയെ പരിപോഷിപ്പിക്കുന്നതിനുള്ള ടാലന്റ് ലാബ്, സർഗ്ഗ വിദ്യാലയ, സഹിതം തുടങ്ങിയ പദ്ധതികളിലൂടെ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) വായനയുടെ വസന്തം പരിപാടിയുടെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നിലവിൽ നടത്തിവരുന്നത്; വ്യക്തമാക്കാമോ;

(സി) ലഹരിക്കെതിരായി വായന തന്നെ ലഹരി എന്ന പദ്ധതി വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) എല്ലാ വിദ്യാർത്ഥികൾക്കും കല, കായിക, പ്രവൃത്തി പരിചയ വിദ്യാഭ്യാസം കിട്ടത്തക്ക രീതിയിൽ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; അറിയിക്കുമോ;

(ഇ) ക്ലസ്റ്ററുകളുടെ അടിസ്ഥാനത്തിൽ ഒഴിവ് ദിവസങ്ങളിൽ ഓരോ ഇനത്തിലും വിവിധ കേന്ദ്രങ്ങളിൽ വച്ച് പരിശീലനം നൽകുന്നതിനുള്ള പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

## <u>ദേശീയ വിദ്യാഭ്യാസ നയം</u>

6725 **ഡോ. കെ. ടി. ജലീൽ**
**ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ ജി സ്റ്റീഫൻ**
**ശ്രീ. കെ.കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ വിദ്യാഭ്യാസ നയത്തിന്റെ അടിസ്ഥാനത്തിൽ ആറ് വയസ്സ് തികഞ്ഞ കുട്ടികളെ മാത്രമേ ഒന്നാം ക്ലാസ്സിലേക്ക് പ്രവേശനം നൽകാൻ പാടുള്ളുവെന്ന കേന്ദ്ര സർക്കാർ നിർദേശം സംബന്ധിച്ച് അദ്ധ്യാപക സംഘടനകളുമായും വിദ്യാർത്ഥികളുടെ രക്ഷകർത്താക്കളുമായും ഈ രംഗത്തെ പ്രഗത്ഭരുമായും ചർച്ച നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിൽ ജാതി ചേർക്കുന്നതിനുള്ള നടപടിക്രമങ്ങൾ

6726 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളിൽ ചേർക്കുന്ന സമയത്ത് ജാതി ചേർക്കാത്ത വിദ്യാർത്ഥികൾക്ക് പിന്നീട് എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിൽ ജാതി ചേർക്കാൻ അവസരം നൽകുന്നുണ്ടോ;

(ബി) എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിൽ ജാതി ചേർത്ത് കിട്ടാൻ നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) ജാതി ചേർക്കാൻ സാധിക്കില്ല എങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(ഡി) അത്തരത്തിൽ ഉള്ളവർക്ക് സംവരണം ലഭിക്കുവാൻ ഉള്ള സാഹചര്യമുണ്ടാകുവാൻ എന്തൊക്കെ മാർഗങ്ങളാണുള്ളത്; വിശദമാക്കാമോ?

## ഒളവണ്ണ എ.എം.എൽ.പി. സ്കൂൾ ഏറ്റെടുക്കൽ

6727 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒളവണ്ണ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള തുമ്പയിൽ എ.എം.എൽ.പി.സ്കൂൾ സർക്കാർ ഏറ്റെടുക്കുന്നത് സംബന്ധിച്ച് എൻ1/23/2022/പൊ.വി.വ. ഫയലിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) വർഷങ്ങളായി പ്രവർത്തിച്ചുവരുന്ന പ്രസ്തുത സ്കൂൾ ഏറ്റെടുക്കുന്നപക്ഷം സർക്കാരിന് പ്രത്യേക സാമ്പത്തിക ബാധ്യത ഉണ്ടാവാത്ത സാഹചര്യത്തിൽ ധനകാര്യ വകുപ്പ് അനുകൂല തീരുമാനം അറിയിച്ചിട്ടും അഞ്ച് കിലോമീറ്റർ ചുറ്റളവിനുള്ളിൽ നിലവിലുള്ള എൽ.പി./യു.പി. സ്കൂളുകളുടെ വിവരം തേടി ഫയൽ മടക്കുന്നതിന് ഇടയാക്കിയ സാഹചര്യം വിശദമാക്കാമോ;

(സി) പ്രസ്തുത ഫയലിന്മേൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

## വെള്ളിക്കുളങ്ങര സർക്കാർ എൽ.പി. സ്കൂളിന്റെ നവീകരണം

6728 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളുടെ നവീകരണത്തിനായി പൊതുവിദ്യാഭ്യാസ വകുപ്പ് തുക അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ;

(ബി) പുതുക്കാട് മണ്ഡലത്തിൽ മറ്റത്തൂർ ഗ്രാമപഞ്ചായത്തിലെ വെള്ളിക്കുളങ്ങര സർക്കാർ എൽ.പി. സ്കൂളിന്റെ അടിസ്ഥാനസൗകര്യ വികസനത്തിന് നടപടി സ്വീകരിക്കുമോ?

## കോട്ടക്കൽ മണ്ഡലത്തിലെ സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തികൾ

6729 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയിൽ ഉൾപ്പെടുത്തി 2016 മുതൽ

നാളിതുവരെ കോട്ടക്കൽ മണ്ഡലത്തിൽ അനുവദിച്ച സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ എത്ര എണ്ണം പൂർത്തീകരിച്ചിട്ടുണ്ടെന്നും ഇനി പൂർത്തീകരിക്കാൻ ഉള്ളവയിൽ എത്ര എണ്ണത്തിന്റെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ടെന്നും അറിയിക്കുമോ;

(സി) പൂർത്തിയായിട്ടില്ലാത്ത പ്രവൃത്തികളുടെ നിലവിലെ അവസ്ഥ വിശദമാക്കുമോ; പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

## <u>വിദ്യാർത്ഥികൾക്ക് നൽകുന്ന സൗകര്യങ്ങൾ</u>

6730 **ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഠന-പഠനേതര പ്രവർത്തനങ്ങൾക്കൊപ്പം സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് എന്തെല്ലാം സൗകര്യങ്ങളാണ് പൊതുവിദ്യാഭ്യാസ വകുപ്പ് നൽകി വരുന്നതെന്ന് വിശദമാക്കാമോ;

(ബി) മധ്യവേനൽ സ്കൂൾ അവധിയ്ക്ക് മുമ്പുതന്നെ വിദ്യാർത്ഥികൾക്ക് സൗജന്യ പാഠപുസ്തകങ്ങളും യൂണിഫോമും അരിയും ഒരുമിച്ച് വിതരണം ചെയ്യുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ സ്കൂളുകളിൽ പഠിക്കുന്ന എത്ര ലക്ഷം വിദ്യാർത്ഥികൾക്കാണ് പ്രസ്തുത ആനുകൂല്യങ്ങൾ ലഭിക്കുകയെന്നും അതിനായി ആകെ എത്ര തുക ചെലവ് വരുമെന്നും അറിയിക്കാമോ?

## <u>നബാർഡ് ഫണ്ട് ഉപയോഗിച്ചുള്ള സ്കൂൾ കെട്ടിട നിർമ്മാണം</u>

6731 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നബാർഡ് ഫണ്ട് ഉപയോഗിച്ച് ഏതെല്ലാം സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) നബാർഡ് ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിനായി എത്ര പ്രൊപ്പോസലുകളാണ് സർക്കാരിന് ലഭിച്ചിട്ടുള്ളത്/സർക്കാരിന്റെ പരിഗണനയിലുള്ളതെന്നും അവ ഏതെല്ലാമാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ?

## <u>ശാസ്ത്ര പാർക്ക് പദ്ധതി</u>

6732 **ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ കുട്ടികളിൽ അന്വേഷണ താല്പര്യവും ശാസ്ത്ര സർഗ്ഗാത്മകതയും

വളർത്തുന്നതിനും ശാസ്ത്ര തത്വങ്ങൾ പ്രായോഗികമായി മനസ്സിലാക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനുമായി സ്കൂളുകളിൽ ശാസ്ത്ര പാർക്ക് പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് കാലാവസ്ഥ പഠനവുമായി ബന്ധപ്പെട്ട് സ്കൂളുകളിൽ മൂന്ന് വെതർ സ്റ്റേഷനുകൾ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കുട്ടികളിൽ ശാസ്ത്ര ബോധവും യുക്തി ബോധവും വളർത്തുന്നതിനായി ഈ സർക്കാർ നടപ്പാക്കുന്ന വിവിധ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

## <u>പൊതുവിദ്യാലയങ്ങളിൽ ഒന്നാം ക്ലാസ്സിൽ ചേർന്ന കുട്ടികൾ</u>

6733 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 അധ്യയന വർഷത്തിൽ പൊതുവിദ്യാലയങ്ങളിൽ ഒന്നാം ക്ലാസ്സിൽ ചേർന്ന കുട്ടികളുടെ എണ്ണം എത്രയാണെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ;

(ബി) ആയത് കഴിഞ്ഞ വർഷത്തേക്കാൾ കൂടുതലാണോ; വിശദാംശം അറിയിക്കാമോ;

(സി) കുട്ടികളുടെ വർദ്ധനവിന്റെ അടിസ്ഥാനത്തിൽ ഈ മേഖലയിൽ എത്ര അധിക തസ്തിക സൃഷ്ടിക്കേണ്ടിവരും; വിശദാംശം അറിയിക്കാമോ;

(ഡി) കാസർഗോഡ് ജില്ലയിൽ 2022-23 അധ്യയന വർഷത്തിൽ ഒന്നാം ക്ലാസ്സിൽ ഏറ്റവും കൂടുതൽ കുട്ടികൾ ചേർന്ന സർക്കാർ വിദ്യാലയം ഏതാണെന്ന് അറിയിക്കാമോ?

## <u>ഹയർ സെക്കണ്ടറി ബാച്ച് പുന:ക്രമീകരണം</u>

6734 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി സ്കൂളുകളിൽ ബാച്ച് പുന:ക്രമീകരണവുമായി ബന്ധപ്പെട്ട് സർക്കാർ രൂപീകരിച്ച സമിതിയുടെ തെളിവെടുപ്പ് പൂർത്തിയായിട്ടുണ്ടോ; സമിതിയുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്നതും ഉയർന്ന വിജയശതമാനം ഉള്ളതുമായ മലബാർ മേഖലയിൽ ഉന്നത പഠനത്തിന് യോഗ്യത നേടുന്ന മുഴുവൻ കുട്ടികൾക്കും ഇഷ്ടവിഷയത്തിൽ ഉപരിപഠനം സാധ്യമാക്കുന്ന തരത്തിൽ ഹയർ സെക്കണ്ടറി ബാച്ചുകൾ പുന:ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## <u>കാസർഗോഡ് ജില്ലയിലെ പ്രൈമറി അറബിക് അദ്ധ്യാപക തസ്തിക</u>

6735 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഗവൺമെന്റ്, എയ്ഡഡ് മേഖലകളിൽ എത്ര പ്രൈമറി അറബിക് അദ്ധ്യാപക തസ്തികകളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തികളിലേക്ക് യോഗ്യരായ അദ്ധ്യാപകരെ ലഭിക്കണമെങ്കിൽ ജില്ലയിൽ ഡിപ്ലോമ ഇൻ എലമെന്ററി എഡ്യൂക്കേഷൻ (ഡി.എൽ.എഡ്.) പഠന സെന്റർ അത്യന്താപേക്ഷിതമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഡിപ്ലോമ ഇൻ എലമെന്ററി എഡ്യൂക്കേഷൻ (ഡി.എൽ.എഡ്.) അറബിക് പഠന സെന്റർ ഉണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) കാസർഗോഡ് ഡയറ്റിൽ (ഡിസ്ട്രിക്ട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ ആൻഡ് ട്രെയിനിംഗ് ) ഡിപ്ലോമ ഇൻ എലമെന്ററി എഡ്യൂക്കേഷൻ (ഡി.എൽ.എഡ്.) അറബിക് കോഴ്സ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## <u>ചലഞ്ച് ഫണ്ട് ഉപയോഗിച്ച് ലാബ് നിർമ്മിക്കുന്നതിന് അനുമതി</u>

6736 **ശ്രീ .പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിലെ എടവണ്ണ ജാമിയ നദ്‌വിയ ഹയർസെക്കണ്ടറി സ്കൂളിൽ ഹൈസ്കൂൾ വിഭാഗത്തിൽ ചലഞ്ച് ഫണ്ട് ഉപയോഗിച്ച് ലാബ് സജ്ജീകരിക്കുന്നതിനായി ഭരണാനുമതി നൽകണമെന്നാവശ്യപ്പെട്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയ 03.02.2022-ലെ അപേക്ഷയിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത അപേക്ഷ ഇപ്പോൾ എവിടെയാണെന്നും പ്രസ്തുത ലാബ് നിർമ്മാണത്തിന് മാനദണ്ഡങ്ങൾ പ്രകാരം ചലഞ്ച് ഫണ്ട് അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ അതിനുള്ള തടസ്സമെന്താണെന്നും അക്കാര്യം അടിയന്തരമായി പരിശോധിച്ച് മാനദണ്ഡങ്ങൾ പ്രകാരം ചലഞ്ച് ഫണ്ട് അനുവദിച്ച് ലാബ് നിർമ്മാണത്തിന് ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുമോയെന്നും അറിയിക്കുമോ?

## <u>എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി പരീക്ഷകൾ നടത്തുന്നതിനുള്ള മുൻകരുതലുകൾ</u>

6737 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി പരീക്ഷകൾ കുറ്റമറ്റനിലയിൽ നടപ്പാക്കുന്നതിന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയ പ്രവർത്തനങ്ങൾ ഈ സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇത്തവണത്തെ എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി പരീക്ഷകൾ കൂടുതൽ സൗകര്യപ്രദവും സുരക്ഷിതവും കൃത്യനിഷ്ഠയോടും കൂടി നടത്തുന്നതിന് എന്തെല്ലാം മുൻകരുതൽ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) സമയബന്ധിതമായും കുറ്റമറ്റനിലയിലും എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി പരീക്ഷാഫലങ്ങൾ പ്രഖ്യാപിക്കുന്നതിനും അതിനുള്ള ചിട്ടയായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ഡി) എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി പരീക്ഷ എഴുതുന്ന വിദ്യാർത്ഥികളുടെ

എണ്ണത്തിൽ മുൻ വർഷത്തെക്കാൾ ഈ വർഷം എത്ര കുറവ് ഉണ്ടാകുമെന്ന് വെളിപ്പെടുത്താമോ?

**വൊക്കേഷണൽ ഹയർ സെക്കണ്ടറി മേഖലയിൽ നൈപുണ്യ പദ്ധതി**

6738 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൊക്കേഷണൽ ഹയർ സെക്കണ്ടറി മേഖലയിൽ എൻ.എസ്.ക്യൂ.എഫ്. പാഠ്യപദ്ധതി നടപ്പിലാക്കുന്നതിനായി നിലവിലുള്ള ഇൻസ്ട്രക്ടർ, ലാബ് അസിസ്റ്റൻറ് മുതലായ തസ്തികയിലുള്ള ജീവനക്കാരുടെ പുനർവിന്യാസം ഈ അധ്യയന വർഷം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത മേഖലയിൽ നൈപുണ്യ പദ്ധതി വ്യാപിപ്പിക്കുവാൻ സ്കിൽ സെന്ററുകൾ ബ്ലോക്കുകൾ തോറും ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇത് എന്നത്തേയ്ക്ക് നടപ്പാക്കും; വിശദമാക്കാമോ?

**സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം സമർപ്പിച്ച അപേക്ഷ**

6739 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈരാറ്റുപേട്ട ഗവൺമെൻറ് ഹയർ സെക്കണ്ടറി സ്കൂളിൽ അദ്ധ്യാപിക ആയിരിക്കെ മരണമടഞ്ഞ ഡോ. ആശാദേവി എം.എസ്. ന്റെ സഹോദരൻ ശ്രീ.അനീഷ് കുമാർ എം.എസ്., സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം സമർപ്പിച്ച അപേക്ഷയോടൊപ്പം മരണപ്പെട്ട ജീവനക്കാരി സംരക്ഷിത ജീവനക്കാരി ആയിരുന്നില്ല എന്ന സാക്ഷ്യപത്രം, സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം മറ്റാരും അപേക്ഷിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം, പ്രസ്തുത ആനുകൂല്യം കുടുംബത്തിലെ മറ്റാരും ഉപയോഗപ്പെടുത്തിയിട്ടില്ല എന്ന സാക്ഷ്യപത്രം എന്നിവ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയ പ്രസ്തുത സാക്ഷ്യപത്രങ്ങളുടെ പകർപ്പ് ലഭ്യമാക്കാമോ; പ്രസ്തുത വിഷയം സംബന്ധിച്ച ഫയൽ ഇപ്പോൾ ആരുടെ പക്കലാണെന്നും ഫയലിന്റെ തുടർ നടപടി ആരംഭിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ;

(സി) സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരം അപേക്ഷ സമർപ്പിക്കുമ്പോഴും അതത് ഡി.ഡി. ഓഫീസിൽ നിന്നും അപേക്ഷ അയക്കുമ്പോഴും ആവശ്യമായ രേഖകളുടെ ചെക്ക് ലിസ്റ്റ് പൊതുവിദ്യാഭ്യാസ വകുപ്പ് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

**പെരുവള്ളൂർ ഹയർസെക്കണ്ടറി സ്കൂളിൽ പ്ലസ് ടു അധിക ബാച്ച്**

6740 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ പെരുവള്ളൂർ ഗ്രാമപഞ്ചായത്തിലെ ഏക സർക്കാർ ഹയർസെക്കണ്ടറി സ്കൂളായ പെരുവള്ളൂർ ഹയർസെക്കണ്ടറി സ്കൂളിൽ പ്ലസ് ടു വിദ്യാഭ്യാസത്തിന് അധിക ബാച്ച് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) വിദ്യഭ്യാസപരമായി പിന്നാക്കാവസ്ഥയിലുള്ള പ്രസ്തുത പ്രദേശത്ത് തുടർ പഠനത്തിന് മറ്റ് മാർഗ്ഗങ്ങൾ ഇല്ലാത്തതിനാൽ പെരുവള്ളൂർ ഹയർസെക്കണ്ടറി സ്കൂളിൽ കൂടുതൽ പ്ലസ് ടു ബാച്ചുകൾ അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

## എച്ച്.എസ്.എ. ഇംഗ്ലീഷ് കേഡർ

6741 **ശ്രീ. എ . പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈക്കോടതി നിർദ്ദേശം ഉണ്ടായിട്ടും എച്ച്.എസ്.എ. ഇംഗ്ലീഷ് കേഡർ രൂപീകരിക്കുന്നതിനുള്ള നടപടികളിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) കൂടുതൽ തസ്തികകൾ അനുവദിച്ചുകൊണ്ട് അടുത്ത അദ്ധ്യയന വർഷം മുതൽ സർക്കാർ വിദ്യാലയങ്ങളിൽ ഇംഗ്ലീഷ് ഭാഷ അദ്ധ്യാപകരുടെ സേവനം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം

6742 **ശ്രീ . ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം സംബന്ധിച്ച് വിദ്യാഭാസ വകുപ്പ് 2022, 2023 വർഷങ്ങളിൽ എത്ര ബോധവൽക്കരണ ക്ലാസുകൾ നടത്തി എന്ന വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

## അദ്ധ്യാപകർക്കും മാതാപിതാക്കൾക്കും ലഹരി വിരുദ്ധ പരിശീലനം

6743 **ശ്രീ . ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികൾക്കിടയിലെ ലഹരി വസ്തുക്കളുടെ ഉപയോഗം തടയാനായി അദ്ധ്യാപകർക്കും മാതാപിതാക്കൾക്കും പരിശീലനം നടത്തിവരുന്നുണ്ടോ; എങ്കിൽ ഈ സർക്കാരിന്റെ കാലയളവിൽ എത്ര പരിശീലനങ്ങൾ നടത്തി എന്ന വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

## പ്ലസ് വണ്ണിന് സീറ്റ് വർദ്ധിപ്പിക്കുവാൻ നടപടി

6744 **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി**
**ശ്രീ കെ ബി ഗണേഷ് കുമാർ**
**ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി പരീക്ഷകളുടെ ഫലം സമയബന്ധിതമായി പ്രഖ്യാപിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഈ വർഷം എസ്.എസ്.എൽ.സി. പാസാകുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും പ്ലസ് വണ്ണിന് അഡ്മിഷൻ ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട് മലബാർ മേഖലയിൽ പ്ലസ് വണ്ണിന് സീറ്റ് വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) പ്ലസ് വണ്ണിന്റെ സ്കൂൾ മാറ്റം, വിഷയ മാറ്റം എന്നീ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടത്താൻ മുന്നൊരുക്കം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

**<u>ഐ.ടി. ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ</u>**

6745 **ശ്രീമതി കെ.കെ.രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലെ സ്കൂളുകളിലും ഓഫീസുകളിലും ഐ.ടി. ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഭേദഗതി ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായോ; വ്യക്തമാക്കാമോ;

(ബി) മാർഗ്ഗനിർദ്ദേശങ്ങളിൽ എന്തൊക്കെ ഭേദഗതികളാണ് പുതുതായി വരുത്തിയിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമുള്ള ഐ.ടി. ഉപകരണങ്ങൾ GeM പോർട്ടലിൽ ലഭ്യമാണോ; മറ്റേതെല്ലാം അംഗീകൃത ഏജൻസികളാണ് പുതുക്കിയ മാനദണ്ഡങ്ങൾ പ്രകാരമുള്ള ഐ.ടി. ഉപകരണങ്ങൾ സംസ്ഥാനത്ത് വിതരണം ചെയ്യുന്നത്; വ്യക്തമാക്കാമോ;

(ഡി) എം.എൽ.എ. യുടെ ആസ്തി വികസന പദ്ധതി മുഖേന ഇതിനോടകം സപ്ലൈ ചെയ്ത ഉല്പന്നങ്ങൾക്കുള്ള പണം ലഭിക്കാത്തതിനാൽ മുൻകൂർ പണം നൽകാതെ സ്കൂളുകൾക്ക് പുതുതായി ഐ.ടി. ഉപകരണങ്ങൾ വാങ്ങി നൽകുന്നതിന് അംഗീകൃത ഏജൻസിയായ കെൽട്രോൺ തയ്യാറാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) കെൽട്രോണിന്റെ ഈ നടപടി മൂലം ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ഐ.ടി. ഉപകരണങ്ങൾ വാങ്ങി നൽകാനും ഇതിനോടകം ഇതിലേക്കായി നീക്കിവെച്ച ഫണ്ട് ഉപയോഗിക്കാനും കഴിയാത്ത സാഹചര്യം പരിശോധിക്കുകയുണ്ടായോ;

(എഫ്) എങ്കിൽ സംസ്ഥാനത്തെ വിദ്യാലയങ്ങൾക്ക് എം.എൽ.എ. ഫണ്ടിൽ നിന്നും ഐ.ടി. ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനായി മുൻ വർഷങ്ങളിൽ ഫണ്ട് നീക്കിവെച്ച പ്രവൃത്തികൾക്ക് പുതിയ മാനദണ്ഡങ്ങളിൽ ഇളവ് നൽകുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ?

**<u>കോടംതുരുത്ത് ഗവ. എൽ.പി. സ്കൂൾ കെട്ടിടനിർമ്മാണം</u>**

6746 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ കോടംതുരുത്ത് ഗവ. എൽ.പി. സ്കൂൾ കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് സർക്കാരിന് സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

**<u>മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി ഗവ. ഹയർ സെക്കണ്ടറി സ്കൂളിന്റെ നിർമ്മാണം</u>**

6747 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി ഗവ. ഹയർ സെക്കണ്ടറി സ്കൂളിന്റെ നിർമ്മാണത്തിന് ചെലവഴിച്ച തുക എത്രയാണ്; ഏത് ഫണ്ട് ഉപയോഗിച്ചാണ് നിർമ്മാണം നടത്തിയിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്കൂൾ കെട്ടിട നിർമ്മാണം പൂർത്തീകരിച്ച തീയതി, കെട്ടിടം ഉദ്ഘാടനം ചെയ്ത തീയതി എന്നിവ അറിയിക്കാമോ;

(സി) നിർമ്മാണം പൂർത്തീകരിച്ച പ്രസ്തുത സ്കൂൾ കെട്ടിടത്തിൽ എന്തെല്ലാം സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും പുതിയ എത്ര ക്ലാസ്സ് മുറികൾ ഉണ്ടെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കെട്ടിടത്തിന് ഇതുവരെ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ആയത് ലഭ്യമാക്കുന്നതിന് നടപടി എടുത്തിട്ടുണ്ടോ എന്നും എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടെങ്കിൽ അത് നീക്കി പ്രസ്തുത കെട്ടിടത്തിൽ വിദ്യാർത്ഥികൾക്ക് പഠന സൗകര്യമൊരുക്കാൻ അടിയന്തര ഇടപെടൽ നടത്തുമോയെന്നും വ്യക്തമാക്കുമോ?

## എൽ.പി.സ്കൂൾ അസിസ്റ്റന്റുമാരുടെ ഒഴിവുകൾ

6748 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എൽ.പി.സ്കൂൾ അസിസ്റ്റന്റുമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്; ജില്ല തിരിച്ചുള്ള വിവരം നൽകാമോ;

(ബി) പ്രസ്തുത ഒഴിവുകളിൽ എത്ര എണ്ണം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) 2025 മെയ് 31 വരെ വിരമിക്കൽ മൂലമോ സ്ഥാനക്കയറ്റം മൂലമോ പ്രതീക്ഷിക്കുന്ന എൽ.പി. സ്കൂൾ അസിസ്റ്റന്റ് ഒഴിവുകളുടെ ജില്ല തിരിച്ചുള്ള വിവരം നൽകാമോ;

(ഡി) 2022-23 വർഷത്തെ സ്റ്റാഫ് ഫിക്സേഷൻ നടപടിക്രമങ്ങൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## സംസ്കൃത അദ്ധ്യാപകർ

6749 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ, എയ്ഡഡ് മേഖലയിൽ എൽ.പി., യു.പി., ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വിഭാഗങ്ങളിൽ എത്ര സംസ്കൃത അദ്ധ്യാപകർ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഒന്ന് മുതൽ നാലുവരെയുള്ള ക്ലാസ്സുകളിൽ സംസ്കൃത അദ്ധ്യാപക തസ്തിക ഉണ്ടോ; വിശദമാക്കാമോ; ഇല്ലെങ്കിൽ ഈ ക്ലാസുകളിൽ കുട്ടികളെ സംസ്കൃതം

പഠിപ്പിക്കുന്നതിനായി ഏത് തസ്തികയിൽ ഉള്ളവരെയാണ് നിയോഗിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പാർട്ട് ടൈം സംസ്കൃത അദ്ധ്യാപകരുടെ സേവനം ഫുൾ ടൈം ആയി അംഗീകരിച്ച് വരുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## <u>ഹൈടെക് ക്ലാസ് മുറികൾ പദ്ധതി</u>

6750 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈടെക് ക്ലാസ് മുറികൾ എന്ന പദ്ധതിയുടെ ഭാഗമായി ഏതൊക്കെ സ്കൂളുകളിൽ എന്തൊക്കെ ഉപകരണങ്ങൾ നൽകിയിട്ടുണ്ടെന്ന വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ; ഇതിൽ എത്ര ഉപകരണങ്ങൾ നിലവിൽ പ്രവർത്തനക്ഷമമാണെന്ന് വിശദമാക്കാമോ?

## <u>ബഡ്സ് സ്കൂളുകളിലെ പ്രത്യേക ഉപജീവന പദ്ധതി</u>

6751 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബഡ്സ് സ്കൂളുകളിലെ വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും ഉപജീവനം ലക്ഷ്യമാക്കി കഴിഞ്ഞ സാമ്പത്തിക വർഷം ആരംഭിച്ച പ്രത്യേക ഉപജീവന പദ്ധതിയുടെ പുരോഗതി പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം ബഡ്സ് സ്കൂളുകളിലെ ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളിലാണ് പ്രസ്തുത പദ്ധതി ആരംഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) നിലവിൽ പ്രസ്തുത പദ്ധതിയ്ക്ക് ഏതെല്ലാം ഏജൻസികളുടെ പരിശീലനം ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്; അറിയിക്കുമോ;

(ഡി) ബഡ്സ് ഉല്പന്നങ്ങളുടെ ബ്രാൻഡിങ്ങിന് ആവശ്യമായ ഡിസൈനിങ്ങും മറ്റ് മാർഗ്ഗരേഖകളും തയ്യാറാക്കുന്നതിനും പരിശീലനം നൽകുന്നതിനും ഏതെല്ലാം ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; അറിയിക്കുമോ;

(ഇ) പ്രസ്തുത പദ്ധതി ലക്ഷ്യത്തിലേക്ക് എത്തിച്ചേരുന്നതിന് വേണ്ടി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും വിപണനം വ്യാപിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

## <u>സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതിയ്ക്കുള്ള തുക</u>

6752 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതിയ്ക്കായി 2023-24 സാമ്പത്തിക വർഷത്തിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഇന്ധനച്ചെലവ്, പാചകത്തൊഴിലാളികളുടെ ശമ്പളം എന്നിവയ്ക്ക് പ്രത്യേകം തുക നീക്കി വച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഉച്ചഭക്ഷണത്തിനായി വിദ്യാർത്ഥികൾക്ക്

അനുവദിച്ചിട്ടുള്ള വിഹിതത്തിൽ നിന്നും ഈ ചെലവ് നിർവഹിക്കേണ്ടി വരുമോ; വ്യക്തമാക്കുമോ?

**ബഡ്സ് സ്ഥാപനങ്ങളിൽ നിർമ്മിക്കുന്ന ഉല്പന്നങ്ങൾ ബ്രാൻഡ് ചെയ്യുന്നതിന് നടപടി**

6753 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാന പൊതുവിദ്യാഭ്യാസ വകുപ്പിന് ലഭിച്ച അംഗീകാരങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) സംസ്ഥാനത്ത് ബഡ്സ് സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളും രക്ഷിതാക്കളും ചേർന്ന് നിർമ്മിക്കുന്ന ഉല്പന്നങ്ങൾ ബ്രാൻഡ് ചെയ്യുന്നതിനും വിപണി കണ്ടെത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കാമോ;

(സി) തിരുവനന്തപുരം ജില്ലയിലെ ബഡ്സ് സ്കൂളുകളിലെ വിദ്യാർത്ഥികളും രക്ഷകർത്താക്കളും ചേർന്ന് നിർമ്മിക്കുന്ന ഉല്പന്നങ്ങൾ ഇതൾ എന്ന ബ്രാൻഡിൽ വിപണിയിലെത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ; ഇതിനായി ബഡ്സ് സ്കൂളുകൾക്ക് ഏതെല്ലാം ഏജൻസികളുടെ സഹകരണം ഉറപ്പാക്കുവാൻ സാധിച്ചിട്ടുണ്ട്;

(ഡി) ഉല്പന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിനും വിപുലമായ വിപണി സൗകര്യങ്ങൾ കണ്ടെത്തുന്നതിനും സമാന സ്വഭാവമുള്ള സ്ഥാപനങ്ങളുമായി സഹകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ?

**മധ്യവേനലവധിക്ക് മുമ്പ് പാഠപുസ്തകങ്ങളും യൂണിഫോമും നൽകുന്നതിന് നടപടി**

6754 **ശ്രീ വി ജോയി**
**ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ. എച്ച്. സലാം**
**ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂളുകളിൽ മധ്യവേനലവധിക്ക് മുമ്പുതന്നെ അടുത്ത അദ്ധ്യയന വർഷത്തേക്കുള്ള പാഠപുസ്തകങ്ങളും യൂണിഫോമും അവധിക്കാലത്തേക്കുള്ള ഭക്ഷ്യ ധാന്യങ്ങളും നൽകുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പൊതുവിദ്യാഭ്യാസ മേഖലയിൽ ആദ്യമായി ഇത്തരത്തിൽ ഒരു ഉദ്യമം നടത്തുന്നതിനുള്ള ഒരുക്കങ്ങൾ പൂർത്തിയായിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ എത്ര വിദ്യാർത്ഥികൾക്ക് ഇതിന്റെ പ്രയോജനം ലഭ്യമാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(ഡി) അദ്ധ്യയന വർഷാരംഭത്തിൽ തന്നെ കൃത്യമായി പാഠപുസ്തകം വിതരണം ചെയ്യുന്നതിനായി കഴിഞ്ഞ സർക്കാരും ഈ സർക്കാരും നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കുമോ?

**പിറവം മണ്ഡലത്തിലെ സ്കൂൾ പാചകത്തൊഴിലാളികളുടെ വേതനം**

6755 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-

തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം മണ്ഡലത്തിലെ സർക്കാർ സ്കൂളുകളിലെ പാചകത്തൊഴിലാളികൾക്ക് 2022 ഡിസംബർ മാസത്തെ വേതനം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത തുക അനുവദിച്ച് നൽകുന്നതിൽ നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(സി) കുടിശിക ഉൾപ്പെടെ പ്രസ്തുത വേതനം അടിയന്തരമായി നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## പ്രീ പ്രൈമറി അദ്ധ്യാപികയുടെ ശമ്പള കുടിശ്ശിക

6756 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ ഇടുക്കി ജില്ലയിലെ പൂപ്പാറ ട്രൈബൽ എൽ.പി. സ്കൂളിലെ പ്രീ പ്രൈമറി അദ്ധ്യാപികയായ ശ്രീമതി ജയന്തികുമാരിയുടെ ശമ്പള കുടിശിക സംബന്ധിച്ച അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(സി) പ്രസ്തുത അപേക്ഷയിന്മേൽ ധനകാര്യ വകുപ്പിൽ നിന്നും മറുപടി ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## എൽ.എസ്.എസ്.-യു.എസ്.എസ്. സ്കോളർഷിപ്പ്

6757 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ മൂന്ന് അധ്യയന വർഷങ്ങളിലായി(2019-20, 2020-21, 2021-22) എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പ് തുക ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണം വെളിപ്പെടുത്തുമോ;

(ബി) സ്കോളർഷിപ്പ് തുക ഇനത്തിൽ വിതരണം ചെയ്യാനുള്ള കുടിശിക വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ സ്കോളർഷിപ്പ് ലഭിക്കുന്നവരുടെ എണ്ണം വെട്ടിച്ചുരുക്കുവാൻ വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

## ഭിന്നശേഷികളുള്ള കുട്ടികളുടെ പഠനം

6758 **ശ്രീ. അൻവർ സാദത്ത്**
**ശ്രീ പി സി വിഷ്ണുനാഥ്**
**ശ്രീ . ഷാഫി പറമ്പിൽ**
**ശ്രീ . ഐ .സി .ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭിന്നശേഷികളുള്ള കുട്ടികൾ, ബൗദ്ധിക പരിമിതികളുള്ള കുട്ടികൾ എന്നിവരെ അവരുടെ പഠന പ്രവർത്തനങ്ങളിൽ സഹായിച്ച് മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പ് നൽകുന്ന പ്രത്യേക പരിഗണനകളും നടത്തുന്ന പ്രവർത്തനങ്ങളും വിശദമാക്കുമോ;

(ബി) ഐ.ക്യൂ. കുറവ്, ഗ്രഹണശേഷിക്കുറവ്, ബോർഡർലൈൻ ഇന്റലിജൻസ് എന്നീ വിഭാഗങ്ങളിൽപ്പെടുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) എങ്കിൽ ഇത്തരം കുട്ടികളെ കണ്ടെത്തി വേണ്ടത്ര പരിഗണന നൽകുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

**<u>റോബോട്ടിക്സ് സാങ്കേതിക വിദ്യയിൽ പരിശീലനം നൽകുന്നതിനുള്ള പദ്ധതി</u>**

6759 **ശ്രീ. ഇ കെ വിജയൻ**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ. പി. ബാലചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മിത ബുദ്ധിയുടെയും റോബോട്ടിക്സിന്റെയും സാങ്കേതിക മുന്നേറ്റങ്ങളെ പരിചയപ്പെടുത്തുന്നതിനും ഈ മേഖലയിൽ ഉണ്ടാകുന്ന ആധുനിക പ്രവണതകളെ പ്രയോജനപ്രദമാക്കുന്നതിനും വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിന് റോബോട്ടിക്സ് സാങ്കേതികവിദ്യയിൽ പരിശീലനം നൽകുന്നതിന് തയ്യാറാക്കിയ പദ്ധതി സഹായിക്കുമോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി പൊതുവിദ്യാലയങ്ങൾക്കാവശ്യമായ റോബോട്ടിക് കിറ്റുകൾ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഭാവി തലമുറയെ നൂതന വൈജ്ഞാനിക സമൂഹമാക്കി പരിവർത്തിപ്പിക്കുന്നതിന് പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്നുണ്ടോ; വിശദമാക്കുമോ?

**<u>എസ്.എസ്.എൽ.സി. ബുക്കിലെ അക്ഷരത്തെറ്റ് തിരുത്തുന്നതിനുള്ള നടപടിക്രമങ്ങൾ</u>**

6760 **ശ്രീ മാത്യു ടി. തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരുപത് വർഷം മുൻപുള്ള എസ്.എസ്.എൽ.സി. ബുക്കിൽ പേരിൽ ഉണ്ടായ അക്ഷരത്തെറ്റ് തിരുത്തുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഇതുസംബന്ധിച്ചുള്ള ഉത്തരവുകൾ ലഭ്യമാക്കാമോ?

**<u>ഭിന്നശേഷി കുട്ടികൾക്കുള്ള വെർച്വൽ ക്ലാസുകൾ</u>**

6761 **ശ്രീമതി യു പ്രതിഭ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ പ്രവേശനം നേടിയവരും ശാരീരിക അവശതകൾ മൂലം വീടുവിട്ട് പുറത്ത് പോകാനും പഠിക്കാനും കഴിയാതിരുന്നവരുമായ ഭിന്നശേഷി കുട്ടികൾക്കായി വെർച്വൽ ക്ലാസുകൾ ആരംഭിക്കുന്നതിന് സമഗ്ര ശിക്ഷ അഭിയാൻ കേരളയുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇത്തരം വിദ്യാർത്ഥികൾ പ്രവേശനം നേടിയ പൊതു വിദ്യാലയങ്ങളിലെ ക്ലാസ്

മുറിയിൽ ക്യാമറകൾ സ്ഥാപിച്ച് ടാബിലൂടെ കുട്ടികൾക്ക് ക്ലാസ്സുകളിൽ പഠിപ്പിക്കുന്നത് ലൈവായി കാണുന്നതിനും സഹവിദ്യാർത്ഥികളുമായി സംവദിക്കുന്നതിനും അവസരമൊരുക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഏതെല്ലാം ക്ലാസ്സുകളിലെ വിദ്യാർത്ഥികളെയാണ് വെർച്വൽ ക്ലാസ്സുകളിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്;

(ഡി) നിലവിൽ ആഴ്ചയിൽ ഒരു ദിവസം മാത്രം ബ്ലോക്ക് റിസോഴ്സ് സെന്ററിലെ സ്പെഷ്യൽ എഡ്യുക്കേറ്റർമാർ വീടുകളിലെത്തി ക്ലാസ്സുകൾ നടത്തിയിരുന്ന സ്ഥാനത്ത് സ്കൂളിലെ മുഴുവൻ ക്ലാസ്സുകളിലും ഇത്തരം കുട്ടികൾക്ക് അറ്റന്റ് ചെയ്യാവുന്ന രീതിയിലാണോ പദ്ധതി വിഭാവനം ചെയ്യാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## <u>സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി</u>

6762 **ഡോ. കെ. ടി. ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിലെ ഒന്ന് മുതൽ ഏഴ് വരെയും എയ്ഡഡ് സ്കൂളുകളിലെ ഒന്ന് മുതൽ നാല് വരെയുമുള്ള ക്ലാസുകളിലെ കുട്ടികൾക്കായി സർക്കാർ പ്രഖ്യാപിച്ച സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയ്ക്കായി എത്ര മീറ്റർ തുണിയാണ് ആവശ്യമുള്ളതെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) കഴിഞ്ഞ വർഷം സ്കൂൾ യൂണിഫോമിനായി എത്ര മീറ്റർ കൈത്തറി തുണിക്കാണ് വിദ്യാഭ്യാസ വകുപ്പ് വ്യവസായ വകുപ്പിന് ഓർഡർ നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) പദ്ധതി നടപ്പിലാക്കുന്നതിന് കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്രയെന്ന് വ്യക്തമാക്കുമോ;

(ഇ) തുണി വാങ്ങിയ ഇനത്തിൽ നെയ്ത്തുകാർക്ക് നൽകുവാനുള്ള കുടിശ്ശിക തീർക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## <u>മാവേലിക്കര മണ്ഡലത്തിലെ ചലഞ്ച് ഫണ്ട് പദ്ധതി</u>

6763 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചലഞ്ച് ഫണ്ട് പദ്ധതി പ്രകാരം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കെട്ടിടം പണിയുന്നതിന് മാവേലിക്കര മണ്ഡലത്തിൽ നിന്നും അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## <u>വിദ്യാലയങ്ങളിൽ മലയാള ഭാഷ പഠനം</u>

6764 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളിൽ മലയാള ഭാഷ പഠനം നിർബന്ധമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; അറിയിക്കുമോ;

(ബി) എങ്കിൽ ആയതിന്റെ നടത്തിപ്പ് എത്രമാത്രം കാര്യക്ഷമമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഉത്തരവ് നടപ്പാക്കാത്ത വിദ്യാലയങ്ങൾക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ കേന്ദ്രീയ വിദ്യാലയങ്ങളിൽ മലയാളം പഠിപ്പിക്കുന്നുണ്ടോയെന്ന് പരിശോധിക്കാറുണ്ടോ; അറിയിക്കുമോ;

(ഇ) മലയാള ഭാഷ പഠനം നിർബന്ധമാക്കിയ സർക്കാർ ഉത്തരവ് സംസ്ഥാനത്തെ കേന്ദ്രീയ വിദ്യാലയങ്ങൾക്ക് ബാധകമാണോയെന്ന് വെളിപ്പെടുത്തുമോ?

## കോട്ടയം ജില്ലയിലെ യു.പി.എസ്.ടി./ എൽ.പി.എസ്.ടി. തസ്തികയിലെ വിരമിക്കൽ

6765 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ ഗവൺമെന്റ് സ്കൂളുകളിൽ 2023 വർഷം യു.പി.സ്കൂൾ ടീച്ചർ തസ്തികയിൽ നിന്നും എത്ര അദ്ധ്യാപകർ വിരമിക്കുമെന്ന് വിരമിക്കുന്ന അദ്ധ്യാപകരുടെ പേര്, സ്കൂളിന്റെ പേര്, വിരമിക്കൽ തീയതി എന്നിവ സഹിതം വിവരം ലഭ്യമാക്കുമോ;

(ബി) ജില്ലയിലെ ഗവൺമെന്റ് പ്രൈമറി സ്കൂളുകളിൽ നിന്നും 2023-ൽ എത്ര പ്രധാന അധ്യാപകർ വിരമിക്കുമെന്ന് വിരമിക്കുന്ന പ്രധാന അദ്ധ്യാപകരുടെ പേര്, സ്കൂളിന്റെ പേര് എന്നിവ സഹിതം വിശദവിവരം ലഭ്യമാക്കുമോ;

(സി) പ്രസ്തുത ജില്ലയിലെ ഗവൺമെന്റ് സ്കൂളുകളിൽ 2023 വർഷം എത്ര യു.പി. സ്കൂൾ അദ്ധ്യാപകർക്ക് പ്രധാന അദ്ധ്യാപകരായി സ്ഥാനക്കയറ്റം ലഭിക്കുമെന്ന് സ്ഥാനക്കയറ്റം ലഭിക്കുന്ന അദ്ധ്യാപകരുടെ പേര്, സ്കൂളിന്റെ പേര് എന്നിവ സഹിതം വിശദാംശം ലഭ്യമാക്കുമോ?

## എച്ച്.എസ്.എസ്.ടി. ബൈട്രാൻസ്ഫർ നിയമനം

6766 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എച്ച്.എസ്.എസ്.ടി. ബൈട്രാൻസ്ഫർ നിയമനവുമായി ബന്ധപ്പെട്ട് 26.08.2016-ലെ ജി.ഒ.(പി.)നമ്പർ 144/2016/പൊ.വി.വ. ഉത്തരവ് പ്രകാരം, ജോയിൻ ചെയ്യാത്ത ഒഴിവുകളിൽ എച്ച്.എസ്.എ. മാർക്ക് അവകാശപ്പെട്ട ഒഴിവുകൾ നികത്തിയെങ്കിലും എൽ.പി./യു.പി. അദ്ധ്യാപകർ, ലാബ് അസിസ്റ്റന്റ്, മിനിസ്റ്റീരിയൽ സ്റ്റാഫ് എന്നിവർക്ക് അവകാശപ്പെട്ട ഒഴിവുകൾ നികത്താത്തതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട സ്പെഷ്യൽ റൂൾ (ഫയൽ നമ്പർ 72/2021) ഭേദഗതി ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് സംബന്ധിച്ച നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ?

## ലാബ് അസിസ്റ്റന്റുമാരുടെ വകുപ്പുതല പരീക്ഷ

6767 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-

തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കണ്ടറി സ്കൂൾ ലാബ് അസിസ്റ്റന്റുമാർക്ക് പി.എസ്.സി. മുഖേനയുള്ള വകുപ്പുതല പരീക്ഷ ഒഴിവാക്കി പകരം ഇൻ സർവീസ് കോഴ്സ് ഏർപ്പെടുത്തുന്നത് സംബന്ധിച്ച നിവേദനം സർക്കാരിൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

## വിദ്യാലയങ്ങളിൽ പുതിയ ഡിവിഷനുകൾ

6768 **ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ ഏകദേശം എത്ര ഡിവിഷനുകൾ പുതിയതായി സൃഷ്ടിക്കേണ്ടി വരുമെന്ന് അറിയിക്കാമോ?

## അദ്ധ്യാപകരുടെ അന്തർജില്ല സ്ഥലം മാറ്റം

6769 **ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അദ്ധ്യാപകരുടെ അന്തർജില്ല സ്ഥലം മാറ്റം സംബന്ധിച്ച നിയമന അനുപാതം കുറച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) അദ്ധ്യാപകരുടെ അന്തർജില്ല സ്ഥലം മാറ്റം സംബന്ധിച്ച നിയമന അനുപാതം, കേഡർ സ്ട്രെങ്ത് അനുസരിച്ച് എൽ.പി. സ്കൂൾ ടീച്ചർ, യു.പി.സ്കൂൾ ടീച്ചർ എന്നീ തസ്തികകൾക്ക് മുപ്പത് ശതമാനവും ഹൈസ്കൂൾ ടീച്ചർ തസ്തികക്ക് ഇരുപത്തഞ്ച് ശതമാനവും ആക്കി മുൻകാല പ്രാബല്യത്തോടെ പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## ഹൈസ്കൂൾ മ്യൂസിക് ടീച്ചർ തസ്തിക

6770 **ശ്രീ. എം.വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ ഹൈസ്കൂൾ മ്യൂസിക് ടീച്ചർമാരുടെ എത്ര തസ്തികകളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും ഒഴിവുകൾ എല്ലാം പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും അറിയിക്കാമോ;

(സി) ഹൈസ്കൂൾ മ്യൂസിക് ടീച്ചറുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## അഭ്യസ്തവിദ്യരായ തൊഴിൽ രഹിതർക്ക് തൊഴിൽ ഉറപ്പ് വരുത്താൻ നടപടി

6771 **ശ്രീ. കെ. ജെ. മാക്സി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഭ്യസ്തവിദ്യരായ എത്ര തൊഴിൽരഹിതരുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവർക്ക് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാനും തൊഴിൽ വിദ്യാഭ്യാസം മുൻനിർത്തി എല്ലാവർക്കും തൊഴിൽ ഉറപ്പുവരുത്തുന്നതിനുമായി സ്വീകരിക്കാനുദ്ദേശിക്കുന്ന

നടപടികൾ വ്യക്തമാക്കുമോ?

**ഇ.എസ്.ഐ. ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും പ്രവർത്തനം**

6772 **ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ.എസ്.ഐ. പദ്ധതിയുടെ പ്രയോജനം ലഭിക്കാത്ത തൊഴിലാളികളെ കണ്ടെത്തി ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കുമോ;

(ബി) ഇ.എസ്.ഐ. ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) എല്ലാ ഇ.എസ്.ഐ. ആശുപത്രികളിലും ഡിസ്പെൻസറികളിലും വിദഗ്ദ് ഡോക്ടർമാരുടെ സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**തൊഴിലരങ്ങത്തേക്ക് എന്ന പദ്ധതി**

6773 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലരങ്ങത്തേക്ക് എന്ന പദ്ധതിയെപ്പറ്റി വിശദമാക്കാമോ; ഈ പദ്ധതിയുടെ പ്രവർത്തനം ഏത് ഘട്ടത്തിലെത്തിയെന്ന് വ്യക്തമാക്കാമോ?

**കൺസ്ട്രക്ഷൻ അക്കാദമിയുടെ നിർമ്മാണ പുരോഗതി**

6774 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂരിൽ നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഭൂമിയിൽ കൺസ്ട്രക്ഷൻ അക്കാദമി സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് സർക്കാരിന്റെയും നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെയും നിലവിലെ നിലപാട് വിശദമാക്കാമോ?

**കേരള സവാരി പദ്ധതി**

6775 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച കേരള സവാരി പദ്ധതി എവിടെയെല്ലാം ആരംഭിച്ചിട്ടുണ്ടെന്നും ഇതുവരെ എത്ര പേർ ഈ പദ്ധതിയിൽ അംഗമായിട്ടുണ്ടെന്നും ജില്ല തിരിച്ച് വിശദമാക്കാമോ;

(ബി) ഈ പദ്ധതിയുടെ പ്രയോജനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; ഈ പദ്ധതി മുഖേന ഇതുവരെ എത്രപേർക്ക് പ്രയോജനം ലഭ്യമായിട്ടുണ്ടെന്നും അറിയിക്കാമോ?

**<u>പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ സമഗ്ര ക്ഷേമത്തിനായി പദ്ധതികൾ</u>**

6776 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ സമഗ്ര ക്ഷേമത്തിനായി തൊഴിൽ വകുപ്പ് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടെന്ന് വിശദമാക്കാമോ?

**<u>എല്ലാ ജില്ലകളിലും തൊഴിൽ സംരംഭ കേന്ദ്രങ്ങൾ ആരംഭിക്കാൻ നടപടി</u>**

6777 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്കുകൾ, ഐ.ടി.ഐ.കൾ ആർട്സ് & സയൻസ് കോളേജുകൾ എന്നിവയോട് ചേർന്ന് ആധുനിക സാങ്കേതികത്വമുള്ള തൊഴിൽ സംരംഭ കേന്ദ്രങ്ങൾ എല്ലാ ജില്ലകളിലും ആരംഭിക്കുമെന്ന 2022-23 ലെ ബജറ്റിലെ പ്രഖ്യാപനത്തെ തുടർന്ന് ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തൊഴിൽ സംരംഭ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

**<u>തൊഴിൽ മേഖലയെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ</u>**

6778 **ശ്രീ വി ശശി**
**ശ്രീമതി സി. കെ. ആശ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തിന് മാതൃകയാകുന്ന തരത്തിലുള്ള മികച്ച തൊഴിൽ സംസ്കാരവും തൊഴിൽ സൗഹൃദ അന്തരീക്ഷവും സൃഷ്ടിക്കുന്നതിൽ സംസ്ഥാന സർക്കാർ അനുവർത്തിച്ചു വരുന്ന തൊഴിൽ നയങ്ങൾ നിർണ്ണായകമായിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) തൊഴിലാളികളുടെ അവകാശ സംരക്ഷണത്തിനും സാമൂഹ്യ സുരക്ഷിതത്വത്തിനും സഹായകമാകുന്ന നിയമപരിഷ്കാരങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് എത്രത്തോളം കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) അസംഘടിത മേഖലയിൽ തൊഴിലെടുക്കുന്നവരുടെ ക്ഷേമവും സുരക്ഷയും ഉറപ്പാക്കുന്നതിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ഡി) അതിഥി തൊഴിലാളികൾക്ക് ഇൻഷുറൻസ് പദ്ധതി, സാമൂഹ്യ സുരക്ഷാ പദ്ധതി തുടങ്ങി മികച്ച ആനുകൂല്യങ്ങൾ ഉറപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

എന്തെല്ലാമെന്ന് വിശദമാക്കുമോ?

**വിവിധ തൊഴിലാളി ക്ഷേമനിധി ബോർഡുകൾ വഴി നൽകി വരുന്ന ആനുകൂല്യങ്ങൾ**

6779 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിൽ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന തൊഴിലാളി ക്ഷേമനിധി ബോർഡുകൾ വഴി ഏതെല്ലാം വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകി വരുന്നതെന്ന് അറിയിക്കാമോ;

(ബി) അംശദായം എല്ലാ ബോർഡുകളിലും ഓൺലൈനായി അടക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് അടിയന്തര നടപടി**

6780 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തോട്ടം തൊഴിലാളികളുടെ മിനിമം വേതനം എന്നാണ് നിശ്ചയിച്ചതെന്നും പ്രസ്തുത വേതനം പുതുക്കി നിശ്ചയിക്കേണ്ടത് എന്നായിരുന്നുവെന്നും വ്യക്തമാക്കുമോ?

**വനിത തൊഴിലാളിക്കൾക്കെതിരെയുള്ള അക്രമങ്ങൾ**

6781 **ശ്രീമതി.ഉമ തോമസ്**
**ശ്രീമതി കെ.കെ.രമ**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനിതാ തൊഴിലാളികളെ തൊഴിലുടമകൾ മർദ്ദിക്കുന്നതടക്കമുള്ള സംഭവങ്ങൾ കൂടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) കൂലി കുടിശിക ചോദിച്ചതിന്റെ പേരിൽ നെയ്യാറ്റിൻകരയിൽ സ്ത്രീകളെ തൊഴിലുടമ ക്രൂരമായി മർദ്ദിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സമാനമായ സംഭവങ്ങൾ തടയാനും തൊഴിൽ നിയമങ്ങൾ കർശനമാക്കാനും നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**തൊഴിലെടുക്കുന്ന സ്ത്രീകൾക്ക് അവകാശ സംരക്ഷണവും സുരക്ഷയും**

6782 **ശ്രീ. എം. എം. മണി**
**ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിലെടുക്കുന്ന സ്ത്രീകൾക്ക് അവകാശ സംരക്ഷണവും സുരക്ഷയും ഉറപ്പുവരുത്തുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) സ്ത്രീകളുടെ പ്രശ്നങ്ങൾ ഫോൺ സന്ദേശങ്ങളിലൂടെ അധികാരികളിലേയ്ക്ക് എത്തിച്ച് പരിഹാരം കാണാൻ സഹായിക്കുന്ന പ്രത്യേക പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഗാർഹിക തൊഴിൽ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഗാർഹിക തൊഴിലാളി റിക്രൂട്ടിംഗ് ഏജൻസികൾക്ക് ലൈസൻസ് നിർബന്ധമാക്കിയിട്ടുണ്ടോ; പ്രസ്തുത മേഖലയിൽ തൊഴിലെടുക്കുന്ന സ്ത്രീകൾക്ക് അസംഘടിത തൊഴിലാളി സുരക്ഷാ ബോർഡിൽ അംഗമാകുന്നതിന് അവസരമൊരുക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

<u>**അതിഥിത്തൊഴിലാളികൾക്കായി ഹെൽത്ത് കം ഡെത്ത് ഇൻഷുറൻസ് പദ്ധതി**</u>

6783 **ശ്രീ. കെ. ജെ. മാക്സി**
**ശ്രീ. പി. നന്ദകുമാർ**
**ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ. പി. വി. അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അതിഥിത്തൊഴിലാളികൾക്കായി ഹെൽത്ത് കം ഡെത്ത് ഇൻഷുറൻസ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; ഈ പദ്ധതി പ്രകാരം എത്ര പേർ ഇതിനകം ഹെൽത്ത് കാർഡ് എടുത്തിട്ടുണ്ടെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി അനുസരിച്ച് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ; എത്ര പേർക്ക് ചികിത്സാ ആനുകൂല്യങ്ങളും ആശ്രിതർക്ക് സഹായവും ഇതിനകം ലഭ്യമാക്കിയിട്ടുണ്ടെന്ന വിവരം ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്കായി അതിഥിത്തൊഴിലാളികളുടെ ഓൺലൈൻ രജിസ്ട്രേഷന് വേണ്ടി പ്രത്യേക ആപ്പ് തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>**തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ**</u>

6784 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച് തൊഴിൽ വകുപ്പിൽ എത്ര പരാതികൾ ലഭിച്ചുവെന്ന വിവരം വർഷം തിരിച്ച് ലഭ്യമാക്കാമോ?

<u>**തൊഴിലുടമകൾ നൽകേണ്ട പ്രോവിഡന്റ് ഫണ്ട് വിഹിതം**</u>

6785 **ശ്രീ . സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലാളികളുടെ പ്രോവിഡന്റ് ഫണ്ട് ഇനത്തിൽ തൊഴിലുടമകൾ നൽകേണ്ട വിഹിതം കൃത്യമായി അടയ്ക്കാത്തത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## വ്യവസായിക പരിശീലന വകുപ്പിൽ ഓൺലൈൻ സ്ഥലമാറ്റം

6786 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായിക പരിശീലന വകുപ്പിൽ ജീവനക്കാർക്കുള്ള പൊതു ഓൺലൈൻ സ്ഥലമാറ്റം നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത സംവിധാനം എന്ന് മുതലാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

## തൊഴിൽ പരിശീലന പദ്ധതികൾ

6787 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായിക പരിശീലന വകുപ്പ് മുഖേന സംസ്ഥാനത്ത് നടന്ന് വരുന്ന തൊഴിൽ പരിശീലന പദ്ധതികളെ കുറിച്ച് വിശദമാക്കാമോ;

(ബി) 2022-23 ബജറ്റിൽ പ്രഖ്യാപിച്ച ആലപ്പുഴ മണ്ഡലത്തിലെ സർവ്വോദയപുരം ഐ.ടി.ഐ. സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികളെകുറിച്ച് വിശദവിവരം ലഭ്യമാക്കാമോ?

## പള്ളിക്കത്തോട് ഐ.ടി.ഐ.യിൽ പുതിയ കോഴ്സുകൾ

6788 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിക്കത്തോട് ഐ.ടി.ഐ.യിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ഐ.ടി.ഐ.യിൽ പോളിമർ ടെക്നോളജിയുമായി ബന്ധപ്പെട്ട് പുതിയ തൊഴിലധിഷ്ഠിത കോഴ്സ് ആരംഭിക്കാൻ നടപടി സ്വീകരിക്കാമോ;

(സി) പ്രസ്തുത സ്ഥാപനത്തിൽ ഇലക്ട്രോണിക് മെക്കാനിക്ക് കോഴ്സിന് അഡീഷണൽ ബാച്ച് അനുവദിക്കുന്ന കാര്യം അനുഭാവപൂർവം പരിഗണിക്കാമോ?

## തിരൂർ മണ്ഡലത്തിൽ പുതിയ ഐ.ടി.ഐ.

6789 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 വർഷത്തെ ബജറ്റിൽ തീരദേശ, മലയോര മേഖലകളിൽ പുതിയ ഐ.ടി.ഐ.കൾ ആരംഭിക്കുമെന്ന പ്രഖ്യാപനത്തെ തുടർന്ന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) തിരൂർ മണ്ഡലത്തിൽ പുതിയ ഐ.ടി.ഐ. ആരംഭിക്കണമെന്ന അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദവിവരം ലഭ്യമാക്കുമോ?

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾ

6790 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാരായ എത്ര ഉദ്യോഗാർത്ഥികൾ വിവിധ ഭാഷകളിലുള്ള അദ്ധ്യാപക തസ്തികയിൽ നിയമിക്കപ്പെടുവാനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

**<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിച്ച വ്യക്തിയുടെ സസ്പെൻഷൻ</u>**

6791 **ശ്രീമതി.ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം ജില്ലാ ട്രഷറിയിൽ 7.5.2018-ൽ പി.ടി.എസ്. ആയി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിച്ച വ്യക്തിയെ 31.6.18-ന് പിരിച്ചുവിട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) ഇദ്ദേഹത്തിന്റെ നിയമനവുമായി ബന്ധപ്പെട്ട ഇന്റർവ്യൂ ബോർഡിൽ ഉണ്ടായിരുന്ന ഹെഡ് ക്ലാർക്ക് പ്രമുഖ പാർട്ടിയുടെ ജില്ലാ സെക്രട്ടറിക്ക് വേണ്ടി കൈക്കൂലി ആവശ്യപ്പെട്ടത് നൽകാത്തതിനാൽ ജോലിയിൽ നിന്ന് പിരിച്ചുവിട്ടതാണെന്നുള്ള ആക്ഷേപത്തെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

**<u>കരിയർ നയം</u>**

6792 **ശ്രീ. റോജി എം. ജോൺ**
**ശ്രീ എം വിൻസെൻറ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ എംപ്ലോയ്മെൻറ് സർവീസ് മുഖാന്തരം നടപ്പിലാക്കുമെന്ന് മുൻ സർക്കാർ പ്രഖ്യാപിച്ച കരിയർ നയം പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) എല്ലാ ജില്ലകളിലും കരിയർ ഡെവലപ്മെന്റ് സെന്ററുകൾ സ്ഥാപിക്കും എന്ന പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) കരിയർ ഡെവലപ്മെന്റ് സെന്ററുകളുടെ ഭാഗമായി കരിയർ ഇൻഫർമേഷൻ ഡാറ്റാബാങ്ക് തയ്യാറാക്കിയിട്ടുണ്ടോ; ഇതിനായി പ്രത്യേക സോഫ്റ്റ്‌വെയർ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) കരിയർ റിസർച്ചിനായി എംപ്ലോയ്മെൻറ് വകുപ്പിന് കീഴിൽ ക്രെഡിറ്റ് എന്ന സംവിധാനം നിലവിൽ വന്നിട്ടുണ്ടോ; വിശദമാക്കുമോ?

**<u>എംപ്ലോയ്മെൻറ് രജിസ്ട്രേഷൻ പുതുക്കാൻ നടപടി</u>**

6793 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ കാരണങ്ങൾ കൊണ്ട് യഥാസമയം എംപ്ലോയ്മെൻറ് രജിസ്ട്രേഷൻ

പുതുക്കാൻ കഴിയാതെ പോയവരുടെ സീനിയോറിറ്റി നിലനിർത്തി രജിസ്ട്രേഷൻ പുതുക്കി നൽകുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

**<u>വ്യാവസായിക പരിശീലന വകുപ്പിലെ താത്ക്കാലിക ഇൻസ്ട്രക്ടർമാരുടെ വേതനം</u>**

6794 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ.ഉ.(അച്ചടി) 29/2021/ധന. നമ്പർ ഉത്തരവ് പ്രകാരം വ്യാവസായിക പരിശീലന വകുപ്പിലെ ഗസ്റ്റ് ഇൻസ്ട്രക്ടർമാർക്ക് (താത്ക്കാലിക ജൂനിയർ ഇൻസ്ട്രക്ടർ) ദിവസ വേതനാടിസ്ഥാനത്തിൽ ആണോ മണിക്കൂർ നിരക്കിലാണോ വേതനം അനുവദിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) ധനകാര്യ വകുപ്പ് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ദിവസവേതന നിരക്ക് ഉത്തരവിൽ വ്യാവസായിക പരിശീലന വകുപ്പിലെ ഗസ്റ്റ് ഇൻസ്ട്രക്ടർമാരെ (താത്ക്കാലിക ജൂനിയർ ഇൻസ്ട്രക്ടർ) ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത ജീവനക്കാർക്ക് ധനകാര്യ വകുപ്പ് നിശ്ചയിക്കുന്ന നിരക്കിൽ വേതനം നൽകാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ;

(സി) ധനകാര്യ വകുപ്പ് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ദിവസ വേതന നിരക്ക് ഉത്തരവനുസരിച്ചുള്ള വേതനം സംസ്ഥാനത്തെ എല്ലാ ഗസ്റ്റ് ഇൻസ്ട്രക്ടർമാർക്കും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

**<u>പയ്യന്നൂർ മണ്ഡലത്തിലെ കരിയർ ഡെവലപ്മെന്റ് സെന്ററിന്റെ കെട്ടിട നിർമ്മാണം</u>**

6795 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ കരിയർ ഡെവലപ്മെന്റ് സെന്ററിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

**<u>ഇ.എസ്.ഐ. ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി</u>**

6796 **ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. പി. അബ്ദുൽ ഹമീദ്**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഇ.എസ്.ഐ. ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ബി) ഇ.എസ്.ഐ. യുടെ പരിധിയിൽ കൂടുതൽ തൊഴിലാളികളെ ഉൾപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത ആശുപത്രികളിൽ വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിനായി കൂടുതൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## റവന്യൂ റിക്കവറി നോട്ടീസ് ലഭിച്ചതിന് ശേഷവും വായ്പാ കുടിശിക അടക്കാൻ അവസരം നൽകുന്ന നടപടി

6797 **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി**
**ശ്രീ കെ ബി ഗണേഷ് കുമാർ**
**ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാങ്കുകൾ ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്നെടുത്ത വായ്പകൾ തിരിച്ചടക്കുവാൻ സാധിക്കാതെ വരുന്ന സാഹചര്യത്തിൽ റവന്യൂ റിക്കവറി നോട്ടീസ് ലഭിച്ചതിന് ശേഷവും വായ്പാ കുടിശിക ഗഡുക്കളായി അടക്കാൻ അവസരം നൽകി വന്നിരുന്നത് നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ആയത് പുന:സ്ഥാപിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ;

(സി) ബാങ്കുകളുടെ റവന്യൂ റിക്കവറി നടപടികൾ നിർത്തിവയ്ക്കാൻ നടപടി സ്വീകരിക്കുമോ?

## ഭൂമിയുടെ ന്യായവില സംബന്ധിച്ച പരാതികൾ

6798 **ശ്രീമതി കെ.കെ.രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമിക്ക് ന്യായവില നിശ്ചയിച്ചുകൊണ്ട് വിജ്ഞാപനം ചെയ്തത് എന്ന് മുതലാണെന്ന് അറിയിക്കുമോ;

(ബി) ന്യായവില നിശ്ചയിച്ച കാലം മുതൽ നാളിതുവരെ എത്ര തവണയാണ് ഇതിൽ വർദ്ധനവ് വരുത്തിയതെന്ന് അറിയിക്കുമോ; വർദ്ധനവ് വരുത്തിയ തീയതികളും നിരക്കും അറിയിക്കുമോ;

(സി) പ്രസ്തുത സമ്പ്രദായം നിലവിൽ വന്നത് മുതൽ ലഭിച്ച പരാതികളിൽ ഇനിയും തീർപ്പാക്കാത്തവ എത്രയെന്ന് അറിയിക്കുമോ; പരാതി നൽകിയ വർഷം, ജില്ല എന്നിവ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത പരാതികളിന്മേൽ ഇനിയും നടപടി പൂർത്തിയാക്കാത്തതിന്റെ കാരണങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ; ഇത് എന്നത്തേക്ക് തീർപ്പാക്കാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ഇ) ഭൂമിയുടെ വില സംബന്ധിച്ച് നിരവധി പരാതികൾ പരിഹരിക്കപ്പെടാതെ തുടരുമ്പോൾ ന്യായവിലയിൽ വീണ്ടും വർദ്ധനവ് വരുത്തുന്നത് സർക്കാരിനും ഉടമകൾക്കും സാമ്പത്തികമായി നഷ്ടമുണ്ടാക്കും എന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇപ്പോൾ വരുത്തിയിട്ടുള്ള വർദ്ധനവ് ന്യായവില സംബന്ധിച്ചുള്ള പരാതികൾ പരിഹരിച്ചതിനുശേഷം നടപ്പാക്കുന്നതിന് തയ്യാറാകുമോ; വിശദമാക്കുമോ?

## വില്ലേജ് ഓഫീസുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് നടപ്പാക്കുന്ന പദ്ധതികൾ

6799 **ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ എം മുകേഷ്**
**ശ്രീ. മുരളി പെരുനെല്ലി**

**ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം സമയബന്ധിതമായി ലഭ്യമാകുന്ന എന്ന് ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ വില്ലേജ് ഓഫീസുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണ്; വിശദാംശം നൽകാമോ;

(ബി) സംസ്ഥാനത്തെ എല്ലാ വില്ലേജുകളിലേയും അടിസ്ഥാന വിവരങ്ങൾ ഉൾപ്പെടുത്തി എല്ലാ വില്ലേജ് ഓഫീസിനും വെബ്സൈറ്റ് ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ആയതിനുള്ള പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകാമോ;

(സി) വില്ലേജ് ഓഫീസുകളിലെ തണ്ടപ്പേർ, അടിസ്ഥാന ഭൂനികുതി രജിസ്റ്റർ എന്നിവയുടെ ഡിജിറ്റൈസേഷൻ നടപടികൾ പൂർത്തിയായിട്ടുണ്ടോ; ഇ-പോർട്ടൽ മുഖേനയുള്ള സേവനം എല്ലാ വില്ലേജ് ഓഫീസുകളിലും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## ഭൂമി തരംമാറ്റം നടത്താൻ നടപടി

6800 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ സർക്കാർ ലെ ഔട്ട് അംഗീകരിച്ച് വിശാല കൊച്ചി വികസന അതോറിറ്റി, ഹൗസിങ് ബോർഡ്, ഗിരിനഗർ ഹൗസിങ് സൊസൈറ്റി തുടങ്ങിയവർ വിൽപ്പന നടത്തിയ പ്ലോട്ടുകൾക്ക് കരം ഒടുക്കുമ്പോൾ വെറ്റ് ലാന്റ് എന്ന് കാണിക്കുന്നതിനാൽ ഭൂമി തരം മാറ്റാതെ ഇവ വിൽപ്പന നടത്തുന്നതിനോ പുതുക്കി പണിയുന്നതിനോ സാധിക്കുന്നില്ല എന്ന കാര്യം ഗൗരവമായി കാണുമോ; ഇത് പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ ;

(ബി) പൊതുവായ ഒരു ഉത്തരവിലൂടെ പ്രസ്തുത ഭൂമി തരംമാറ്റം നടത്തുവാൻ വേണ്ട നടപടി സ്വീകരിക്കുമോ; ഇത് സംബന്ധിച്ച് ലഭിച്ച പരാതിയിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) ഇതിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരും ഇടത്തരം വരുമാനക്കാരും ഉൾപ്പെട്ടിട്ടുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

## ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ ഫയൽ

6801 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.ആർ. ബി 8/6332/2021 എന്ന ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ ഫയൽ എന്ത് വിവരം സൂചിപ്പിക്കുന്നതാണെന്ന് അറിയിക്കുമോ;

(ബി) റവന്യൂ വകുപ്പിലെ ഇത് സംബന്ധിച്ചുള്ള ഫയൽ നമ്പർ ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഫയലിൽ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ വിശദീകരിക്കുമോ?

## ഫയലിന്റെ പകർപ്പ് ലഭ്യമാക്കാൻ നടപടി

6802 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിലെ റവ-ഇ1/48/2022-റവ നമ്പർ ഫയലിന്റെ കുറിപ്പ്, നടപ്പ് ഭാഗങ്ങൾ ഉൾപ്പെടെ മുഴുവൻ പേജുകളുടേയും പകർപ്പ് ലഭ്യമാക്കാമോ?

**പേരാമ്പ്ര മണ്ഡലത്തിലെ റവന്യൂ പുറംമ്പോക്ക് ഭൂമി**

6803 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിലെ ഏതൊക്കെ വില്ലേജുകളിൽ റവന്യൂ പുറംമ്പോക്ക് ഭൂമി ഉണ്ടെന്ന് വിശദമാക്കാമോ;

(ബി) എരവട്ടൂർ വില്ലേജിലെ ചേർമലയിൽ ഇത്തരത്തിൽ എത്ര ഭൂമി ഉണ്ടെന്ന് വിശദമാക്കാമോ?

**വിട്ടുകൊടുത്ത ഭൂമിയുടെ അളവ് റവന്യൂ രേഖകളിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടി**

6804 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് വീതി കൂട്ടുന്നതുൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾക്കായി ജനങ്ങൾ സൗജന്യമായി ഭൂമി വിട്ടുകൊടുക്കുമ്പോൾ ഉടമസ്ഥന്റെ റവന്യൂ രേഖകളിൽ പ്രസ്തുത ഭൂമിയുടെ അളവ് ഒഴിവാക്കി മാറ്റം വരുത്തി നൽകാനുള്ള സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ അതിനാവശ്യമായ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

**ഭൂമി തരം മാറ്റൽ**

6805 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ താലൂക്കിൽ ഭൂമി തരംമാറ്റുന്നതിന് ലഭിച്ച അപേക്ഷകളുടെ വില്ലേജ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ഇതിൽ തരംമാറ്റം അനുവദിച്ചതും, നിരസിച്ചതും, തീർപ്പാക്കാൻ ശേഷിക്കുന്നതുമായ അപേക്ഷകൾ എത്രയെന്ന് അറിയിക്കുമോ;

(സി) ഏത് തീയതി മുതലുള്ള അപേക്ഷകളാണ് തീർപ്പാക്കാൻ ശേഷിക്കുന്നതെന്നും അവ എത്ര സമയത്തിനുള്ളിൽ തീർപ്പാക്കുമെന്നും വെളിപ്പെടുത്തുമോ?

**ഭൂമി തരം മാറ്റുന്നതിനായി ലഭിച്ച അപേക്ഷകൾ**

6806 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് താലൂക്കിൽ ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട് നിലവിൽ ലഭിച്ച അപേക്ഷകളുടെ എണ്ണം വില്ലേജ് തിരിച്ച് നൽകാമോ;

(ബി) ഇതിൽ തരംമാറ്റം അനുവദിച്ചതും നിരസിച്ചതും തീർപ്പാക്കാൻ ശേഷിക്കുന്നതുമായ അപേക്ഷകൾ എത്രയെന്ന് അറിയിക്കാമോ?

## വില്ലേജുകൾ വിഭജിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

6807 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജുകൾ വിഭജിക്കുന്നതിനുള്ള മാനദണ്ഡം വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വില്ലേജുകളുടെ വിഭജനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

## ഗ്രീൻഫീൽഡ് ഹൈവേയുടെ ഭാഗമായി ഏറ്റെടുക്കുന്ന ഭൂമി

6808 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രീൻഫീൽഡ് ഹൈവേ കടന്ന് പോകുന്ന പുനലൂർ മണ്ഡലത്തിലെ തെന്മല ഉൾപ്പെടെയുള്ള വില്ലേജുകളിൽ, ഹൈവേ കടന്നു പോകുന്ന സർവേ നമ്പരിൽ ഉൾപ്പെടുന്ന വസ്തുക്കളുടെ കൈമാറ്റം തടഞ്ഞുകൊണ്ടുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒരേ സർവേ നമ്പരിൽ വരുന്നതും എന്നാൽ ഹൈവേ പ്രദേശത്ത് ഉൾപ്പെടാത്തതുമായ വസ്തുക്കൾ ആളുകൾക്ക് കൈമാറ്റം ചെയ്യാൻ സാധിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സാഹചര്യത്തിൽ ഗ്രീൻഫീൽഡ് ഹൈവേയുടെ ഭാഗമായി ഏറ്റെടുക്കുന്ന വസ്തുക്കളുടെ സർവെ നമ്പർ മാത്രം ഉൾപ്പെടുത്തി കൈമാറ്റം തടഞ്ഞുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) പ്രസ്തുത ഗ്രീൻഫീൽഡ് ഹൈവേയിൽ നിന്നും 30 കിലോമീറ്റർ അകലെയുള്ള ആര്യങ്കാവ് പഞ്ചായത്തിലെ അച്ചൻകോവിലിൽ ഭൂമിയുടെ ക്രയവിക്രയം തടഞ്ഞുകൊണ്ട് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിനിടയാക്കിയ സാഹചര്യം വിശദമാക്കാമോ?

## മലപ്പുറം ജില്ലയിൽ ഭൂമി തരം മാറ്റവുമായി ബന്ധപ്പെട്ട് ലഭിച്ച അപേക്ഷകൾ

6809 **ഡോ. കെ. ടി. ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി തരം മാറ്റവുമായി ബന്ധപ്പെട്ട് മലപ്പുറം ജില്ലയിൽ ഓൺലൈൻ ആയും ഓഫ് ലൈൻ ആയും എത്ര അപേക്ഷകളാണ് നിലവിൽ ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) ഓഫ് ലൈൻ ആയി ലഭിച്ച എത്ര അപേക്ഷകളിന്മേലാണ് ഇനി നടപടി സ്വീകരിക്കാനുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഓൺ ലൈൻ അപേക്ഷയുമായി ബന്ധപ്പെട്ടുണ്ടാകുന്ന സാങ്കേതിക തടസ്സങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

## യുണീക് തണ്ടപ്പേർ പദ്ധതി

6810 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുണീക് തണ്ടപ്പേർ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; പദ്ധതിയുടെ പുരോഗതിയുടെ വിശദാംശം അറിയിക്കാമോ;

(ബി) യുണീക് തണ്ടപ്പേർ നമ്പർ പ്രാബല്യത്തിൽ വരുന്നതോടെ ഭൂമി ഇടപാടുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ അവസാനിപ്പിക്കുന്നതിനും ബിനാമി ഇടപാടുകൾ നിയന്ത്രിക്കുന്നതിനും സാധിക്കുമോ എന്ന് അറിയിക്കുമോ;

(സി) വസ്തുവിന്റെ പ്രമാണപ്രകാരമുള്ള ഉടമ മരണപ്പെട്ടാൽ, അവകാശികൾക്ക് ഭൂമിയുടെ വിവിധവ്യവഹാരങ്ങളിൽപ്പെട്ട് ഉടമസ്ഥാവകാശം നിർണ്ണയിക്കപ്പെടാതെയുള്ള വസ്തുക്കൾക്ക് യുണീക്ക് തണ്ടപ്പേർ നമ്പർ തയ്യാറാക്കുന്നതിന് മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ?

**<u>വില്ലേജ് തല ജനകീയ സമിതികളെ ശക്തിപ്പെടുത്താൻ നടപടി</u>**

6811 **ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. മഞ്ഞളാംകുഴി അലി**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലെ സംവിധാനത്തിൽ വില്ലേജ് തല ജനകീയ സമിതികളുടെ സേവനം പൊതുജനങ്ങൾക്ക് ഉപകാരപ്പെടുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ സമിതികളെ ശക്തിപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സമിതികളെ താലൂക്ക് വികസന സമിതി മാതൃകയിൽ വിപുലീകരിക്കാനും ഇടപെടലുകൾ റവന്യൂ വകുപ്പിൽ മാത്രം പരിമിതപ്പെടുത്താതെ കൂടുതൽ അധികാരങ്ങൾ നൽകുവാനും തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ;

(സി) വില്ലേജ് തല ജനകീയ സമിതിയെ സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധമുണ്ടാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>പുനലൂർ മണ്ഡലത്തിലെ പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർ</u>**

6812 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ മണ്ഡലത്തിൽ വിവിധ വില്ലേജുകളിലായി പുറമ്പോക്കിൽ താമസിക്കുന്ന കുടുംബങ്ങളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇവയിൽ കുളം പുറമ്പോക്ക്, റോഡ് പുറമ്പോക്ക്, ആറ്റു പുറമ്പോക്ക്. സർക്കാർ പുറമ്പോക്ക് എന്നിവയിൽ താമസിക്കുന്ന കുടുംബങ്ങളുടെ വിവരം, പ്രദേശം എന്നിവ വില്ലേജ് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

**<u>തീക്കോയി വില്ലേജിലെ മാവടിയിൽ അപകട ഭീഷണിയായി നിൽക്കുന്ന പാറക്കല്ല് പൊട്ടിച്ച് നീക്കാൻ നടപടി</u>**

6813 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ തീക്കോയി വില്ലേജിലെ മാവടിയിൽ പ്രദേശവാസികൾക്ക് അപകട ഭീഷണിയായി നിൽക്കുന്ന പാറക്കല്ല് പൊട്ടിച്ച് നീക്കണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രദേശത്തെ പാറക്കല്ല് പൊട്ടിച്ച് നീക്കി പ്രദേശവാസികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**ഒരു വ്യക്തിക്ക് കൈവശം വയ്ക്കാവുന്ന ഭൂമിയുടെ അളവ്**

6814 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു വ്യക്തിക്ക് കൈവശംവയ്ക്കാവുന്ന ഭൂമിയുടെ അളവ് എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഭൂമിയുടെ തരം അനുസരിച്ച് കൈവശം വയ്ക്കാവുന്ന ഭൂമിയുടെ അളവിൽ വ്യത്യാസമുണ്ടോ;

(സി) തരിശ് ഭൂമി, കൃഷി ഭൂമി തുടങ്ങിയതരത്തിലുള്ള ഭൂമി അധികമായി കൈവശം വയ്ക്കുന്നതിന് ഇളവുകളുണ്ടോ; വിശദമാക്കാമോ?

**സ്മാർട്ട് വില്ലേജുകൾ**

6815 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വില്ലേജുകളെയാണ് സ്മാർട്ട് വില്ലേജുകളായി മാറ്റിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

**ഭൂമിക്ക് ന്യായവില നിശ്ചയിച്ചിട്ടില്ലാത്ത വില്ലേജുകൾ**

6816 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിലെ ഏതൊക്കെ വില്ലേജുകളിലാണ് ഭൂമിക്ക് ന്യായവില നിശ്ചയിക്കാതെയുള്ളത് എന്ന് വിശദമാക്കുമോ; പ്രസ്തുത വില്ലേജുകളിൽ ന്യായവില നിശ്ചയിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ എന്ന് വിശദമാക്കുമോ;

(ബി) ന്യായവില നിശ്ചയിക്കാത്ത വില്ലേജുകളിലെ ഭൂമി ക്രയവിക്രയം നടത്താൻ കഴിയാത്തതിനാൽ ജനങ്ങൾ പ്രയാസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് പരിഹാരമായി സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ന്യായവില നിശ്ചയിക്കാത്ത വില്ലേജുകളിൽ ആയത് നിശ്ചയിക്കാനുള്ള നടപടി സ്വീകരിക്കുമോ?

**ഗുരുതര രോഗങ്ങൾ ബാധിച്ചവർക്ക് റവന്യൂ വകുപ്പ് മുഖേന പെൻഷൻ നൽകുന്ന പദ്ധതി**

6817 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുതര രോഗങ്ങൾ ബാധിച്ചവർക്ക് റവന്യൂ വകുപ്പ് മുഖേന പെൻഷൻ നൽകുന്ന പദ്ധതി നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ അർഹതാ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും അപേക്ഷിക്കേണ്ടത് എന്തൊക്കെ രേഖകൾ സഹിതമാണെന്നും വിശദമാക്കാമോ;

(ബി) കാൻസർ രോഗികൾക്കുള്ള പെൻഷൻ ലഭിച്ചുവരുന്നവർക്ക് ആയത് ഓൺലൈൻ വഴി പുതുക്കാൻ സാധിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

**<u>വില്ലേജ് ഓഫീസുകൾ ജനസൗഹൃദമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ</u>**

6818 **ശ്രീ. കെ. ആൻസലൻ**
**ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ ജനസൗഹൃദമാക്കുന്നതിനും കാലതാമസമില്ലാതെ സേവനം ലഭ്യമാക്കുന്നതിനുമായി സർക്കാർ നടത്തുന്ന വിവിധ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പിലാക്കി വരുന്ന വിഷൻ ആന്റ് മിഷൻ പദ്ധതി സംബന്ധിച്ച വിശദാംശം നൽകുമോ;

(സി) സർക്കാർ സേവനങ്ങൾ ജനങ്ങളുടെ വിരൽത്തുമ്പിൽ ലഭ്യമാക്കുന്നതിനായി റവന്യൂ ഇ-സാക്ഷരതയ്ക്ക് തുടക്കം കുറിക്കുന്നത് പരിഗണനയിലുണ്ടോ; നിലവിൽ ഭൂരേഖകളുടെ ഡിജിറ്റൈസേഷൻ നടപടികളുടെ പുരോഗതി വിശദമാക്കുമോ;

(ഡി) ജനങ്ങൾക്ക് കൂടുതൽ പ്രയോജനപ്രദമാകുന്ന രീതിയിൽ നിശ്ചിത കാലാവധിക്ക് ശേഷം കാലഹരണപ്പെടുന്ന സർട്ടിഫിക്കറ്റുകൾ ഒഴിവാക്കുന്നതിനു തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

**<u>കൈവശ ഭൂമിക്ക് പട്ടയം നൽകുന്ന നടപടി</u>**

6819 **ശ്രീ കെ ബി ഗണേഷ് കുമാർ**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ തോമസ് കെ തോമസ്**
**ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈവശ ഭൂമിക്ക് പട്ടയം നൽകുന്നത് സംബന്ധിച്ച് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളുടെ പുരോഗതി വിശദീകരിക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ ഓരോ ജില്ലയിലും ഇതിനകം വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) ഏതൊക്കെ ജില്ലകളിൽ എത്ര വീതം പട്ടയങ്ങളാണ് ഇനിയും നൽകാനുള്ളത് എന്ന് അറിയിക്കുമോ;

(ഡി) ഇക്കാര്യത്തിൽ ഉണ്ടാകുന്ന കാലതാമസത്തിന് കാരണം എന്തെന്നും അവ പരിഹരിക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയെന്നും വിശദമാക്കുമോ?

## വർക്കല മണ്ഡലത്തിലെ പട്ടയ വിതരണം

6820 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജകമണ്ഡലത്തിലെ നാവായികുളം വില്ലേജിൽ നൈനാംകോണം പ്രദേശത്ത് താമസിക്കുന്ന എത്ര പേർക്ക് മുൻ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തുമായി പട്ടയം നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രദേശത്തുള്ള എത്ര പേർക്ക് പട്ടയം നൽകാനുണ്ടെന്ന് വിശദമാക്കാമോ?

## ഭൂരഹിതർക്ക് പട്ടയ വിതരണം

6821 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂരഹിതർക്ക് പട്ടയം വിതരണം ചെയ്യുന്നതിനായി നിലവിൽ ഏതൊക്കെ പദ്ധതികൾ ഉണ്ടെന്ന് അറിയിക്കാമോ;

(ബി) മേൽപ്പറഞ്ഞ കാലയളവിൽ പ്രസ്തുത പദ്ധതികളിലൂടെ എത്ര പേർക്ക് പട്ടയം നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കാമോ?

## മഞ്ചേശ്വരം താലൂക്കിൽ പട്ടയത്തിനായി ലഭിച്ച അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ

6822 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മെയ് 1 മുതൽ 2023 ഫെബ്രുവരി 28 വരെ മഞ്ചേശ്വരം താലൂക്കിൽ പട്ടയത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വില്ലേജ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ എത്ര പേർക്ക് പട്ടയം ലഭ്യമായിട്ടുണ്ട്; ആയതിന്റെ വില്ലേജ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) മഞ്ചേശ്വരം താലൂക്കിലെ വില്ലേജ് ഓഫീസുകളിൽ പട്ടയത്തിനായി ലഭിച്ച അപേക്ഷകളിൽ തീരുമാനമാകാത്ത അപേക്ഷളുടെ വിശദ വിവരം അറിയിക്കുമോ; ആയതിന്റെ വില്ലേജ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) പട്ടയത്തിനായുള്ള അപേക്ഷകളിൽ വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് ലഭ്യമായിട്ടും താലൂക്ക് ഓഫീസുകളിൽ നിലവിൽ കെട്ടിക്കിടക്കുന്ന അപേക്ഷകളുടെ വിശദ വിവരങ്ങൾ അറിയിക്കുമോ; ആയതിന്റെ വില്ലേജ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത താലൂക്കിൽ ലാന്റ് അസൈൻമെന്റ് കമ്മിറ്റി തീരുമാനമുണ്ടായിട്ടും പട്ടയം അനുവദിക്കാത്ത ഫയലുകളുടെ വിശദ വിവരം ലഭ്യമാക്കുമോ; ഈ ഫയലുകളിൽ പട്ടയം അനുവദിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നത് എന്ത് കൊണ്ടാണെന്ന് വിശദമാക്കുമോ?

## കയ്യൂർ ചീമേനി പഞ്ചായത്തിലെ പട്ടയം അപേക്ഷകൾ

6823 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്യൂർ ചീമേനി പഞ്ചായത്തിലെ ചീമേനി, തിമിരി, കയ്യൂർ വില്ലേജുകളിലായി പട്ടയത്തിന് വേണ്ടി എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്നും അപേക്ഷ ലഭിച്ചിട്ട് എത്ര വർഷങ്ങളായി എന്നും വ്യക്തമാക്കാമോ;

(ബി) പട്ടയം ഇനിയും കിട്ടാത്ത പ്രസ്തുത അപേക്ഷകർക്ക് ഇത് ലഭ്യമാക്കാൻ നാളിതുവരെ സ്വീകരിച്ച നടപടിയുടെ വിശദാംശം ലഭ്യമാക്കുമോ?

## വർക്കല താലൂക്കിൽ പട്ടയം ലഭിക്കുന്നതിനുള്ള അപേക്ഷകളിന്മേൽ നടപടി

6824 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല താലൂക്കിൽ പട്ടയം ലഭിക്കുന്നതിനായി എത്ര അപേക്ഷകളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകളിന്മേൽ അടിയന്തര നടപടി സ്വീകരിക്കുമോ?

## ഭൂമിക്ക് പട്ടയം നൽകാൻ നടപടി

6825 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദീർഘകാലമായി കൈവശത്തിലുള്ള ഭൂമിക്ക് പട്ടയം നൽകാനുള്ള നടപടി വകുപ്പിന്റെ പരിഗണനയിലുണ്ടോ; വിശദാംശം അറിയിക്കാമോ;

(ബി) ഇത്തരത്തിൽ ഉള്ള എത്ര അപേക്ഷകൾ കാസർഗോഡ് ജില്ലയിലെ വിവിധ താലൂക്കുകളിലായി തീർപ്പ് കൽപ്പിക്കാൻ ഉണ്ടെന്ന് അറിയിക്കാമോ?

## തൃശ്ശൂർ ജില്ലയിലെ പട്ടയവിതരണം

6826 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം തൃശ്ശൂർ ജില്ലയിൽ എത്ര ഭൂരഹിതർക്ക് പട്ടയം നൽകിയിട്ടുണ്ട്;

(ബി) പ്രസ്തുത ജില്ലയിലെ ഓരോ പഞ്ചായത്തിലും എത്ര അപേക്ഷകളിന്മേൽ പട്ടയം നൽകുന്നതിന് നടപടികൾ സ്വീകരിച്ചു; വിശദാംശം നൽകാമോ?

## സംസ്ഥാനത്ത് ഇ-പട്ടയങ്ങൾ

6827 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-പട്ടയങ്ങൾ (ഡിജിറ്റൽ) നഷ്ടപ്പെട്ടാൽ പുതിയ പട്ടയം ലഭിക്കുന്നതിന് പ്രയാസമുണ്ടോ; വീണ്ടും ജനങ്ങൾക്ക് ആയതിന്റെ കോപ്പി ഉപയോഗിക്കാൻ സാധിക്കുമോ;

(ബി) നിലവിൽ പേപ്പറിൽ എഴുതിയിട്ടുള്ള പഴയ പട്ടയങ്ങൾ മാറ്റി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) കീറിയതും മോശമായതുമായ പഴയ പട്ടയങ്ങൾക്ക് പകരം പുതിയ ഡിജിറ്റൽ പട്ടയങ്ങൾ ലഭിക്കുവാൻ വേണ്ടി അപേക്ഷിക്കുവാൻ സാധിക്കുമോ?

**<u>പട്ടയവിതരണത്തിൽ നേരിടുന്ന തടസ്സങ്ങൾ പരിഹരിക്കുന്നതിന് ഡാഷ് ബോർഡ് സംവിധാനം</u>**

6828 **ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് താമസയോഗ്യമായ ഭൂമിയുടെ ലഭ്യത കുറവ് മൂലം അതത് പ്രദേശങ്ങളിലെ ജനവിഭാഗങ്ങൾക്ക് പട്ടയ വിതരണം പൂർണ്ണമായും നടത്തുന്നതിന് തടസ്സങ്ങൾ നേരിടുന്നുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പട്ടയവിതരണത്തിൽ ഉണ്ടായിട്ടുള്ള പുരോഗതി വ്യക്തമാക്കാമോ;

(സി) പട്ടയവിതരണത്തിലുണ്ടാകുന്ന കാലതാമസം ശാശ്വതമായി പരിഹരിക്കുന്നതിനും തടസ്സമായി നിൽക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനും വില്ലേജടിസ്ഥാനത്തിൽ ഭൂരഹിതരെ കണ്ടെത്തുന്നതിനും ഭൂമിയുടെ ലഭ്യത ഉറപ്പാക്കുന്നതിനും അനുസൃതമായ വിവരങ്ങൾ കണ്ടെത്തി സൂക്ഷിക്കുന്നതിന് ഒരു ഡാഷ് ബോർഡ് സംവിധാനം സജ്ജമാക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ടോ;

(ഡി) പ്രസ്തുത ഡാഷ് ബോർഡ് സംവിധാനം സജ്ജമാകുന്നതോടുകൂടി ഓരോ പ്രദേശത്തെയും പട്ടയവിതരണത്തിലുള്ള സാങ്കേതിക തടസ്സങ്ങൾ കണ്ടെത്തി അവ സമയബന്ധിതമായി പരിഹരിക്കുന്നതിനും എല്ലാ ഭൂമിക്കും രേഖ എന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യ സാക്ഷാത്കാരത്തിലേക്ക് എത്തിച്ചേരുന്നതിനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ; വിശദമാക്കുമോ?

**<u>ഇടുക്കി ജില്ലാ കളക്ടറേറ്റിലേക്ക് അയച്ച പട്ടയങ്ങൾക്ക് അംഗീകാരം നൽകാത്ത നടപടി</u>**

6829 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ കരിമണ്ണൂർ ഭൂമി പതിവ് സ്പെഷ്യൽ ഓഫീസിൽ നിന്നും പട്ടയ നടപടികൾ പൂർത്തീകരിച്ച് തൊടുപുഴ ലാൻഡ് അസസ്മെന്റ് കമ്മിറ്റി പാസാക്കി അംഗീകാരത്തിനായി ഇടുക്കി ജില്ലാ കളക്ടറേറ്റിലേക്ക് അയച്ച 500 ൽ അധികം പട്ടയങ്ങൾക്ക് അംഗീകാരം നൽകാത്ത നടപടി ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ അർഹതപ്പെട്ടവർക്ക് പട്ടയം വിതരണം ചെയ്യാൻ അടിയന്തര നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ?

**<u>ഹസാർഡ് അനലിസ്റ്റ് തസ്തിക</u>**

6830 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുരന്തനിവാരണ അതോറിറ്റിയുടെ കോട്ടയം ജില്ലാ ഓഫീസിൽ ഹസാർഡ് അനലിസ്റ്റ് തസ്തിക നിലവിലുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത തസ്തിക സൃഷ്ടിക്കുന്നതിനും അനലിസ്റ്റിനെ നിയമിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

## മലപ്പുറം ജില്ലയുടെ റിവർ മാനേജ്മെന്റ് ഫണ്ട്

6831 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയുടെ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിലവിൽ എത്ര തുകയുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം ജില്ലയിൽ പ്രസ്തുത ഫണ്ട് മുഖേന എത്ര പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും പ്രവൃത്തികൾ ഏറ്റെടുത്തിട്ടില്ലെങ്കിൽ എന്തുകൊണ്ടാണെന്നും വിശദമാക്കാമോ;

(സി) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ മലപ്പുറം ജില്ലയുടെ റിവർ മാനേജ്മെന്റ് ഫണ്ടിലെ തുക മറ്റ് ജില്ലകൾക്ക് കൈമാറിയിട്ടുണ്ടോ; വിശദമാക്കാമോ?

## പാലക്കാട് ജില്ലയിലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള തരംമാറ്റ അപേക്ഷകൾ

6832 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പാലക്കാട് ജില്ലയിൽ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള ഭൂമി തരം മാറ്റ അപേക്ഷകളിൽ തീർപ്പാക്കിയ അപേക്ഷകളുടെ എണ്ണമെത്രയെന്ന് അറിയിക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ഇനി എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ടെന്ന് വ്യക്തമാക്കാമോ?

## കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിലെ ഡാറ്റാ ബാങ്ക്

6833 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിൽ ഡാറ്റാ ബാങ്ക് അന്തിമമായി പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചിട്ടില്ലെങ്കിൽ കാലതാമസത്തിന് കാരണമെന്താണ്; ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

## കോതനല്ലൂർ റെയിൽവേ മേൽപ്പാലത്തിന്റെ സ്ഥലമെടുപ്പ് പുരോഗതി

6834 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള കോതനല്ലൂർ മേൽപ്പാലത്തിന്റെ

സ്ഥലമെട്ടുപ്പ് പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത മേൽപ്പാലത്തിനുവേണ്ടി എത്ര സ്ഥലം ഏറ്റെടുക്കാനാണ് ഉദ്ദേശിക്കുന്നത്; ഇതിനായി എത്ര തുക ചെലവാകുമെന്ന് വെളിപ്പെടുത്താമോ;

(സി) ഇതുമായി ബന്ധപ്പെട്ട സ്ഥലമെട്ടുപ്പ് നടപടിക്ക് റെയിൽവേയുടെ അനുമതി ലഭിച്ചിട്ടുണ്ടോ; ഇതിന്റെ സാമൂഹ്യ ആഘാത പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി മൂലം എത്ര കുടുംബങ്ങൾ കുടിയൊഴിപ്പിക്കപ്പെടുമെന്ന് വിശദമാക്കാമോ; സ്ഥലമേറ്റെടുത്ത് കല്ലിടൽ നടപടി പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>**വടകര റവന്യൂ ഡിവിഷനിൽ ഭൂമി തരം മാറ്റൽ**</u>

6835 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വടകര റവന്യൂ ഡിവിഷനിൽ നിന്ന് വീട് നിർമ്മിക്കുന്നതിന് വേണ്ടി ഭൂമി തരം മാറ്റാൻ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത അപേക്ഷകളിൽ ഭൂമി തരം മാറ്റി നൽകിയിട്ടുള്ളതും നിരസിച്ചിട്ടുള്ളതും എത്രയെന്ന് അറിയിക്കാമോ?

<u>**ഭൂമി തരം മാറ്റം ചെയ്യുന്നതിന് നടപടി**</u>

6836 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതി ലിസ്റ്റിൽ പേരുള്ള വീട് നിർമ്മാണത്തിന് അനുമതി ലഭിച്ച ഗുണഭോക്താക്കൾ ഭൂമി തരം മാറ്റത്തിന് അപേക്ഷ സമർപ്പിച്ച് തീരുമാനത്തിനായി കാത്തിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഗുണഭോക്താക്കളുടെ ഭൂമി തരം മാറ്റി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>**ഭൂമി തരം മാറ്റുന്നതിന് നടപടി**</u>

6837 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പഞ്ചായത്ത് അധീനതയിലുള്ള ഭൂമിയിൽ വർഷങ്ങളായി വീടുവച്ച് താമസിക്കുന്നവർക്ക് പട്ടയം നൽകുന്നതിനുള്ള നിലവിലെ നടപടിക്രമം വിശദമാക്കാമോ;

(ബി) ഭൂമി തരം മാറ്റൽ നടപടികൾ വർഷങ്ങൾ നീണ്ടുനിൽക്കുമെന്നതിനാൽ അതത് പഞ്ചായത്ത് ഭരണസമിതിയുടെ നിരാക്ഷേപ പത്രത്തിന്റെ അടിസ്ഥാനത്തിൽ പാവപ്പെട്ടവർക്ക് പട്ടയം നൽകുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദേശം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കാമോ?

<u>**ആലപ്പുഴ മണ്ഡലത്തിലെ റവന്യൂ പുറമ്പോക്ക് ഭൂമി**</u>

6838 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിലെ റവന്യൂ പുറമ്പോക്ക് ഭൂമിയുടെ വിശദവിവരം വില്ലേജ് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ സർക്കാർ വകുപ്പുകൾക്ക് സേവന ആവശ്യങ്ങൾക്കായി ഭൂമി കൈമാറി നൽകുവാൻ പറ്റിയ സ്ഥലങ്ങൾ ഉണ്ടോ എന്ന് അറിയിക്കാമോ; എങ്കിൽ അവയുടെ വിശദവിവരം വില്ലേജ് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

## എച്ച്.ആർ.എം.എസ്. സ്പാർക്കുമായി ഇന്റഗ്രേറ്റ് ചെയ്യാൻ നടപടി

6839 **ശ്രീ സി ആർ മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിലെ ഓൺലൈൻ ട്രാൻസ്ഫർ നടത്തുന്ന എച്ച്.ആർ.എം.എസ്. സ്പാർക്കുമായി ഇന്റഗ്രേറ്റ് ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ; ഇല്ലെങ്കിൽ ആയത് ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ബി) സ്പാർക്കുമായി ഇന്റഗ്രേറ്റ് ചെയ്യാത്തത് കാരണം ഉദ്യോഗസ്ഥരുടെ സർവീസ് ഡീറ്റയിൽസ് എച്ച്.ആർ.എം.എസ്-ൽ ശരിയായിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) എച്ച്.ആർ.എം.എസ്-ൽ ഡി.ഡി.ഒ-മാർ ഉദ്യോഗസ്ഥരുടെ സർവീസ് സംബന്ധിച്ച വിവരങ്ങൾ ശരിയായ രീതിയിൽ അപ്ഡേറ്റ് ചെയ്യാത്തത് കാരണം 2022-ലെ ഓൺലൈൻ ട്രാൻസ്ഫറിൽ അപാകത സംഭവിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) 5.7.2022 ന് മുൻപ് എച്ച്.ആർ.എം.എസ്-ൽ ഡാറ്റ അപ്ഡേറ്റ് ചെയ്യണം എന്ന് കാണിച്ചുകൊണ്ട് എൽ.ആർ.സി.യിൽ നിന്നും ഉത്തരവ് നൽകിയിട്ടും ആയത് ചെയ്യാത്തത് മൂലം 2022-ലെ പൊതുസ്ഥലമാറ്റ ഉത്തരവിൽ അപാകത സംഭവച്ചതിൽ ഡി.ഡി.ഒ-മാരിൽ നിന്നോ ജില്ലാ കളക്ടർമാരിൽ നിന്നോ വിശദീകരണം ചോദിച്ചിട്ടുണ്ടോ; ആർക്കെതിരെയെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഇ) എച്ച്.ആർ.എം.എസ്-ൽ എല്ലാ ഉദ്യോഗസ്ഥരുടെയും സർവീസ് ഹിസ്റ്ററിയിൽ ഏതൊക്കെ ഓഫീസുകളിൽ ജോലി ചെയ്തിട്ടുണ്ട് എന്നത് വ്യക്തമായി രേഖപ്പെടുത്താത്ത എത്ര ഓഫീസുകൾ ഉണ്ടെന്നുള്ള വിവരം ലഭ്യമാക്കാമോ?

## എച്ച്.ആർ.എം.എസ്. ഓൺലൈൻ വഴിയുള്ള ട്രാൻസ്ഫർ

6840 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ എച്ച്.ആർ.എം.എസ്. ഓൺലൈൻ വഴിയുള്ള ട്രാൻസ്ഫർ ജില്ലാ അടിസ്ഥാനത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ജില്ലാ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## റവന്യൂ ഡിപ്പാർട്ട്മെന്റിലെ ഓൺലൈൻ സ്ഥലം മാറ്റങ്ങൾ

6841 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ

വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ ഡിപ്പാർട്ട്മെന്റിലെ ജീവനക്കാർക്ക് മാർച്ച് മാസം ആയിട്ടും എച്ച്.ആർ.എം.എസ്. മുഖേന ഓൺലൈനായി സ്ഥലം മാറ്റത്തിന് അപേക്ഷിക്കുവാൻ കഴിയാത്തത് എന്തുകൊണ്ടാണ്;

(ബി) പ്രൊമോഷൻ മൂലം മറ്റ് ജില്ലകളിലേക്ക് സ്ഥലം മാറ്റിയ കംപാഷനേറ്റ് ഗ്രൗണ്ടിൽ (അനുകമ്പാർഹമായ കാരണങ്ങൾ) ഉള്ള എത്ര ജീവനക്കാർ നിലവിൽ ഉണ്ട്; അവരുടെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(സി) എച്ച്.ആർ.എം.എസ്. വൈകുന്നത് മൂലം അവരുടെ യാതനകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്ത് നടപടികളാണ് ഇത്തരം ജീവനക്കാരുടെ കാര്യത്തിൽ കൈക്കൊണ്ടിട്ടുള്ളത്?

**<u>വടകര മിനി സിവിൽ സ്റ്റേഷനിൽ വൈദ്യുതി വിച്ഛേദിക്കപ്പെട്ടത് സംബന്ധിച്ച്</u>**

6842 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര മിനി സിവിൽ സ്റ്റേഷനിൽ 2023 മാർച്ച് മാസത്തിൽ വീണ്ടും വൈദ്യുതി വിച്ഛേദിക്കപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വൈദ്യുതി ബിൽ കുടിശികയായത് കാരണമാണ് വൈദ്യുതി വിച്ഛേദിക്കുന്നത് എന്ന് വൈദ്യുതി വകുപ്പ് അറിയിച്ച സാഹചര്യത്തിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടി എന്തൊക്കെയാണെന്ന് അറിയിക്കാമോ?

**<u>കുന്ദമംഗലം മിനി സിവിൽസ്റ്റേഷനിൽ പ്രവർത്തിക്കുന്ന ഓഫീസുകളുടെ വിവരം</u>**

6843 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം മിനി സിവിൽസ്റ്റേഷനിൽ നിലവിലുള്ള ഓരോ നിലയിലും ഏതൊക്കെ മുറികളിൽ ഏതെല്ലാം ഓഫീസുകളാണ് പ്രവർത്തിച്ചുവരുന്നതെന്ന് വിശദമാക്കാമോ;

(ബി) കുന്ദമംഗലം മിനി സിവിൽസ്റ്റേഷനിൽ ഏതൊക്കെ നിലകളിൽ ഏതെല്ലാം മുറികളാണ് ഒഴിഞ്ഞുകിടക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പൊതു ആവശ്യങ്ങൾക്കായി ഏതെല്ലാം മുറികളാണ് ഒഴിച്ചിട്ടിട്ടുള്ളത്; ഇവ എന്തൊക്കെ ആവശ്യങ്ങൾക്കാണ് ഉപയോഗിക്കാവുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കെട്ടിടത്തിൽ പുതുതായി ഏതെങ്കിലും ഓഫീസുകൾ ആരംഭിക്കുന്നതിന് സ്ഥലം അനുവദിക്കാൻ അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് നടപടിയാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത് ;വിശദമാക്കാമോ?

**<u>കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ വില്ലേജ് ഓഫീസുകൾ</u>**

6844 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ പുതുതായി എത്ര വില്ലേജ് ഓഫീസുകൾക്ക് കെട്ടിടം നിർമ്മിക്കുന്നുണ്ട്;ആയതിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) കോഴിക്കോട് ചെലവൂർ വില്ലേജ് ഓഫീസിന് ചുറ്റുമതിൽ നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

## മണലൂർ മണ്ഡലത്തിലെ എറവ് സ്മാർട്ട് വില്ലേജ് ഓഫീസിന്റെ നിർമ്മാണം

6845 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 -ലെ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച മണലൂർ മണ്ഡലത്തിലെ എറവ് സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തുക എത്രയാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത വില്ലേജ് ഓഫീസിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചത് എന്നാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതിയും ആയത് എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

## പാവറട്ടി വില്ലേജ് സ്മാർട്ട് ആക്കാൻ നടപടി

6846 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 വർഷത്തെ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി മണലൂർ മണ്ഡലത്തിലെ പാവറട്ടി വില്ലേജ് സ്മാർട്ടാക്കുന്നതിനായി എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളതെന്നും ഇതിനായി സ്ഥലം ലഭ്യമായിട്ടുണ്ടോയെന്നും അറിയിക്കുമോ;

(ബി) പാവറട്ടി ഗ്രാമപഞ്ചായത്ത് സ്ഥലം ലഭ്യമാക്കുന്നതിന് തയ്യാറാണെന്ന് അറിയിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി എന്തെല്ലാമെന്ന് വിശദമാക്കാമോ?

## മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി- അന്നകര സ്മാർട്ട് വില്ലേജ് ഓഫീസ് നവീകരണം

6847 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി-അന്നകര സ്മാർട്ട് വില്ലേജ് ഓഫീസ് നവീകരണത്തിനായി എത്ര തുക അനുവദിച്ചുവെന്നും എന്നാണ് ഭരണാനുമതി നൽകിയതെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത ഓഫീസിന്റെ നവീകരണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകാമോ?

## ചാത്തന്നൂർ താലൂക്ക് രൂപീകരണം

6848 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ താലൂക്ക് രൂപീകരണവുമായി ബന്ധപ്പെട്ട നടപടികളുടെ നിലവിലെ

സ്ഥിതി വിശദമാക്കാമോ?

**<u>വില്ലേജ് ഓഫീസുകളെ ആധുനികവൽക്കരിക്കാനും ജനസൗഹൃദമാക്കാനും നടപടി</u>**

6849 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. എ . പി. അനിൽ കുമാർ**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ . സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വില്ലേജ് ഓഫീസുകളെ ആധുനികവത്ക്കരിക്കാനും ജനസൗഹൃദമാക്കാനും ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതി ത്വരിതപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എത്ര വില്ലേജ് ഓഫീസുകളെ പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി നവീകരണ പ്രവർത്തനം നടത്തി വരുന്നുണ്ട് എന്നറിയിയ്ക്കാമോ?

**<u>വില്ലേജ് ഓഫീസുകളിലെ അസൗകര്യങ്ങൾ പരിഹരിക്കാൻ നടപടി</u>**

6850 **ശ്രീ ഒ . ആർ. കേളു**
**ശ്രീ വി കെ പ്രശാന്ത്**
**ശ്രീ. എ. രാജ**
**ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മിക്ക വില്ലേജ് ഓഫീസുകളും തീർത്തും അപര്യാപ്തമായ സൗകര്യം മാത്രമുള്ളവയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ബി) സംസ്ഥാനത്ത് ആകെ എത്ര വില്ലേജ് ഓഫീസുകൾ ഉണ്ടെന്നും അവയിൽ എത്രയെണ്ണം സ്മാർട്ട് വില്ലേജ് ഓഫീസുകൾ ആയി പരിവർത്തനം നടത്താൻ കഴിഞ്ഞിട്ടുണ്ടെന്നും അറിയിക്കാമോ;

(സി) വില്ലേജ് ഓഫീസുകളിൽ എത്തുന്നവർക്ക് വേണ്ട സൗകര്യം ഏർപ്പെടുത്തുന്നതിനും സേവനങ്ങൾ പരമാവധി ഓൺലൈനാക്കി സമയബന്ധിതമായി ലഭ്യമാക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിവിധ രജിസ്റ്ററുകൾ ഡിജിറ്റൈസ് ചെയ്ത് കമ്പ്യൂട്ടർ അധിഷ്ഠിത രേഖാ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശ്യമുണ്ടോ; വ്യക്തമാക്കാമോ?

**<u>എറണാകുളം ജില്ലയിൽ സ്പെഷ്യൽ തഹസിൽദാർ ഓഫീസുകൾ രൂപീകരിക്കാൻ നടപടി</u>**

6851 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ കിഫ്ബി പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ രണ്ട് സ്പെഷ്യൽ തഹസിൽദാർ ഓഫീസുകൾ രൂപീകരിക്കണമെന്ന അപേക്ഷയിൽ ധനകാര്യ വകുപ്പിൽ നിന്നും കൈമാറിക്കിട്ടിയ 1974832-വ്യയം-എ1/20/2022-ധന. നമ്പർ കത്തിന്മേൽ റവന്യൂ വകുപ്പിൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത

വിഷയത്തിന്മേൽ റവന്യൂ വകുപ്പ് നടത്തിയ എല്ലാ കത്തിടപാടുകളുടെയും പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച ഫയൽ തീർപ്പാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## വില്ലേജ് ഓഫീസുകളുടെ വിഭജനം

6852 **ശ്രീ. എ . പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിസ്തീർണ്ണത്തിന്റെയും ജനസംഖ്യയുടെയും അടിസ്ഥാനത്തിൽ വില്ലേജ് ഓഫീസുകൾ വിഭജിച്ച് പുതിയവ രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

## കാസർഗോഡ് ജില്ലയിലെ വില്ലേജ് ഓഫീസുകൾ

6853 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എത്ര വില്ലേജ് ഓഫീസുകൾ ഉണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ഓഫീസുകളിൽ നിലവിലുള്ള തസ്തികകളും ഒഴിഞ്ഞുകിടക്കുന്ന തസ്തികകളും ഏതൊക്കെയാണെന്ന് വില്ലേജ് തിരിച്ച് വ്യക്തമാക്കാമോ;

(സി) പ്രസ്തുത തസ്തികകൾ എത്ര നാളായി ഒഴിഞ്ഞുകിടക്കുന്നുവെന്ന് വില്ലേജ് തിരിച്ച് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഒഴിവുകൾ എപ്പോൾ നികത്തുമെന്ന് വ്യക്തമാക്കാമോ?

## നെന്മാറ കേന്ദ്രമായി പുതിയ താലൂക്ക് രൂപീകരിക്കാൻ നടപടി

6854 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ പറമ്പിക്കുളം, നെല്ലിയാമ്പതി മേഖലകളിൽ താമസിക്കുന്ന ആദിവാസി വിഭാഗം ഉൾപ്പെടെയുള്ള ജനങ്ങൾക്ക് താലൂക്ക് ആസ്ഥാനത്ത് എത്തുന്നതിനുള്ള പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി നെന്മാറ കേന്ദ്രമായി പുതിയ താലൂക്ക് രൂപീകരിക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

## കൊണ്ടോട്ടി മണ്ഡലത്തിലെ വില്ലേജ് ഓഫീസുകളുടെ നവീകരണം

6855 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മണ്ഡലത്തിലെ വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) ഇതിൽ ഏതെല്ലാം വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജുകളായി ഇതിനകം

നവീകരിച്ചുവെന്നും ഇതിനായി ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ;

(സി) സ്മാർട്ട് വില്ലേജുകളായി പ്രഖ്യാപിച്ച പ്രസ്തുത മണ്ഡലത്തിലെ പുതിയ വില്ലേജുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിന് തുക അനുവദിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) സ്ഥല പരിമിതി മൂലം ബുദ്ധിമുട്ടുന്ന പുളിക്കൽ വില്ലേജ് ഓഫീസിന് പുളിക്കൽ ഗ്രാമപഞ്ചായത്ത് പുതിയ സ്ഥലം നൽകാമെന്ന് അറിയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## റവന്യൂ വകുപ്പിലെ ജീവനക്കാർക്കെതിരെ കൈക്കൂലി/അഴിമതി കേസുകൾ

6856 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റവന്യൂ വകുപ്പിലെ ജീവനക്കാർക്കെതിരെ എത്ര കൈക്കൂലി/അഴിമതി കേസുകളാണ് വിജിലൻസ് രജിസ്റ്റർ ചെയ്തിട്ടുള്ളത് എന്ന് വിശദമാക്കുമോ; ഇതിൽ എത്ര പേർക്കെതിരെയാണ് സർക്കാർ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

## കോഴിക്കോട് താലൂക്ക് പരിധിയിൽ സർവേയർമാരുടെ എണ്ണം

6857 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് താലൂക്ക് പരിധിയിൽ സർവേയർമാരുടെ എത്ര തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്; ആയതിൽ എത്ര പേർ നിലവിൽ ജോലി ചെയ്യുന്നുണ്ട്;

(ബി) സർവേയർമാരുടെ കുറവ് മൂലം വിവിധ പദ്ധതികളുടെ സ്ഥലമെടുപ്പ് നടപടികൾക്ക് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

## ഓൺലൈൻ സ്ഥലമാറ്റ അപേക്ഷാ സംവിധാനം

6858 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ എച്ച്.ആർ.എം.എസ്. മുഖേന ജനുവരിയിൽ ആരംഭിക്കേണ്ട ഓൺലൈൻ സ്ഥലമാറ്റ അപേക്ഷാ സംവിധാനം മാർച്ച് മാസമായിട്ടും ആരംഭിക്കാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ;

(ബി) പ്രമോഷൻ മൂലം മറ്റ് ജില്ലകളിലേയ്ക്ക് നിർബന്ധപൂർവം സ്ഥലംമാറ്റപ്പെട്ട കംപാഷനേറ്റ് ഗ്രൗണ്ടിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ള എത്ര ജീവനക്കാർ നിലവിലുണ്ടെന്ന് അറിയിക്കാമോ;

(സി) എച്ച്.ആർ.എം.എസ്. മുഖേനയുള്ള അപേക്ഷാ സമർപ്പണം വൈകുന്നത് കാരണം ഇത്തരം ജീവനക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം ജീവനക്കാരുടെ കാര്യത്തിൽ എന്ത് നടപടികളാണ് റവന്യൂ വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

## റവന്യൂ ഡിപ്പാർട്ട്മെന്റിൽ ഓൺലൈൻ സ്ഥലം മാറ്റം

6859 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ ഡിപ്പാർട്ട്മെന്റിൽ ജനുവരിയിൽ ആരംഭിക്കാറുള്ള ഓൺലൈൻ സ്ഥലം മാറ്റങ്ങൾക്ക് ഇതുവരെ ജീവനക്കാർക്ക് എച്ച്.ആർ.എം.എസ്. ൽ അപേക്ഷിക്കുവാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(ബി) പ്രൊമോഷൻ മൂലം മറ്റ് ജില്ലകളിലേക്ക് നിർബന്ധപൂർവം സ്ഥലം മാറ്റിയ കംപാഷനേറ്റ് ഗ്രൗണ്ടിൽ ഉള്ള ജീവനക്കാരുടെ നിലവിലെ എണ്ണം അറിയിക്കാമോ; പ്രസ്തുത ജീവനക്കാരുടെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(സി) എച്ച്.ആർ.എം.എസ്. വൈകുന്നത് മൂലമുള്ള ജീവനക്കാരുടെ പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്മേൽ എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

## സംസ്ഥാനത്തെ റവന്യൂ ഉദ്യോഗസ്ഥർ

6860 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ഡെപ്യൂട്ടി കളക്ടർ, തഹസിൽദാർ, ഡെപ്യൂട്ടി തഹസിൽദാർ എന്നീ തസ്തികകളിൽ എത്ര പേർ സേവനം അനുഷ്ഠിക്കുന്നുണ്ട്; പ്രസ്തുത ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) 50 വയസ്സ് കഴിഞ്ഞ ഡെപ്യൂട്ടി തഹസിൽദാർമാർക്ക് ക്രിമിനൽ ജുഡീഷ്യൽ ടെസ്റ്റ് പാസ്സ് ആകുന്നതിൽ നിന്നും ഇളവ് അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത ഉത്തരവ് ഇറങ്ങിയിട്ടില്ലെങ്കിൽ ആയതിന്റെ കാലതാമസത്തിന് കാരണം എന്താണെന്ന് വ്യക്തമാക്കാമോ?

## റവന്യൂ വകുപ്പിൽ വിവിധ തസ്തികയിലെ ഒഴിവുകൾ

6861 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ വകുപ്പിൽ ഡെപ്യൂട്ടി കളക്ടർ, തഹസിൽദാർ, സീനിയർ സൂപ്രണ്ട് എന്നീ തസ്തികകളിൽ അനുവദനീയമായ തസ്തികകളുടെ എണ്ണം (സാങ്ഷൻഡ് സ്ട്രെങ്ത്) എത്രയാണെന്നും ആയതിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) റവന്യൂ റിക്കവറി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിന് മലപ്പുറം ജില്ലയിൽ ആർ.ആർ. സ്പെഷ്യൽ തഹസിൽദാറുടെ ഓഫീസ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

## റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥർക്കെതിരെ നടപടി

6862 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ വകുപ്പിന്റെ വിവിധ ഓഫീസുകളിൽ വിജിലൻസ് പരിശോധന നടത്താൻ ഇടയായ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ കൈക്കൂലിക്കേസിൽ റവന്യൂ വകുപ്പിലെ എത്ര ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

## പരാതിരഹിത കേരളം

6863 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരാതിരഹിത കേരളം ലക്ഷ്യമാക്കി ഈ സർക്കാർ സംഘടിപ്പിക്കുന്ന താലൂക്ക് അദാലത്തിൽ പ്രധാനമായും ഏതെല്ലാം വിഷയങ്ങളാണ് പരിഗണിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത അദാലത്തുകൾ എന്നുമുതൽ നടത്താനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

## കല്ല്യാശ്ശേരി മണ്ഡലത്തിലെ പട്ടുവം ഗ്രാമപഞ്ചായത്തിലെ കയ്യംതടത്തെ ഭൂപ്രശ്നം

6864 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പട്ടുവം ഗ്രാമപഞ്ചായത്തിലെ കയ്യംതടത്തെ 34-ഓളം കുടുംബങ്ങൾക്ക് പട്ടയം ലഭിച്ച ഭൂമി 1995-ൽ നടന്ന റീസർവേയിൽ മിച്ചഭൂമി ആയി രേഖപ്പെടുത്തിയതിനാൽ യഥാർത്ഥ ഭൂവുടമകളുടെ പേരിൽ നികുതി ഒടുക്കുന്നതിനോ മറ്റ് ക്രയവിക്രയങ്ങൾ നടത്തുന്നതിനോ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ റവന്യൂ വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

## വടക്കാഞ്ചേരി മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

6865 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം റവന്യൂ വകുപ്പ് മുഖേന എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ളത് എന്ന് വിശദമാക്കാമോ?

## ഭൂമിയുടെ നികുതി സ്വീകരിക്കുന്നതിന് നടപടി

6866 **ശ്രീ. ടി.സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എടച്ചേരി വില്ലേജ് വരുതിയിൽ ഭൂമി റിസർവേ ചെയ്തതിനുശേഷം സർവേ വകുപ്പ് നൽകിയ രേഖകളിൽ പലരുടെയും ഭൂമി സംബന്ധിച്ച രേഖകൾ ഉൾപ്പെട്ടിട്ടില്ലാത്തതും ഭൂവിസ്തൃതിയിൽ കുറവ് വന്നിട്ടുള്ളതും സംബന്ധിച്ച് പരാതികൾ ഉയർന്നുവന്നിട്ടുള്ളത് ഗൗരവത്തോടെ കാണുന്നുണ്ടോ;

ഈ കാര്യത്തിൽ അന്വേഷണം നടത്തുമോ; പ്രസ്തുത പ്രശ്നം പരിഹരിച്ച് ഭൂമിയുടെ നികുതി സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## റവന്യൂ വകുപ്പിലെ ജീവനക്കാരുടെ സ്ഥലം മാറ്റം

6867 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ എല്ലാ വർഷവും ജനവരിയിൽ ആരംഭിക്കുന്ന ഓൺലൈൻ (എച്ച് .ആർ.എം.എസ്.) സ്ഥലം മാറ്റത്തിന് നാളിതുവരെ ജീവനക്കാർക്ക് അപേക്ഷിക്കുവാൻ കഴിയാത്തതെന്തുകൊണ്ടാണെന്ന് അറിയിക്കാമോ;

(ബി) പ്രമോഷൻ മൂലം മറ്റ് ജില്ലകളിലേക്ക് സ്ഥലം മാറ്റം ലഭിച്ച അനുകമ്പാർഹരായവരുടെ ലിസ്റ്റിൽ ഉൾപ്പെട്ട എത്ര ജീവനക്കാർ നിലവിലുണ്ടെന്ന് അറിയിക്കാമോ;

(സി) ഓൺലൈനിൽ സ്ഥലം മാറ്റത്തിന് അപേക്ഷിക്കാൻ ജീവനക്കാർക്ക് എന്നുമുതൽ സൗകര്യമൊരുക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## റവന്യൂ പുറമ്പോക്ക് ഭൂമികൾ മറ്റ് വകുപ്പുകൾക്ക് കൈമാറുന്നതിനുള്ള മാനദണ്ഡങ്ങൾ

6868 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ പുറമ്പോക്ക് ഭൂമികൾ പൊതു ആവശ്യങ്ങൾക്കായി മറ്റ് വകുപ്പുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് കൈമാറുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഇത്തരം കൈമാറ്റങ്ങളിലെ കാലതാമസം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ?

## സമാശ്വാസ തൊഴിൽദാന പദ്ധതി

6869 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ ജി.ഒ. (എം.എസ്.) നം.14/2010/ പി.&എ.ആർ.ഡി. തീയതി 12.04.2010 ഉത്തരവ് പ്രകാരം 01.01.2020 മുതൽ 31.12.2022 വരെയുള്ള കാലയളവിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അപേക്ഷ സമർപ്പിക്കുന്നതിന് കരുനാഗപ്പള്ളി തഹസിൽദാർ നൽകിയ ആശ്രിത സർട്ടിഫിക്കറ്റ് ഉൾപ്പെട്ട എത്ര അപേക്ഷകൾ കൊല്ലം കളക്ടേറ്റിൽ ലഭിച്ചിട്ടുണ്ട്; അപേക്ഷകരുടെ പേരും വിലാസവും വില്ലേജ് തിരിച്ച് ലഭ്യമാക്കാമോ?

## ഗ്രീൻ ഫീൽഡ് ഹൈവേയുമായി ബന്ധപ്പെട്ട നഷ്ടപരിഹാരം നൽകുന്നതിന് നടപടി

6870 **ശ്രീ. എ . പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രീൻ ഫീൽഡ് ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട് കെട്ടിടം നഷ്ടപ്പെടുന്നവർക്ക് കെട്ടിടത്തിന്റെ കാലപ്പഴക്കം നോക്കാതെ നഷ്ടപരിഹാരം നൽകണമെന്ന്

സംസ്ഥാന സർക്കാർ കേന്ദ്ര നാഷണൽ ഹൈവേ അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ;

(ബി) വീട് നഷ്ടപ്പെടുന്ന മുഴുവൻ പേർക്കും പുനരധിവാസ പാക്കേജ് തുക പൂർണ്ണമായി നൽകുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; എങ്കിൽ തടസ്സങ്ങൾ എന്താണെന്ന് വിശദമാക്കാമോ; പ്രസ്തുത തടസ്സങ്ങൾ നീക്കി മുഴുവൻ തുകയും നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

**വരുമാനം കണക്കാക്കുന്നതിനുള്ള മാനദണ്ഡം**

6871 **ശ്രീ .പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വില്ലേജ്/താലൂക്ക് ഓഫീസ് വഴി റവന്യൂ വകുപ്പ് നൽകുന്ന വരുമാന സർട്ടിഫിക്കറ്റിന് വേണ്ടി ഒരു വ്യക്തിയുടെ വരുമാനം കണക്കാക്കുന്നതിനുള്ള മാർഗ്ഗ നിർദേശങ്ങൾ ഏത് ഉത്തരവ് പ്രകാരം ആണെന്നും അവ എന്തെല്ലാമാണെന്നും ഉത്തരവിന്റെ പകർപ്പ് സഹിതം വിശദമാക്കാമോ;

(ബി) വ്യാപാരത്തിൽ ഏർപ്പെട്ടിരിക്കുന്ന ആദായ നികുതിദായകനായ വ്യക്തിയുടെ വരുമാനം കണക്കാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

**കരുംകുളം വില്ലേജിലെ ബ്ലോക്ക് നമ്പർ 18-ൽ സ്ഥലം പതിച്ച് നൽകുന്നതിനായി ലഭിച്ച അപേക്ഷകൾ**

6872 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര താലൂക്കിലുൾപ്പെടുന്ന കരുംകുളം വില്ലേജിലെ ബ്ലോക്ക് നമ്പർ 18-ൽ സ്ഥലം പതിച്ച് നൽകുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് സർവേ നമ്പർ, അപേക്ഷകരുടെ പേര് വിവരങ്ങൾ എന്നിവ സഹിതം ലഭ്യമാക്കാമോ?

**ഒറ്റപ്പാലം താലൂക്കിൽ ഭൂമി തരം മാറ്റുന്നതിനുള്ള അപേക്ഷകൾ**

6873 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം താലൂക്കിൽ ഭൂമി തരം മാറ്റുന്നതിനുള്ള എത്ര അപേക്ഷകളിൽമേൽ തീർപ്പ് കൽപ്പിക്കാനുണ്ടെന്ന് വില്ലേജ് തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

**താമരക്കുളം വില്ലേജിലെ 66/1 സർവ്വേ നമ്പരിലുള്ള മിച്ച ഭൂമി കൈമാറ്റം**

6874 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ താമരക്കുളം വില്ലേജിൽ 66/1 സർവ്വേ നമ്പറിലുള്ള മിച്ച ഭ്രമി കൈമാറ്റം സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## പാലക്കാട് ജില്ലയിലെ ഡിജിറ്റൽ സർവേ പദ്ധതി

6875 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ഏതൊക്കെ വില്ലേജുകളിൽ ഡിജിറ്റൽ സർവേ പദ്ധതി ആരംഭിച്ചിട്ടുണ്ടെന്ന് താലൂക്ക് തിരിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദവിവരം അറിയിക്കാമോ?

## ഡിജിറ്റൽ റീസർവേ പദ്ധതി

6876 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കുന്ന ഡിജിറ്റൽ റീസർവേ പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ ജില്ലകളിലാണ് പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതെന്നും നിലവിലുള്ള ഉദ്യോഗസ്ഥർക്ക് പുറമേ കൂടുതൽ ഉദ്യോഗസ്ഥരെ ഇതിനായി നിയമിച്ചിട്ടുണ്ടോയെന്നും അറിയിക്കുമോ; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ; ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

## റീസർവേ പൂർത്തീകരിക്കാനും സ്ഥലത്തിന്റെ വാല്യൂവേഷൻ പുനർ നിർണ്ണയിച്ച് നൽകാനും നടപടി

6877 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റീസർവേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ഇനിയും റീസർവേ നടപടി പൂർത്തീകരിക്കാത്ത താലൂക്കുകളിൽ ആയത് പൂർത്തീകരിക്കുന്നതിനും സ്ഥലത്തിന്റെ വാല്യൂവേഷൻ പുനർനിർണ്ണയിച്ച് നൽകുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

## കോഴിക്കോട് ജില്ലയിലെ ഡിജിറ്റൽ റീസർവെയുടെ പുരോഗതി

6878 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഡിജിറ്റൽ റീസർവേയുടെ പുരോഗതി വിശദമാക്കാമോ;

(ബി) പേരാമ്പ്ര മണ്ഡലത്തിലെ ഏതൊക്കെ വില്ലേജുകളിൽ ഡിജിറ്റൽ റീസർവേ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഡിജിറ്റൽ റീസർവേ പൂർത്തിയാകാത്ത വില്ലേജുകളിൽ സർവ്വെ സ്കെച്ച് വ്യക്തികൾക്ക് നൽകുന്നതിന് തടസ്സമുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

**<u>ഡിജിറ്റൽ റീസർവേയ്ക്ക് താലൂക്ക് സർവേയർമാരെ നിയോഗിക്കുന്ന നടപടി</u>**

6879 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സർവേയർ തസ്തികകളാണുള്ളതെന്നും അതിൽ ഒഴിഞ്ഞ് കിടക്കുന്ന തസ്തികകളുടെ എണ്ണം എത്രയെന്നും അറിയിക്കാമോ;

(ബി) സംസ്ഥാനത്ത് ആരംഭിച്ച ഡിജിറ്റൽ റീസർവേക്ക് താലൂക്ക് സർവേയർമാരെ നിയോഗിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) താലൂക്ക് സർവേയർമാരെ ഡിജിറ്റൽ റീസർവേയ്ക്ക് നിയോഗിക്കുമ്പോൾ താലൂക്കിൽ ലഭിക്കുന്ന അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കാൻ കഴിയാതെ പെന്റിംഗിൽ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

**<u>കൊച്ചി മണ്ഡലത്തിലെ വില്ലേജുകളിൽ റീസർവേ നടപടികൾ</u>**

6880 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മണ്ഡലത്തിലെ ഏതെല്ലാം വില്ലേജുകളിൽ റീസർവേ നടപടികൾ ആരംഭിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം വില്ലേജുകളിൽ റീസർവേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്;

(സി) മണ്ഡലത്തിലെ റീസർവ്വേ നടപടികൾ എത്രയും വേഗം പൂർത്തീകരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

**<u>കുന്നത്തുനാട് മണ്ഡലത്തിലെ വില്ലേജുകളിൽ ഡിജിറ്റൽ റീസർവേ</u>**

6881 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ വില്ലേജുകളിൽ ഡിജിറ്റൽ റീസർവേ നടത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) ഡിജിറ്റൽ റീസർവേയുടെ ഒന്നാം ഘട്ടത്തിൽ എറണാകുളം ജില്ലയിലെ ഏതെല്ലാം വില്ലേജുകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**<u>ആശ്വാസ് വാടക വീട് പദ്ധതി</u>**

6882 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന ആശ്വാസ് വാടക വീട് പദ്ധതിയുടെ വിശദാംശവും പുരോഗതിയും വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി എല്ലാ മെഡിക്കൽ കോളേജുകളോടും ജില്ലാ ആശുപത്രികളോടും അനുബന്ധിച്ച് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

**ഭവന നിർമ്മാണ ബോർഡിന്റെ അധീനതയിലുള്ള സ്ഥലം**

6883 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിൽ ഭവനനിർമ്മാണ ബോർഡിന്റെ അധീനതയിലുള്ള സ്ഥലം ഉപയോഗശൂന്യമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥലത്ത് സിവിൽ സപ്ലൈസ് വകുപ്പിനായി ഗോഡൗൺ നിർമ്മിച്ച് നൽകുന്നത് സംബന്ധിച്ച് പ്രാഥമിക ചർച്ചകൾ നടന്നിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

**വിഴിഞ്ഞം തുറമുഖം**

6884 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണം തുടങ്ങിയിട്ട് എത്ര ദിവസമായെന്നും ഇനി എത്ര ദിവസം കൊണ്ട് നിർമ്മാണം പൂർത്തിയാക്കുവാൻ സാധിക്കുമെന്നും വിശദമാക്കാമോ;

(ബി) തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് ഏതൊക്കെ മേഖലകളിലാണ് നിലവിൽ തൊഴിലവസരങ്ങൾ ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) തുറമുഖ നിർമ്മാണം പൂർത്തിയാക്കിയശേഷം ഏതൊക്കെ മേഖലകളിൽ തൊഴിലവസരങ്ങൾ ഉണ്ടാകുമെന്ന് വിശദമാക്കുമോ?

**അഴീക്കൽ തുറമുഖത്ത് പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി**

6885 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കൽ തുറമുഖത്ത് കപ്പലുകൾക്കാവശ്യമായ ശുദ്ധജല വിതരണത്തിനായി കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് 2020-ൽ ഭരണാനുമതി നൽകിയ പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) അടിയന്തരമായി പ്രവൃത്തി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**ബുദ്ധസ്മാരകം സംരക്ഷിക്കുന്നതിന് നടപടി**

6886 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിന് സമീപമുള്ള ബുദ്ധസ്മാരകം സംരക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

**നെറുങ്കൈതക്കോട്ട ഭഗവതി ക്ഷേത്രം ചരിത്ര സ്മാരകമാക്കാൻ നടപടി**

6887 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ നെറുങ്കൈതക്കോട്ട ഭഗവതി ക്ഷേത്രം ചരിത്ര സ്മാരകമാക്കുന്നതിന് നിലവിൽ നേരിടുന്ന തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ക്ഷേത്രം ചരിത്ര സ്മാരകമാക്കുന്നതിന്റെ ഭാഗമായി റവന്യൂ വകുപ്പ് നൽകിയ രേഖകളിൽ അവ്യക്തതയുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഈ വിഷയം സംബന്ധിച്ച് റവന്യൂ വകുപ്പിന് രേഖാമൂലമുള്ള അറിയിപ്പ് നല്കിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

**വലിയ തമ്പുരാൻ കോവിലകം സംരക്ഷിത സ്മാരകമാക്കാൻ നടപടി**

6888 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.ഒ.(ആർ.റ്റി.) 101/2020/സാംസ്കാരികകാര്യ വകുപ്പ് നമ്പർ ഉത്തരവ് പ്രകാരം ആലുവ മണ്ഡലത്തിലെ കാഞ്ഞൂർ പഞ്ചായത്തിലെ വലിയ തമ്പുരാൻ കോവിലകം സംരക്ഷിത സ്മാരകമാക്കുന്നതിനുള്ള സർക്കാർ നടപടികൾക്കെതിരെ കേരള ഹൈക്കോടതിയിൽ ഡബ്ല്യൂ.പി.(സി)നമ്പർ. 19497/2021 ആയി ഫയൽ ചെയ്യപ്പെട്ട കേസിലെ ഇടക്കാല ഉത്തരവ് നീക്കിക്കിട്ടുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; പ്രസ്തുത കേസിൽ സർക്കാർ സ്വീകരിച്ച നിലപാടുകൾ സംബന്ധിച്ച രേഖകളുടെ പകർപ്പ് നൽകാമോ;

(ബി) ചരിത്ര പ്രാധാന്യമുള്ള പുരാവസ്തുവായ വലിയ തമ്പുരാൻ കോവിലകത്തിന്റെ തൽസ്ഥിതി തുടരുന്നതിനുള്ള എന്തെല്ലാം സുരക്ഷാ സംവിധാനങ്ങളാണ് ഉറപ്പുവരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

| | |
|---|---|
| കേരള നിയമസഭാ | അംഗീകരിച്ച തീയതി: 13-03-2023 |
| സെക്രട്ടേറിയറ്റ്, | എ എം ബഷീർ , |
| തിരുവനന്തപുരം | സെക്രട്ടറി |

---

**പ്രത്യേക ശ്രദ്ധയ്ക്ക്:** നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].